# വേദപ്രചാര മദ്ധ്യസ്ഥൻ

VEDAPRACHARA MADHYASTHAN

വാല്യം 96

ലക്കം 10

2024 ഏപ്രിൽ

Malayalam Monthly

Price Rs. 25/- Annual Subscription Rs. 300/-




The official organ of
the Archeparchy of Changanacherry

2024

ഏപ്രിൽ

# പ്രാർത്ഥനാശംസകൾ



ഏപ്രിൽ 23 ന് മെത്രാഭിഷേകത്തിന്റെ 7-ാം വാർഷികം
ആഘോഷിക്കുന്ന അതിരൂപതാ സഹായമെത്രാൻ
**അഭി. മാർ തോമസ് തറയിൽപിതാവിന്**
അതിരൂപതാകുടുംബത്തിന്റെ ആശംസകൾ

# നാമഹേതുക തിരുനാൾ

(ഏപ്രിൽ 24)



നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
അതിരൂപതാ സിഞ്ചെള്ളൂസ്
**താനമാവുങ്കൽ പെരിയ ബഹു. വർഗീസ് അച്ചന്**
അതിരൂപതാകുടുംബത്തിന്റെ ആശംസകൾ



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 96 ● ലക്കം 10 ● 2024 ഏപ്രിൽ

## ഉള്ളടക്കം


സർക്കുലർ - രോഗീ- വൃദ്ധജന അജപാലനശുശ്രൂഷ (24 Ch. 301-383) .. 05
സർക്കുലർ - പ്രവാസി അപ്പോസ്തലേറ്റ് (24 Ch. 302-384) ............ 08
സംയുക്തസർക്കുലർ (24 Ch. 300-382) ........................................14
കെ.സി.ബി.സി. സർക്കുലർ (മെയ്ദിന സന്ദേശം 2024) .................19
കച്ചേരിക്കാര്യം.................................................................................... 24
ബൈബിൾ കൺവെൻഷൻ റിപ്പോർട്ട്............................................31
പാസ്റ്ററൽ കൗൺസിൽ.................................................................... 34
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി......................................... 37
സന്ദേശനിലയം.......................................................................................39
ചെറുപുഷ്പ മിഷൻലീഗ്.......................................................................41
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ....................... 43
ഫാമിലി അപ്പോസ്തലേറ്റ്.................................................................44
യുവദീപ്തി - SMYM ............................................................................ 47
എൽഡേഴ്സ് ഫ്രറ്റേണിറ്റി.................................................................. 48
CARP ..................................................................................................... 49
CHASS.....................................................................................................50
ജീവകാരുണ്യനിധി ട്രസ്റ്റ്.................................................................... 59
ആതുരശുശ്രൂഷാമേഖല.......................................................................61
പ്രവാസി അപ്പോസ്തലേറ്റ് ................................................................. 65
KLM .........................................................................................................66
ആത്മതാകേന്ദ്രം .....................................................................................68
DCMS ...................................................................................................... 70
SFO............................................................................................................71
വിൻസെൻഷ്യൻ വേദി........................................................................ 73
കരിസ്മാറ്റിക് നവീകരണം.................................................................. 75
പൗരോഹിത്യ ആദ്ധ്യാത്മികത............................................................ 76
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി............................................. 82
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ........................... 87
ഐക്കൺ വിവരണം (കവർ ബാക്ക്) ................................................. 90



വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686 101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



Annual Subscription: Rs. 300/-

## സർക്കുലർ

**24 Ch. 301 - 383**

*ബഹുമാനപ്പെട്ട വൈദികരുടെ പ്രത്യേകശ്രദ്ധയ്ക്ക്*

# രോഗികൾക്കും വൃദ്ധജനങ്ങൾക്കും നൽകേണ്ട അജപാലനശുശ്രൂഷ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ

രോഗങ്ങളാലും പ്രായാധിക്യത്താലും ക്ലേശങ്ങൾ അനുഭവിക്കുന്ന ധാരാളംപേർ നമ്മുടെയിടയിലുണ്ട്. അവരെ നമ്മൾ പ്രത്യേകമായി പരിഗണിക്കുകയും അജപാലനപരമായി ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും വേണം. ഈ ശുശ്രൂഷ ഇടവകതലത്തിലാണ് ഫലപ്രദമായി ചെയ്യാൻ സാധിക്കുന്നത്. അതിനാൽ ബഹു. വികാരിയച്ചന്മാർ പ്രത്യേക താൽപര്യമെടുത്ത് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. എല്ലാവരും ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. ഓരോ ഇടവകയിലും പരസഹായമാവശ്യമുള്ള വൃദ്ധജനങ്ങളും രോഗികളും ആരൊക്കെയെന്നു കണ്ടെത്തി അവരുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കണം. അജപാലനപരമായി അവർക്കു നൽകേണ്ട ശുശ്രൂഷകൾ ഏതൊക്കെയാണെന്നും എങ്ങനെയാണെന്നും മനസ്സിലാക്കി രേഖപ്പെടുത്തിവയ്ക്കണം. വൈദികർക്കു സ്ഥലം മാറ്റമുള്ളതുകൊണ്ട് പുതുതായി വരുന്ന വൈദികർക്കു കാര്യങ്ങൾ പെട്ടെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ ഇതു സഹായിക്കും.

2. പള്ളിയിൽ വരാൻ നിവൃത്തിയില്ലാത്ത വൃദ്ധരെയും രോഗികളെയും വൈദികർ മാസത്തിലൊരിക്കൽ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ആത്മീയമായി അവരെയൊരുക്കി അനുരഞ്ജനകൂദാശയും ദിവ്യകാരുണ്യവും നൽകുകയും ചെയ്യണം. ആവശ്യമെങ്കിൽ രോഗീലേപനം കൊടുക്കാനും ശ്രദ്ധിക്കണം

3. ആണ്ടിൽ ഒന്നുരണ്ടു പ്രാവശ്യമെങ്കിലും പ്രധാനപ്പെട്ട അവസരങ്ങളിൽ സാധിക്കുന്നവരെയൊക്കെ പള്ളിയിൽ കൊണ്ടുവന്ന് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും പരിശുദ്ധ കുർബാനയിൽ പങ്കെടുപ്പിക്കുകയും ചെയ്യുക. ഉദാഹരണത്തിന് ഈസ്റ്റർ, ക്രിസ്തുമസ്, പള്ളിയിലെ മുഖ്യ തിരുനാൾ തുടങ്ങിയ അവസരങ്ങളിൽ.

4. രോഗികളെ ആശുപത്രിയിൽ കിടത്തിചികിത്സിക്കേണ്ടിവരുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട കുടുംബാംഗങ്ങൾ ബഹു. വികാരിയച്ചന്മാരെ അറിയിക്കേണ്ടതാണ്. വൈദികർ, ആശുപത്രിയിലെത്തി രോഗികളെ സന്ദർശിച്ച് ആവശ്യമായ ശുശ്രൂഷകൾ നൽകുകയുംവേണം.

5. സമർപ്പിതസമൂഹങ്ങളുള്ള ഇടവകകളിൽ ബഹു. സിസ്റ്റേഴ്സ് വീടുകളിലായിരിക്കുന്ന രോഗികളെ സന്ദർശിക്കുന്നതും അവർക്കു സാധ്യമായ ആത്മീയസഹായങ്ങൾ ചെയ്തുകൊടുക്കുന്നതും വളരെ ആശ്വാസകരവും ഫലപ്രദവുമായ ശുശ്രൂഷയായിരിക്കും.

6. രോഗികൾക്കു വീടുകളിൽ പരിശുദ്ധ കുർബാന എത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ കുടുംബാംഗങ്ങളുടെ പ്രത്യേകമായ ശ്രദ്ധയും താൽപര്യവുമുണ്ടായിരിക്കുകയെന്നതു വളരെ പ്രധാനപ്പെട്ടതാണ്. ഈശോയെ സ്നേഹാദരവുകളോടെ ഭവനങ്ങളിൽ സ്വീകരിക്കുന്നതിന് അവർ ഒരുങ്ങണം. വീടും പരിസരവും വെടിപ്പാക്കി, പ്രാർത്ഥനാപൂർവം ഈശോയെ ഭവനത്തിലേക്കു സ്വീകരിക്കുന്നതിനു ഭവനവാസികളുടെ സാന്നിധ്യമുണ്ടാകണം.

7. പ്രാർത്ഥനാമുറിയിലോ രോഗികൾ ആയിരിക്കുന്ന മുറിയിലോ ചെറിയൊരു മേശ സജ്ജീകരിച്ച്, അതിന്മേൽ ഒരു വെള്ളത്തുണി വിരിക്കുകയും മേശയുടെ നടുവിൽ ഒരു സ്ലീവായും സ്ലീവായുടെ ഇരുവശങ്ങളിൽ കത്തിച്ച ഓരോ മെഴുകുതിരിയും സ്ഥാപിക്കുകയുംവേണം. സുവിശേഷ ഗ്രന്ഥവും മേശയ്ക്കുമേലുണ്ടായിരിക്കണം. ആവശ്യമെങ്കിൽ രോഗിയുടെ കുമ്പസാരത്തിനുള്ള ക്രമീകരണങ്ങളും ചെയ്തിരിക്കണം.

8. വീടുകളിൽ തനിച്ചുകഴിയുന്ന വൃദ്ധജനങ്ങളുടെ കാര്യത്തിൽ അജപാലകർക്കു പ്രത്യേകശ്രദ്ധയുണ്ടായിരിക്കണം.

9. ഇപ്രകാരമുള്ള അജപാലനശുശ്രൂഷകളിൽ വൈദികരെ സഹായിക്കുന്നതിന്, ഇടവകകളിൽനിന്നു സമയവും സന്നദ്ധതയും ആരോഗ്യവുമുള്ളവരുടെ ഒരു ചെറിയകൂട്ടായ്മ രൂപപ്പെടുത്തുന്നതും നന്നായിരിക്കും.

10. ഇത്തരത്തിലുള്ള അജപാലനശുശ്രൂഷകൾ ആവശ്യമുള്ള കുടുംബക്കൂട്ടായ്മകളിൽ അതാതു കുടുംബക്കൂട്ടായ്മ ലീഡേഴ്സ് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണം.

11. വൃദ്ധജനങ്ങളെയും രോഗികളെയും പള്ളിയിൽ കൊണ്ടുവരുന്നതിനും മറ്റും ഇടവകകളിലെ യുവജനപ്രസ്ഥാനമായ യുവദീപ്തി-എസ്.എം.വൈ.എം. അംഗങ്ങളുടെ സേവനം തേടുന്നതു നന്നായിരിക്കും.

12. നമ്മുടെ എല്ലാ ഇടവകകളിലും 60/65 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ രൂപീകരിക്കേണ്ടതാണ്. അവർ ദൈവാലയത്തിൽ ക്രമമായി സമ്മേളിക്കുകയും അവരുടെ അറിവും അനുഭവങ്ങളും അജപാലനശുശ്രൂഷയിൽ പ്രയോജനപ്പെടുത്താൻ അജപാലകർ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

13. കുന്നന്താനത്തുള്ള, അതിരൂപതയുടെ സീയോൻ ധ്യാനകേന്ദ്രത്തിൽ മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള ധ്യാനം നടക്കുന്നുണ്ട്. അതു പ്രയോജനപ്പെടുത്താൻ ബഹു. വൈദികർ അവരെ പ്രോത്സാഹിപ്പിക്കണം.

സഭാമാതാവിനു തന്റെ രോഗികളും വൃദ്ധരുമായ മക്കളോടുള്ള സ്നേഹവും ശ്രദ്ധയുമാണ് മേൽപറഞ്ഞ കാര്യങ്ങളുടെയെല്ലാം പിന്നിലെന്നു മനസ്സിലാക്കി എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

28.03.2024
പെസഹാവ്യാഴം

---

**NB:** ***2024 ഏപ്രിൽ 07 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

## സർക്കുലർ
**24 Ch. 302 - 384**

# പ്രവാസി അപ്പോസ്തലേറ്റ് ഈ കാലഘട്ടത്തിന്റെ ആവശ്യമായ ശുശ്രൂഷാസംവിധാനം

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ

ക്രൈസ്തവദർശനത്തിൽ എല്ലാ വിശ്വാസികളും പ്രവാസികളാണ്. പൂർവപിതാക്കന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവർ പ്രവാസികളായിരുന്നു. മാർ യൗസേപ്പിതാവും പരിശുദ്ധ അമ്മയും ഉണ്ണീശോയും ചേർന്ന തിരുക്കുടുംബവും പ്രവാസജീവിതം നയിച്ചിരുന്നവരാണ്. ലോകം മുഴുവൻ പ്രവാസികളായി ചിതറിപ്പാർക്കുന്ന നമുക്കു ദൈവം ഒരു വലിയ ദൗത്യം നൽകിയിട്ടുണ്ട്. ചിതറിക്കപ്പെട്ടവർ, വചനം പ്രസംഗിച്ചുകൊണ്ട് ചുറ്റിസഞ്ചരിച്ചു *(നടപടി 8:4)*. ആയിരിക്കുന്ന ഇടങ്ങളിൽ വചനം പങ്കുവയ്ക്കുവാൻ ഓരോ പ്രവാസിയെയും ദൈവം അയച്ചിരിക്കുന്നതാണെന്ന ബോധ്യത്തോടെ ജീവിക്കുവാനും നമുക്കു കടമയുണ്ട്. അതോടൊപ്പം സ്വർഗത്തിലേക്കുള്ള യാത്രയിൽ ചുറ്റുമുള്ളവരെ ചേർത്തുപിടിച്ചുകൊണ്ട് നന്മയുടെ വഴി കാണിച്ചുകൊടുക്കേണ്ട ദൗത്യവും നമ്മുടേതാണ്. നമ്മുടെ അതിരൂപതയിലെ പ്രവാസികളെയും പ്രവാസത്തിൽനിന്ന് തിരിച്ചുവന്നവരെയും ഒന്നിച്ചുകൂട്ടി അവരുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി 2015 ഓഗസ്റ്റ് 15-ന് ആരംഭിച്ച ശുശ്രൂഷാസംവിധാനമാണ് പ്രവാസി അപ്പോസ്തലേറ്റ്.

മാർ തോമാശ്ലീഹാ തന്റെ പ്രവാസജീവിതത്തിലൂടെ ഈശോയെ പകർന്നുകൊടുത്തതുപോലെ പ്രവാസജീവിതം പ്രേഷിതജീവിതമാണെന്നു മനസ്സിലാക്കി ഈശോയെ പകർന്നുകൊടുക്കാൻ നമുക്കു പരിശ്രമിക്കാം. അതിനുള്ള ശക്തി തിരുസ്സഭയിൽനിന്നും കൂദാശകളിൽനിന്നും സ്വീകരിച്ച് അതിരൂപതയോടും ഇടവകയോടും പ്രവാസികളായിരിക്കുന്ന സ്ഥലത്തെ സഭയിലെ ശുശ്രൂഷാസംവിധാനങ്ങളോടും ചേർന്നുനിന്നുകൊണ്ട് ഈ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പങ്കുചേരാം.

## പ്രവാസി അപ്പോസ്തലേറ്റിന്റെ ആരംഭം

നമ്മുടെ അതിരൂപതയിൽനിന്നു ജോലിക്കും താമസത്തിനും പഠനത്തിനും ഗൾഫിലേക്കും മറ്റു രാജ്യങ്ങളിലേക്കും കുടിയേറിയവരെ അവരായിരിക്കുന്നയിടങ്ങളിൽ ചെന്നു സന്ദർശിക്കുവാൻ പലപ്പോഴും എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. തദവസരത്തിൽ പലവിധ ദുരിതങ്ങളിലും പ്രതികൂലസാഹചര്യങ്ങളിലും കഴിയുന്ന പ്രവാസികളെ കാണാനിടയായി. സാമ്പത്തികബുദ്ധിമുട്ടുകൾ മാത്രമല്ല, മാതൃസഭയുടെ അജപാലനശുശ്രൂഷ ലഭിക്കാത്ത അവസ്ഥ, സഭാപരവും വിശ്വാസപരവും ധാർമികവുമായ ജീവിതത്തിലെ വെല്ലുവിളികളും പ്രതികൂലസാഹചര്യങ്ങളും തുടങ്ങിയ വിവിധ പ്രശ്നങ്ങൾ പ്രവാസികൾ അഭിമുഖീകരിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. സഭയായ അമ്മ തന്റെ ഈ പ്രവാസിമക്കളെയും ചേർത്തുപിടിക്കേണ്ടതാണ്. അവരെ അന്വേഷിച്ചുകണ്ടെത്തി സഭാകൂട്ടായ്മയിൽ ഒരുമിച്ചുകൊണ്ടുപോകേണ്ടതാണെന്ന ബോദ്ധ്യമാണ് പ്രവാസി അപ്പോസ്തലേറ്റിന് ആരംഭംകുറിക്കാൻ പ്രചോദനമായത്. അതിന്റെ പിന്നിൽ നല്ലിടയനായ ഈശോയുടെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ പ്രവർത്തനവുമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

## പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രാധാന്യം

പ്രവാസജീവിതം തെരഞ്ഞെടുക്കുന്ന കേരളത്തിലെ യുവതീയുവാക്കന്മാരുടെയും കുടുംബങ്ങളുടെയും എണ്ണം കൂടിയിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രവാസി അപ്പോസ്തലേറ്റ് ഇന്നിന്റെ ആവശ്യമായിരിക്കുന്നു. 2015-ൽ ആരംഭിച്ച അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന് ഇക്കാലംകൊണ്ട് നല്ലൊരു അടിത്തറപാകാനും പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും കഴിഞ്ഞു. കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ഓഫീസ് സംവിധാനവും പ്രവർത്തനങ്ങൾക്കു വ്യക്തമായ രൂപരേഖയും പ്രവർത്തനങ്ങൾ ചിട്ടയിലും വ്യക്തതയിലും ആസൂത്രണം ചെയ്യുന്നതിനു വഴികാട്ടിയായി ഒരു നിയമാവലിയും ഈ സേവനവകുപ്പിനുണ്ട്. സീറോമലബാർസഭയിലെ മറ്റു പല രൂപതകളിലും പ്രവാസികൾക്കായി സമാനപ്രവർത്തനങ്ങൾക്ക് ആരംഭംകുറിക്കാൻ ചങ്ങനാശ്ശേരിയിലെ പ്രവാസി അപ്പോസ്തലേറ്റ് പ്രവർത്തനങ്ങൾ പ്രചോദനവും മാർഗദർശിയുമായിട്ടുണ്ടെന്നതിൽ നമുക്കു സന്തോഷിക്കാം.

മടങ്ങിവന്ന പ്രവാസികളുടെ ക്ഷേമത്തിലാണ് നമ്മൾ ആരംഭത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചതെങ്കിലും, പിന്നീട് ഇപ്പോൾ പ്രവാസികളായിരിക്കുന്നവരുടെ അവസ്ഥയും ആവശ്യങ്ങളുമറിഞ്ഞ് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ചങ്ങനാശ്ശേരി കേന്ദ്രമാക്കി മാത്രം തുടങ്ങിയ പ്രവർത്തനങ്ങൾ കൊവിഡ് വ്യാപനം ആരംഭിച്ച 2020 ന്റെ ആരംഭത്തിൽതന്നെ ഗൾഫ് രാജ്യങ്ങളിലേക്കും തുടർന്ന് ആഗോളതലത്തിലേക്കും വ്യാപിപ്പിച്ചു. ഗൾഫ് രാജ്യങ്ങൾ, ഓസ്ട്രേലിയ, ന്യൂസീലൻഡ്, അയർലൻഡ്, യുണൈറ്റഡ് കിങ്ഡം, കാനഡ, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾക്കും ആഫ്രിക്കൻ ഭൂഖണ്ഡത്തിനും സിംഗപ്പൂർ കേന്ദ്രമാക്കിയ ഫാർ ഈസ്റ്റ് രാജ്യങ്ങൾക്കും മറ്റു യൂറോപ്യൻ രാജ്യങ്ങൾക്കും ന്യൂ ഡൽഹി കേന്ദ്രമാക്കി ഇന്ത്യയ്ക്കും പ്രത്യേകഗ്രൂപ്പുകളും എക്സിക്യുട്ടിവ് കമ്മിറ്റികളുമുണ്ട്. നമ്മുടെ അതിരൂപതയിലെ എല്ലാ വ്യക്തികളിലേക്കും എത്തിച്ചേരുകയെന്ന ലക്ഷ്യത്തോടെ പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ ഇനിയും വ്യാപിപ്പിക്കേണ്ടതുണ്ട്.

ലോകമെമ്പാടുമുള്ള രാജ്യങ്ങളിലേക്ക് പഠനത്തിനും ജോലിക്കുമായി പോയ അതിരൂപതാംഗങ്ങളായ വ്യക്തികളെയും കുടുംബങ്ങളെയും സഭയോടും അതിരൂപതയോടും ചേർത്തുനിർത്തുകയും അവരുടെ ആവശ്യങ്ങളിൽ പരമാവധി സഹായമെത്തിക്കുകയും ചെയ്യുക, ഏതെങ്കിലും കാരണത്താൽ പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിയെത്തുന്ന പ്രവാസികളെ ഒരുമിച്ചുകൂട്ടി അവരെ സ്വയം പര്യാപ്തരാക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യുക, പ്രവാസജീവിതത്തിലായിരിക്കുന്നവരുടെ മാതാപിതാക്കളുടെ രോഗം, വാർദ്ധക്യം തുടങ്ങിയ അവസ്ഥകളിൽ അവരുടെ ക്ഷേമവും സുസ്ഥിതിയും ലക്ഷ്യംവച്ചു പ്രവർത്തിക്കുക തുടങ്ങിയ നിരവധി കാര്യങ്ങളാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനലക്ഷ്യങ്ങൾ. പ്രവാസികളുടെ ആത്മീയവും ഭൗതികവുമായ ക്ഷേമവും നന്മയുമാണ് പ്രവാസി അപ്പോസ്തലേറ്റ് ആഗ്രഹിക്കുന്നത്.

കൊവിഡ് മഹാമാരിയുടെ സമയത്ത് സൗജന്യമായി ഗൾഫിൽനിന്നും അനേകരെ നാട്ടിലേക്കുകൊണ്ടുവരാനും ഗൾഫ്നാടുകളിൽ മരണപ്പെട്ടവരുടെ ഭൗതികശരീരം നാട്ടിലെത്തിക്കാനും ധാരാളം കുടുംബങ്ങളെ സഹായിക്കാനും പ്രവാസജീവിതത്തിൽ ജയിലുകളിൽ അകപ്പെട്ടുപോയവരെ മോചിപ്പിച്ചുകൊണ്ടുവരുവാനും പ്രവാസി അപ്പോസ്തലേറ്റിനു കഴിഞ്ഞിട്ടുണ്ട്. റഷ്യ- യുക്രെൻ യുദ്ധം പൊട്ടിപ്പുറപ്പെട്ട ഉടൻതന്നെ സർക്കാർസംവിധാനങ്ങളുമായി സഹകരിച്ച് നമ്മുടെ ധാരാളം കുട്ടികളെ ആദ്യംതന്നെ നാട്ടിലെത്തിക്കാൻ സാധിച്ചത് കേരളത്തിലെ പല മാധ്യമങ്ങളും പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങളെ പ്രശംസിക്കാനിടയാക്കിയിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് താമസസൗകര്യമൊരുക്കാനും ഗൾഫ് നാടുകളിൽ പോകുന്ന യുവതീ

യുവാക്കൾക്ക് ജോലി ശരിയാക്കാനും പ്രവാസി അപ്പോസ്തലേറ്റിലൂടെ സാധിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഈ ശുശ്രൂഷാസംവിധാനം ഇന്ന് മുമ്പോട്ടുപോകുന്നത്.

സീറോമലബാർസഭയുടെ വിശ്വാസപരിശീലനം ലഭ്യമല്ലാത്ത രാജ്യങ്ങളിലെ കുട്ടികൾക്കായി പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി എഫ്.സി.സി. ദേവമാതാ പ്രോവിൻസിലെ ബഹു. സിസ്റ്റേഴ്സ് നടത്തുന്ന സെന്റ് ജോസഫ് ഓൺലൈൻ സൺഡേ സ്കൂൾ ഇത്തരുണത്തിലുള്ള സഭയുടെതന്നെ ആദ്യത്തെ ചുവടുവെപ്പാണ്.

പ്രവാസജീവിതത്തിൽ ബുദ്ധിമുട്ടുകളും സഹനങ്ങളും പ്രതിസന്ധികളുമുണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ അവർ ഒറ്റയ്ക്കാണെന്നു ചിന്തിക്കാതെ സ്നേഹവും കരുതലുമായി അതിരൂപതാകുടുംബവും അതാതു രാജ്യങ്ങളിലുള്ള അതിരൂപതയിലെ ദൈവജനത്തിന്റെ വലിയകൂട്ടായ്മയും കൂടെയുണ്ടെന്ന ബോധ്യവും നമ്മുടെ ഓരോ പ്രവാസിമക്കൾക്കുമുണ്ടായാൽ അതവർക്ക് വലിയ ആശ്വാസമായിരിക്കും. അതിനായി എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

### പ്രവാസി അപ്പോസ്തലേറ്റിന്റെ വളർച്ചയ്ക്ക് കൂട്ടായപ്രവർത്തനം ആവശ്യം

പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുദൃഢവും വ്യാപകവുമാക്കുകയെന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കിയിരിക്കുന്ന നിയമാവലിക്കനുസരിച്ച് ഇടവകതലത്തിൽ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമിടാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം. ഇടവകയൂണിറ്റുകളെ പ്രവാസി അപ്പോസ്തലേറ്റിന്റെ അടിസ്ഥാന പ്രവർത്തനതലമായികണ്ട് മേൽഘടകങ്ങളായ ഫൊറോന, അതിരൂപതാതലങ്ങളിൽ നിയമാവലിക്കനുസൃതമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. അതുവഴി പ്രവാസിശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കാൻ കഴിയും. ഈ ലക്ഷ്യത്തോടെ നമ്മുടെ അതിരൂപതയിലെ 18 ഫൊറോനകളിലും പ്രവാസി അപ്പോസ്തലേറ്റിന് നേതൃത്വം കൊടുക്കാൻ പുതിയ ഫൊറോനാ ഡയറക്ടർ അച്ചന്മാരെ നിയമിച്ചിരിക്കുകയാണ്. അവരുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിയോടെ മുന്നോട്ടുകൊണ്ടുപോകാൻ അതിരൂപതാ ഡയറക്ടർ, ഫൊറോന, ഇടവക ഡയറക്ടേഴ്സ് എന്നിവർക്കു സാധിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

അഞ്ചുജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന നമ്മുടെ അതിരൂപതയിലെ ഇടവകകളിൽ അനേകം പ്രവാസികളും തിരിച്ചുവന്ന പ്രവാസി

കളുമുണ്ട്. എല്ലാ രാജ്യങ്ങളിലുമുള്ള അതിരൂപതാംഗങ്ങളായ പ്രവാസികളെ കണ്ടെത്തി ഓരോ രാജ്യത്തിലെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ അവരെ ചേർത്തുകൊണ്ട് അവരിൽനിന്ന് ഓരോ രാജ്യങ്ങളിലും നേതൃത്വംകൊടുക്കുന്നതിന് നിയമാവലിയനുസരിച്ച് തെരഞ്ഞെടുപ്പുകൾ നടത്തി എക്സിക്യുട്ടിവംഗങ്ങളെ കണ്ടെത്തിവരികയാണ്. ഓരോ രാജ്യത്തിലും എത്തിച്ചേർന്നിരിക്കുന്ന അതിരൂപതാംഗങ്ങൾ അവിടെ നിലവിലിരിക്കുന്ന സീറോമലബാർസഭയുടേതായ അജപാലനസംവിധാനങ്ങളോടു ചേർന്നുനിന്ന് അവ പ്രയോജനപ്പെടുത്തി മാതൃസഭാകൂട്ടായ്മയിൽ നിലനിൽക്കുന്നതിന് വഴിയൊരുക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. അതോടൊപ്പം എല്ലാ ഇടവകകളിലുമുള്ള ഓരോ കുടുംബത്തിന്റെയും സഹായത്തോടെ പ്രവാസികളുടെ വാട്സ്ആപ്പ് ഗ്രൂപ്പുകൾ തുടങ്ങുകയും തിരിച്ചുവന്ന പ്രവാസികളെ സംഘടിപ്പിച്ച് ഇടവക, ഫൊറോന, അതിരൂപതാതല പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## 2024 പ്രവർത്തനവർഷം

പ്രവാസി അപ്പോസ്തലേറ്റിന്റെ 2024 പ്രവർത്തനവർഷത്തിൽ ഇടവകവികാരിമാരും ഇതുമായിബന്ധപ്പെട്ട മറ്റുള്ളവരും താഴെപ്പറയുന്ന കാര്യങ്ങൾ സമയബന്ധിതമായി ചെയ്യുമല്ലോ.

2024 മെയ് മുപ്പതിനുള്ളിൽ ഓരോ ഇടവകയിലെയും പ്രവാസികളുടെ കൂട്ടായ്മ രൂപീകരിച്ച് ഇടവകയൂണിറ്റുകൾ ആരംഭിക്കുകയും ഇടവക വർക്കിങ്കമ്മിറ്റി, എക്സിക്യുട്ടിവ് എന്നീ സംവിധാനങ്ങൾ തുടങ്ങുകയും ചെയ്യുക. 2024 ജൂൺ മുപ്പതിനുള്ളിൽ ഫൊറോനാ വികാരിമാരുടെ അറിവോടെയും ഫൊറോനാ ഡയറക്ടറച്ചന്മാരുടെ മേൽനോട്ടത്തിലും നിയമാവലിയനുസരിച്ച് ഫൊറോനാതലസമിതികൾ രൂപീകരിക്കുക.

ഈ കാലഘട്ടത്തിന്റെ അനിവാര്യമായ ഒരു ശുശ്രൂഷയെന്ന നിലയിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ ഇടവകതലത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനും ആവശ്യമായ സമിതികൾ രൂപീകരിച്ച് വിശദവിവരങ്ങൾ അതിരൂപതാ ഓഫീസിലെത്തിക്കാനും ബഹു. വികാരിയച്ചന്മാർ പ്രത്യേകം താൽപര്യമെടുക്കണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു. അതിരൂപതയിലെ പ്രവാസികൾക്കും തിരിച്ചുവന്ന പ്രവാസികൾക്കും അവരുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കുവേണ്ട എല്ലാ നന്മകളും ഈ കൂട്ടായ്മയിൽനിന്നു സ്വീകരിക്കാനിടയാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ഉയിർപ്പുകാലാശംസകൾ നേരുകയും ചെയ്യുന്നു.

നമ്മുടെ കർത്താവീശോമ്ശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സഹവാസവും നിങ്ങളെല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

**ഫൊറോനാ ഡയറക്ടർമാർ**

| | | |
|---|---|---|
| അതിരമ്പുഴ | : | ഫാ. മാത്യു ഊഴികാട്ട് |
| അമ്പൂരി | : | ഫാ. വർഗീസ് നമ്പിശ്ശേരിക്കളം |
| ആലപ്പുഴ | : | ഫാ. ജോസഫ് പള്ളിച്ചിറയിൽ |
| ചങ്ങനാശ്ശേരി | : | ഫാ. ജോസഫ് പകലോമറ്റം |
| ചമ്പക്കുളം | : | ഫാ. ദേവസ്യ പുളിക്കാശ്ശേരി |
| ചെങ്ങന്നൂർ | : | ഫാ. ആന്റണി മുതലക്കാവിൽ |
| എടത്വാ | : | ഫാ. ജയിംസ് കുടിലിൽ |
| കൊല്ലം-ആയൂർ | : | ഫാ. വർഗീസ് കൊച്ചുപറമ്പിൽ |
| കോട്ടയം | : | ഫാ. ജേക്കബ് ചീരംവേലിൽ |
| കുടമാളൂർ | : | ഫാ. സിറിയക് വലിയപറമ്പിൽ എം.സി.ബി.എസ്. |
| കുറുമ്പനാടം | : | ഫാ. ആന്റണി കിഴക്കേതലയ്ക്കൽ |
| മണിമല | : | ഫാ. മാത്യു ചൂരവടി |
| മുഹമ്മ | : | ഫാ. ദേവസ്യ തുണ്ടിയിൽ |
| നെടുങ്കുന്നം | : | ഫാ. ജോസഫ് ചാലയ്ക്കൽ |
| പുളിങ്കുന്ന് | : | ഫാ. തോമസ് കാട്ടൂർ |
| തൃക്കൊടിത്താനം | : | ഫാ. തോമസ് പ്ലാത്തോട്ടത്തിൽ |
| തിരുവനന്തപുരം | : | ഫാ. ഗ്രിഗറി മേപ്പുറം |
| തുരുത്തി | : | ഫാ. തോമസ് കമ്പിയിൽ |

**NB:** ***2024 ഏപ്രിൽ 14 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

## സംയുക്ത സർക്കുലർ

**24 Ch. 300-382**

# സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ മത്സരപ്പരീക്ഷാവിജയത്തിന് ഉറപ്പുള്ള പാത

മ്ശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഏതു രാഷ്ട്രത്തിന്റെയും ബലിഷ്ഠമായ അടിത്തറ ഉചിതവിദ്യാഭ്യാസത്തിലൂടെ സ്വഭാവസംസ്കരണവും പൂർണവ്യക്തിത്വവികാസവും കാലോചിതമായ അറിവുകളും ലോകബോധവും ആർജിച്ച സമൂഹമാണ്. ഈ ബോധ്യത്തോടെ ആത്മീയ-ഭൗതികവിജ്ഞാനങ്ങളെ സമഞ്ജസമായി കൂട്ടിയിണക്കി രാജ്യസ്നേഹവും മതസൗഹാർദവും ആദർശാത്മകമൂല്യങ്ങളും ഊട്ടിയുറപ്പിക്കുന്ന ബോധനരീതിയിലൂടെ ഭാരതത്തിലെ സർവജനങ്ങളുടെയും അഭിവൃദ്ധിക്ക് ഉപയുക്തമായ വിദ്യാഭ്യാസമാണ് സഭ നൽകിവരുന്നത്. തീണ്ടലും തൊടീലും നിലനിന്നിരുന്ന കാലത്ത് മനുഷ്യനെ മനുഷ്യനായി കണ്ട് പിന്നാക്കം നിന്നിരുന്ന-അവഗണിക്കപ്പെട്ടിരുന്ന-വിഭാഗങ്ങൾക്കും വിദ്യാലയപ്രവേശനം നൽകി വിദ്യയെ സാർവത്രികമാക്കുവാനും സാമൂഹികപുരോഗതിക്ക് കുതിപ്പേകുവാനും മുന്നിട്ടിറങ്ങിയ ചരിത്രമാണ് ക്രൈസ്തവസമൂഹത്തിനും നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുമുള്ളത്. പ്രാദേശികനാട്ടുപാരമ്പര്യങ്ങളും പടിഞ്ഞാറുനിന്ന് മിഷണറിമാരിലൂടെ കടന്നുവന്ന പുത്തൻ വൈജ്ഞാനികലോകവും തമ്മിലുള്ള അഭിമുഖീകരണത്തിലൂടെയാണ് നമ്മുടെ പൂർവികർ ഭാരതത്തിലുടനീളം അറിവിന്റെ വാതായനങ്ങൾ തുറന്നത്. ആതുരസേവനം, കൃഷി തുടങ്ങിയ രംഗങ്ങളിലും ഏവരുടെയും പ്രശംസ നേടത്തക്ക മുന്നേറ്റം ക്രൈസ്തവരിൽനിന്നുണ്ടായി. സഭാനേതൃത്വവും അല്മായസമൂഹവും കാലാകാലങ്ങളിൽ നടത്തിയ കൂട്ടായ പരിശ്രമങ്ങളാണ് വലിയൊരളവോളം സാമൂഹിക-സാംസ്കാരിക-സാമ്പത്തികരംഗങ്ങളിലെ കുതിപ്പിന് ഊടുംപാവുമിട്ടത്. എന്നാലിന്ന് സങ്കുചിതവും വിഭാഗീയവും ഗൂഢവുമായ ചില നീക്കങ്ങൾ നമ്മുടെ രാഷ്ട്രീയ-മതാത്മക-വിദ്യാഭ്യാസ അന്തരീക്ഷത്തിന്റെ പരിപാവനതയ്ക്ക് കളങ്കം ചാർത്തുന്നുണ്ടോയെന്ന് നാം സംശയിക്കണം. കേന്ദ്ര-സംസ്ഥാന

വിദ്യാഭ്യാസനയങ്ങളിലും പാഠ്യപദ്ധതിയിലും ചില രാഷ്ട്രീയ-മത സ്വാധീനങ്ങൾ കടന്നുകൂടുന്ന വർത്തമാനകാല യാഥാർത്ഥ്യങ്ങൾ നമ്മെ അമ്പരപ്പിക്കുന്നു.

പ്രാഥമികവിദ്യാഭ്യാസത്തിനുപുറമെ ഉന്നതവിദ്യാഭ്യാസത്തിലും സാങ്കേതികവിദ്യാഭ്യാസരംഗത്തും കേരളത്തിനകത്തും പുറത്തും ക്രൈസ്തവസ്ഥാപനങ്ങൾ എന്നും മികവിന്റെ കേന്ദ്രങ്ങളാണ്. ശാസ്ത്ര സാങ്കേതികമേഖലകളിലെ വൻകുതിപ്പും ഉദാരീകരണവും ആഗോളീ കരണവും യുവജനങ്ങൾക്കുമുമ്പിൽ തുറന്നിട്ട പുത്തൻ തൊഴിൽസാധ്യത കൾ തിരിച്ചറിഞ്ഞ് എൻജിനീയറിങ്, മെഡിക്കൽ വിദ്യാഭ്യാസരംഗങ്ങളിൽ നാം ചെലുത്തിയ ശ്രദ്ധ കാലോചിതം തന്നെയായിരുന്നു. എന്നാൽ യുവ തലമുറ ആർജിച്ച സാങ്കേതികവും വൈജ്ഞാനികവും ബൗദ്ധികവും ധിഷണാപരവുമായ മികവ് നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കും സാമൂഹികവളർച്ചയ്ക്കും വിനിയോഗിക്കാനുള്ള പ്രതിബദ്ധത വേണ്ടത്ര ഇല്ലാതെപോയിയെന്നത് സങ്കടകരംതന്നെ. വിദ്യാസമ്പന്നമായ യൗവനം തൊഴിൽതേടി വലിയതോതിൽ വിദേശത്തേക്ക് ഒഴുകിത്തുടങ്ങിയതിനു പിന്നാലെ വലിയ മുതൽമുടക്കി വിദ്യാഭ്യാസത്തിനായി നാടുവിട്ടു പോകുന്ന പ്രവണതയും ശക്തമായിത്തുടങ്ങി. അനഭിലഷണീയവും ദൂര വ്യാപക ദോഷഫലങ്ങൾ സൃഷ്ടിക്കുന്നതുമായ ഈ രീതി ക്രൈസ്തവ സമൂഹത്തെയാണ് ഏറെ പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. പൊതു പ്രവർത്തനരംഗത്തും സർക്കാർ-അർദ്ധസർക്കാർ-സ്വകാര്യതൊഴിൽരംഗ ങ്ങളിലും ക്രൈസ്തവസാന്നിദ്ധ്യം നാൾക്കുനാൾ കുറഞ്ഞുവരുന്നു. നമ്മുടെ കുട്ടികൾ എന്താവണമെന്ന് ആലോചിക്കുന്നതോടൊപ്പം എങ്ങനെ ആ നിലയിലെത്താം എന്നുകൂടി അറിയണം. സാക്ഷരത യിലും പഠനനിലവാരത്തിലും പിന്നാക്കം നിൽക്കുന്ന സംസ്ഥാനങ്ങൾ പോലും ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. പോലുള്ള സിവിൽ സർവീസ് പരീക്ഷകളിൽ കേരളത്തേക്കാൾ മുന്നിലെത്തുന്നത് സ്കൂൾതലം മുതൽ മത്സരപ്പരീക്ഷകൾക്കുള്ള തയ്യാറെടുപ്പുകൾ ആരംഭി ക്കുന്നതുകൊണ്ടാണെന്ന് നാം മറക്കരുത്. നമ്മുടെ രാജ്യത്തുള്ള ഉന്നതപഠനസൗകര്യങ്ങളും മികച്ച വിദ്യാഭ്യാസ-തൊഴിൽസാധ്യത കളും യുവതലമുറയെ പരിചയപ്പെടുത്തുന്നതിനാവശ്യമായ കരിയർ ഗൈഡൻസിനും മത്സരപ്പരീക്ഷാപരിശീലനത്തിനുമാണ് ഇന്ന് പ്രഥമ പരിഗണനയുണ്ടാവേണ്ടത്. നല്ല സ്കോളർഷിപ്പോടെ ഉന്നതവിദ്യാ ഭ്യാസം നേടാൻ രാജ്യത്തെ മുന്തിയ സർവകലാശാലകളിലും സ്ഥാപന ങ്ങളിലും നിലവിലുള്ള അവസരങ്ങളും തൊഴിൽസാധ്യതകളും പുതുതലമുറ അറിയാതെപോകരുത്. ഇതിന് സഹായകമായ പൊതു ബോധം വിദ്യാർത്ഥികളിലും മാതാപിതാക്കളിലും സൃഷ്ടിക്കുവാൻ അദ്ധ്യാപകർക്കും വിദ്യാഭ്യാസപ്രവർത്തകർക്കും ഉത്തരവാദിത്വമുണ്ട്.

ഒരുകാലത്ത് തീർത്തും ശുഷ്കമായിരുന്ന സിവിൽ സർവീസ് രംഗത്തെ കേരളത്തിന്റെ പ്രാതിനിധ്യം കണ്ടറിഞ്ഞ് ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പാലായിൽ ആരംഭിച്ച സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് 5-ാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക് ലക്ഷ്യോന്മുഖമായ പഠനത്തിനും വിവിധ മത്സരപ്പരീക്ഷാ പരിശീലനത്തിനുമുള്ള കോഴ്സുകൾ നൽകിവരുന്നു. കഴിഞ്ഞ 26 വർഷത്തെ മികച്ചപ്രവർത്തനത്തിലൂടെ മുന്നൂറ്റമ്പതുപേരെ ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ സിവിൽ സർവീസുകളിലും മറ്റനേകരെ ഇതര തൊഴിൽമേഖലകളിലുമെത്തിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞുവെന്നതിൽ നമുക്ക് അഭിമാനിക്കാം. ഈ വർഷം സിവിൽ സർവീസ് ഫുൾടൈം പരിശീലനത്തിനുചേരുന്ന വിദ്യാർത്ഥികൾക്ക് 50 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നൽകുന്ന വിവരം അറിയിക്കുവാൻ സന്തോഷമുണ്ട്. മെയ് 5-ാം തീയതി ഓൺലൈനായും 13-ാം തീയതി ഓഫ്ലൈനായും നടത്തുന്ന യോഗ്യതാപരീക്ഷയുടെ അടിസ്ഥാനത്തിൽ 25 പേർക്ക് സൗജന്യമായും 50 പേർക്ക് ഭാഗിക ഫീസാനുകൂല്യത്തോടെയും പരിശീലനം നേടാൻ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന അവസരം നമ്മുടെ കുട്ടികൾ പരമാവധി പ്രയോജനപ്പെടുത്തണം. മറ്റു കോഴ്സുകളിലും അർഹരായവർക്ക് ഫീസ് ഇളവും സ്കോളർഷിപ്പുകളും നൽകുന്നുണ്ട്.

ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ 21 സിവിൽ സർവീസുകളിലേക്ക് 2025 ൽ നടക്കുന്ന പരീക്ഷയ്ക്കുള്ള കോച്ചിങ്ക്ലാസ്സുകളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയോ ഉപരിയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം ദീർഘിക്കുന്ന ഫുൾടൈം കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നുഘട്ടപരീക്ഷകൾക്കുമുള്ള പരിശീലനമാണ് നൽകുന്നത്. ഡിഗ്രിപഠനകാലത്തുതന്നെ ഐ.എ.എസ്. പരീക്ഷയ്ക്കൊരുക്കുന്ന ആഡ് ഓൺ കോഴ്സും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്, കേരള പി.എസ്.സി. എന്നിവയ്ക്കുള്ള പരിശീലനവും കുറ്റമറ്റരീതിയിൽ തുടർന്നുകൊണ്ടിരിക്കുന്നു. ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സ്, ഒൻപത്, പത്ത് ക്ലാസ്സുകാർക്ക് 'ബ്യൂട്ടിഫുൾ മൈൻഡ്സ്' കോഴ്സ്, 5 മുതൽ 8 വരെ പഠിക്കുന്നവർക്ക് ഈ ജൂൺമാസത്തിൽ ആരംഭിക്കുന്ന 'ബ്ലൂമിങ് മൈൻഡ്സ്' ഓൺലൈൻ കോഴ്സ്, സ്കൂൾകുട്ടികൾക്കുള്ള സമഗ്രവ്യക്തിത്വ വികസനക്യാമ്പ് എന്നിവ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നു. 8 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്ക് പങ്കെടുക്കാവുന്ന റെസിഡെൻഷ്യൽ ക്യാമ്പ് ഈ വർഷം ഏപ്രിൽ 11 ന് തുടങ്ങി 14 ന് അവസാനിക്കും. ഇന്ത്യയിലെ അമ്പതോളം മികച്ചയൂണിവേഴ്സിറ്റികളിൽ പ്രവേശനത്തിനുള്ള സി.യു.ഇ.റ്റി. എന്ന മത്സരപ്പരീക്ഷയ്ക്കുള്ള പരിശീലനവും ഈ വർഷമാരംഭിക്കും.

പുതുതലമുറയെ മികവിലേക്ക് നയിക്കുന്ന ഇത്തരം പ്രോഗ്രാമുകളിൽ കഴിയുന്നത്ര കുട്ടികൾ പങ്കാളികളാവണമെന്ന് താൽപര്യപ്പെടുന്നു.

വിദ്യാഭ്യാസത്തിലെ പരമ്പരാഗതമായ രീതിശാസ്ത്രങ്ങൾ പൊളിച്ചെഴുതി എഴുത്തുപ്രതലംതന്നെ സ്ക്രീനായി മാറുകയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും നിർമിതബുദ്ധിയുടെയും ലോകം പഠിതാക്കൾക്കുമുമ്പിൽ തുറക്കപ്പെടുകയും ചെയ്യുന്ന വർത്തമാനകാല യാഥാർത്ഥ്യത്തെയാണ് ഇന്ന് നാം അഭിമുഖീകരിക്കുന്നത്. വൈജ്ഞാനിക-സാങ്കേതികമേഖലകളുടെ ഉൾത്തളങ്ങളിൽ നടക്കുന്ന മാറ്റങ്ങളുമായി പൊരുത്തപ്പെട്ടുകൊണ്ടുള്ള പഠനമുറകളാണ് ഇന്നിന്റെയാവശ്യം. പത്രവും പുസ്തകവും കാഴ്ചവസ്തുക്കളാവുകയും ഇലക്ട്രോണിക് മാധ്യമങ്ങൾ ദൃശ്യബിംബങ്ങളുടെ അകമ്പടിയോടെ വായനയുടെയും പഠനത്തിന്റെയും വിശാലവഴികളിലേക്ക് കടന്നുവരുകയും ചെയ്യുന്നതിനനുരൂപമായ പഠനപ്രക്രിയയെക്കുറിച്ചാണ് നാം ഇനി ചിന്തിക്കേണ്ടത്.

ഇന്നിന്റെ സാമൂഹിക-സാംസ്കാരികപരിണാമവും പുതിയ അഭിരുചികളും ആവശ്യങ്ങളും സാധ്യതകളും അറിവിടങ്ങളും ഇതിന്റെയെല്ലാം സദ്ഫലങ്ങളായ പുതിയ തൊഴിൽസാധ്യതകളുമാണ് വിദ്യാഭ്യാസത്തിന്റെ കണ്ണികളായി ഇന്ന് കൂട്ടിച്ചേർക്കപ്പെടേണ്ടത്. പുതിയകാലത്തിന്റെ വിസ്മയത്തിലേക്ക് വഴിതെറ്റാതെ സഞ്ചരിക്കാനുള്ള ദിശാബോധവും പ്രചോദനവും പഠനതൽപരതയും വിദ്യാർത്ഥികൾക്ക് നൽകുന്ന ബോധനരീതിയാണ് 'ബ്ലൂമിങ് മൈൻഡ്സ്' എന്ന പേരിൽ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തിരിക്കുന്ന ഓൺലൈൻ കോഴ്സ്. കെട്ടുറപ്പോടെ അടിസ്ഥാനമിട്ട് പണിതുയർത്തുന്ന വിദ്യാഭ്യാസ അടിത്തറയിലൂടെ പുതിയതലമുറയെ വിജയത്തിലേക്കു കൈപിടിച്ചുയർത്താൻ ലക്ഷ്യമിടുന്നതാണ് ഈ സംരംഭം. 5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്രവ്യക്തിത്വവികാസവും പഠനമികവും ഉറപ്പുവരുത്തുന്നതോടൊപ്പം ഉപരിപഠനസാധ്യതയും തൊഴിൽമേഖലകളും പരിചയപ്പെടുത്തുന്ന സെഷനുകളും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പാഠ്യപദ്ധതികൾ ക്രോഡീകരിച്ച് അതാതു ക്ലാസ്സിലെ സിലബസുമായി ബന്ധപ്പെട്ട 75 സെഷനുകളും ജീവിതവിജയത്തിനുതകുന്ന 30 സെഷനുകളുമാണുള്ളത്. 20 മിനിറ്റ് ദൈർഘ്യമുള്ള ക്ലാസ്സുകൾ തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ രാത്രി 7.30 ന് ലഭ്യമാക്കും. ഒരു വർഷത്തേക്ക് 2900 രൂപയാണ് ഫീസ്. ഈ കോഴ്സ് നമ്മുടെ കുട്ടികൾക്ക് പരമാവധി പ്രയോജനപ്പെടുത്തുവാൻ മാതാപിതാക്കളും അദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലനമികവും സർവസജ്ജമായ ലൈബ്രറിയും പഠനക്യുബിക്കിളുകളും സിവിൽ സർവീസ് പരീക്ഷയിൽ നിരന്തരമായി ലഭിക്കുന്ന വിജയവും ഈ സ്ഥാപനത്തെ അനന്യമാക്കുന്നു. ഭരണഘടന, നിയമവ്യവസ്ഥ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രധാന തൊഴിൽസാധ്യതകൾ ഇവയെല്ലാം നമ്മുടെ കുട്ടികൾ മനസ്സിലാക്കി വളരണം. ഇക്കാര്യത്തിലുള്ള നിതാന്തമായ ഉണർവാണ് ഇന്നിന്റെയും നാളെയുടെയും ആവശ്യം. അനേകരെ ജീവസന്ധാരണത്തിന് പ്രാപ്തരാക്കുകയും രാഷ്ട്രനിർമിതിയിൽ പങ്കാളികളാക്കുകയും ചെയ്ത പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് 26 വർഷമായി നിർവഹിക്കുന്ന നിസ്തുലമായ സേവനങ്ങളെ നന്ദിയോടെ സ്മരിക്കാം. പുതുതലമുറയെ ഔന്നത്യത്തിലേക്ക് നയിക്കുകയെന്ന ഉദാത്തമായ ലക്ഷ്യത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന എല്ലാ കർമപരിപാടികളോടും നമുക്ക് ആത്മാർത്ഥമായി സഹകരിക്കാം. മാതാപിതാക്കളുടെ ജാഗ്രതയും കുഞ്ഞുങ്ങളുടെയും യുവതീയുവാക്കളുടെയും തൽപരതയും ഇക്കാര്യത്തിലുണ്ടാവണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട്

മ്ശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

*വിളിക്കേണ്ട ഫോൺ നമ്പർ:* **9539381100, 9539371100, 04822 215831**
**Email: civilpala@yahoo.com** **Website: www.civilservicepala.com**

നോമ്പുകാലം ഏഴാം തിങ്കൾ
25.03.2024
മംഗളവാർത്തത്തിരുനാൾ

---

**NB:** ***2024 ഏപ്രിൽ 21 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

No.4010/K-5/KCBC/OL/DS 22.03.2024

**കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ലേബർ കമ്മിഷൻ പുറപ്പെടുവിക്കുന്ന**

# മെയ്ദിന സന്ദേശം 2024

**''തൊഴിലിനെയും തൊഴിലിന്റെ അന്തസ്സിനെയും നിഷേധിക്കുകയെന്നതിനേക്കാൾ മോശമായ ഒരു ദാരിദ്ര്യാവസ്ഥയില്ല''** (ഫ്രാൻസിസ് പാപ്പ, *ഫ്രത്തേലി തൂത്തി 162*)

മ്ശിഹായിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

അന്താരാഷ്ട്രതൊഴിലാളിദിനത്തിന്റെ എല്ലാവിധ മംഗളങ്ങളും തൊഴിലാളിസഹോദരങ്ങൾക്ക് ആശംസിക്കുന്നു. തൊഴിലാളിസമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേകമായ കരുതലിന്റെ പ്രതീകമെന്ന നിലയിൽ മെയ് ഒന്നിനുതന്നെയാണ് ആഗോളകത്തോലിക്കാസഭ തൊഴിലാളിയായ മാർ യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചുവരുന്നത്. നമ്മുടെ നാഥനും രക്ഷകനുമായിരുന്ന ഈശോയും തൊഴിലാളിയായിരുന്നുവെന്ന് *(മർക്കോ. 6:3)* ഓർക്കാം. ''ദൈവം നടത്തുന്ന സൃഷ്ടികർമത്തിൽ മാത്രമല്ല, രക്ഷാകർമത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നുവെന്നാണ്'' തിരുസ്സഭ പഠിപ്പിക്കുന്നത് (263, തിരുസ്സഭയുടെ സാമൂഹികപ്രബോധനം-സംക്ഷേപം). തൊഴിലിനും തൊഴിലിന്റെ കർത്താവായ തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കല്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ്പാപ്പായുടെ നേതൃത്വത്തിൽ തിരുസ്സഭയെ സിനഡൽസഭയായി രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ നിറഞ്ഞുനിൽക്കുന്നതാണ് സിനഡൽസഭ. ഇതിന്റെ ആവിർഭാവത്തിനായി പരിശുദ്ധപിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്ന് ആഹ്വാനംചെയ്യുന്നു.

സിനഡൽസഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവിശേഷ പ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡുസമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജിരേഖയിൽ

ഇങ്ങനെ വിവരിക്കുന്നു. ''പൊതുനന്മയ്ക്കുവേണ്ടിയും മനുഷ്യജീവിതത്തിന്റെ അന്തസ്സുയർത്തുന്നതിനുവേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുകയെന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹികസിദ്ധാന്തങ്ങളിൽനിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ട്, ഒത്തൊരുമിച്ച് സമൂഹത്തിലെ സാമൂഹികസന്നദ്ധസംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജനകീയ മുന്നേറ്റങ്ങൾ, ഗ്രാസ്സ്റൂട്ട് സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അല്മായർ പ്രവർത്തനസജ്ജരാകണം'' (1, 4, g, സിനർജി 28-10-2023).

**എല്ലാവർക്കും സാമൂഹികനീതിയും അന്തസ്സുള്ള തൊഴിലും** എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠമായ സമൂഹം രൂപപ്പെടണമെങ്കിൽ എല്ലാവർക്കും 'അന്തസ്സുള്ള തൊഴിൽ' ലഭ്യമാകണം. അന്താരാഷ്ട്രതൊഴിൽസംഘടന (ഐ.എൽ.ഒ.) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏത് തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിന് തൊഴിലും തൊഴിലവകാശങ്ങളും സാമൂഹികസുരക്ഷയും ലഭ്യമാക്കുകയെന്നതാണ് അന്തസ്സുള്ള തൊഴിൽ എന്ന പദംകൊണ്ട് ഐ.എൽ.ഒ. ലക്ഷ്യം വയ്ക്കുന്നത്. അമ്പത്തഞ്ച്കോടിയോളം തൊഴിലാളികൾ ഇന്ത്യയിലുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94% പേരും അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ മാത്രമല്ല, അസംഘടിത തൊഴിലാളികൾ. പ്രത്യുത തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ ലഭ്യമല്ലാത്തവരാണിവർ. മറ്റൊരുരീതിയിൽ പറഞ്ഞാൽ ഇന്ത്യയിൽ തൊഴിലെടുക്കുന്നവരിലെ ബഹുഭൂരിപക്ഷവും 'അന്തസ്സില്ലാത്ത തൊഴിൽ' ചെയ്യുന്നവരാണെന്നതാണ്. രാജ്യത്ത് നിതാന്തമായി തുടരുന്ന ദാരിദ്ര്യത്തിന്റെ പ്രധാനകാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

ചെറുകിടകർഷകരും കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവരാണ് എറ്റവുംവലിയ തൊഴിൽവിഭാഗം. നിർമാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികത്തൊഴിലാളികൾ, സ്വയം തൊഴിലധിഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽപരം തൊഴിൽവിഭാഗങ്ങളെ സർക്കാർ ലിസ്റ്റ് ചെയ്തിട്ടുണ്ട്. സംഘടിതമേഖലയിലെ അസംഘടിതതൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നുവെന്നത് സമകാലികപ്രതിഭാസമാണ്. ജിഗ് വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയവർ പുതിയ തൊഴിൽവിഭാഗങ്ങളാണ്. 94% വരുന്ന അസംഘടിതതൊഴിലാളികളിൽ 11% പേരും

സംഘടിതമേഖലയിലാണെന്നാണ് പുതിയകണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിതതൊഴിലാളികളിൽ വലിയവിഭാഗം കുടിയേറ്റ തൊഴിലാളികളുമാണ്.

എല്ലാ അസംഘടിതതൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാത്തതിനാൽ വിലപേശൽശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ ഭരണാധികാരികളുടെയും രാഷ്ട്രീയനേതൃത്വത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി സമ്മർദശക്തിയാകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം പ്രസ്തുത വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്ര്യത്തിലേയ്ക്കും അരക്ഷിതാവസ്ഥയിലേയ്ക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞതയും ആവശ്യമായ മാർഗനിർദേശ സംവിധാനങ്ങളുടെ അപര്യാപ്തതയുംമൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള ചുരുക്കംചില സാമൂഹിക സുരക്ഷാപദ്ധതികളിൽപോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാനിടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജനവിഭാഗമായി അസംഘടിത തൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസ്സും സാമൂഹികനീതിയുമാണ്' തിരുസ്സഭയുടെ സാമൂഹികപ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. ''ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ ദരിദ്രരുടെയും പീഡിതരുടെയും സന്തോഷങ്ങളും പ്രതീക്ഷകളും വ്യസനങ്ങളും ഉത്ക്കണ്ഠകളും ക്രൈസ്തവരുടേതു കൂടിയായതു''കൊണ്ടാണ് (സഭ ആധുനികലോകത്തിൽ 1) തിരുസ്സഭ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ തത്പരരായിരിക്കുന്നത്. ബേത്സഥാ കുളക്കരയിൽ ആരും സഹായിക്കാനില്ലാത്തതുമൂലം *(യോഹ. 5:7)* നീണ്ട മുപ്പത്തെട്ടുവർഷക്കാലം ശയ്യാവലംബിയായ ഒരു രോഗിയെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നുണ്ട്. ആ രോഗിയെ ഈശോ സുഖപ്പെടുത്തി മനുഷ്യാന്തസ്സിലേയ്ക്ക് ഉയർത്തുന്നുണ്ട്. ആരെങ്കിലും സഹായിക്കാനെത്തുമെന്ന പ്രതീക്ഷയിൽ വർഷങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും അകറ്റിനിർത്തപ്പെട്ടിരിക്കുന്ന അസംഘടിതതൊഴിലാളികളെ സഹായിക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും കർത്തവ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ലേബർ കമ്മിഷന്റെ ഔദ്യോഗികസംഘടനയായ കേരള ലേബർ മൂവുമെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിച്ചു വരുന്നു. ഒരു സർക്കാരിതരസംഘടനയായ കെ.എൽ.എം.ന്റെ ആഭി മുഖ്യത്തിൽ 8 തൊഴിലാളിഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന-കേന്ദ്രസർക്കാരുകളുടെ വിവിധ തൊഴിലാളിക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു. സ്വയംസഹായസംഘങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾവഴി തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ-സാമൂഹിക-അഗതീപരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷ കളുംപോലെ സഭയുടെ തൊഴിലാളിശുശ്രൂഷയും എല്ലാവർക്കും വേണ്ടിയുള്ളതാണ്. അഖിലേന്ത്യാതലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരളഘടകമാണ് കേരള ലേബർ മൂവുമെന്റ്.

സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതനവ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്കുവേണ്ട ഒത്താശനൽകാനായി കെ.സി.ബി.സി. ചുമതലപ്പെടുത്തിയിരിക്കുന്നത് കെ.എൽ.എം.നെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ രൂപതകൾക്കും സന്യസ്തസമൂഹങ്ങൾക്കും കെ.എൽ.എം. ലഭ്യമാക്കുന്നതാണ്. 1974 ലാണ് കേരള ലേബർ മൂവുമെന്റ് പ്രവർത്തനം തുടങ്ങിയത്. കെ.എൽ.എം.ന്റെ സുവർണജൂബിലിവർഷമാണ് 2024. ലേബർ കോൺക്ലേവ്- സെമി നാറുകൾ, വിവിധ മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്തപരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ജൂബിലിയാഘോഷങ്ങളുടെ സമാപനംദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതുസമ്മേളനത്തിലും ഓരോ രൂപതാഘടകത്തിൽനിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെ.എൽ.എം.ന്റെയും തൊഴിലാളിഫോറ ങ്ങളുടെയും യൂണിറ്റുകളാരംഭിക്കുന്നതിന് മുൻകൈയെടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹിക സുരക്ഷാസംരക്ഷണത്തിൻകീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രത്യേക പദ്ധതി ജൂബിലിവർഷം പ്രമാണിച്ച് നടപ്പിലാക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള പരിശുദ്ധ കുർബാന, സാമൂഹികസുരക്ഷാ ക്യാംപെയ്ൻ, സെമിനാറുകൾ തുടങ്ങിയ പരിപാടികളോടെ ഇടവകകളിൽ മെയ്ദിനം സമുചിതമായി ആചരിക്കുവാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമ്ശിഹായുടെ കൃപയും തൊഴിലാളി മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ സ്വർഗീയമാദ്ധ്യസ്ഥവും തൊഴിലാളിസഹോദരങ്ങളുടെമേൽ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി മെയ്ദിനാശംസകൾ നേരുന്നു.

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
*(ചെയർമാൻ)*

**ബിഷപ് ജോസ് പൊരുന്നേടം**
*(വൈസ് ചെയർമാൻ)*

**ബിഷപ് ജോർജ് മഠത്തികണ്ടത്തിൽ**
*(വൈസ് ചെയർമാൻ)*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം,
കൊച്ചി 682025

---

**NB:** ***2024 ഏപ്രിൽ 28 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*




# I

## ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ് ആൺകുട്ടികൾക്ക് **2024 ഏപ്രിൽ 3 ബുധൻ** രാവിലെ 9.30 ന് ആരംഭിച്ച് **ഏപ്രിൽ 4 വ്യാഴം** വൈകുന്നേരം 4 ന് സമാപിക്കുന്നവിധത്തിൽ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്ക് ഒരുദിവസത്തെ സെമിനാർ **2024 ഏപ്രിൽ 12 വെള്ളി** രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ ക്രമീകരിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 200 രൂപയും പെൺകുട്ടികൾക്ക് 75 രൂപയുമാണ്. ചങ്ങനാശ്ശേരി അതിരൂപതയിലോ അതിരൂപതയ്ക്കുപുറത്തോ ദൈവവിളി സ്വീകരിക്കാൻ ആഗ്രഹിക്കുന്ന എല്ലാവരും നിർബന്ധമായും അതിരൂപത നടത്തുന്ന ഈ ദൈവവിളി ക്യാമ്പിൽ പങ്കെടുത്തിരിക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

# II

## ജീവകാരുണ്യപ്രവർത്തനങ്ങൾ

നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ 2023-2024 സാമ്പത്തികവർഷത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച തുക ജീവകാരുണ്യപ്രവർത്തനറിപ്പോർട്ടിൽ ഉൾപ്പെടുത്താനായി അയച്ചുതരുമല്ലോ. 1. ഭവനനിർമാണവും അറ്റകുറ്റപണികളും 2. ചികിത്സാസഹായം 3. വിവാഹസഹായം 4. വിദ്യാഭ്യാസസഹായം 5. കാർഷികമേഖലയിൽ നൽകിയ സഹായം 6. അഗതിമന്ദിരങ്ങൾക്കുള്ള സഹായം 7. ഭക്ഷ്യവസ്തുക്കൾ, പലവ്യഞ്ജനം 8. മറ്റു സഹായങ്ങൾ എന്നിങ്ങനെ വിവിധതലങ്ങളിൽ ചെയ്ത ജീവകാരുണ്യപ്രവർത്തനങ്ങൾ പ്രത്യേകം തരംതിരിച്ചെഴുതി chancellorchry@gmail.com എന്ന email ലേയ്ക്കോ 9037440040 എന്ന വാട്സ്ആപ്പ് നമ്പറിലേയ്ക്കോ **2024 ഏപ്രിൽ മുപ്പതിനകം** അയച്ചുതരേണ്ടതാണ്.

## III

## നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണ തിരുനാൾ

**2024 മെയ് 9-ാം തീയതി വ്യാഴാഴ്ച** ആചരിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണത്തിരുനാൾ കടമുള്ള ദിവസമാകയാൽ (Holy Day of Obligation) അന്നേദിവസം വിശ്വാസികളെല്ലാവർക്കും സംബന്ധിക്കത്തക്കവിധം ഇടവകകളിൽ പരിശുദ്ധ കുർബാനയുടെ സമയം ക്രമീകരിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## IV

## 138-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം കുറുമ്പനാടം ഫൊറോനയുടെ നേതൃത്വത്തിൽ സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി മാർ ജോസഫ് പവ്വത്തിൽ നഗറിൽ **മെയ് 20 തിങ്കൾ രാവിലെ 09.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 01.30 ന്** സമാപിക്കത്തക്കരീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**പങ്കെടുക്കേണ്ടവർ:** അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയേഴ്സ്, വൈദികാർത്ഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ, ഇടവകയിൽനിന്നുള്ള മറ്റ് 2 പ്രതിനിധികൾ (ഒരാൾ വനിതയായിരിക്കണം). കൂടാതെ, അതിരൂപതാ പാസ്റ്ററൽ കൗൺസിലംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതല ഭാരവാഹികൾ, യുവദീപ്തി ഫൊറോനാ എക്സിക്യുട്ടിവംഗങ്ങൾ.

## V

## വാർഷികധ്യാനം

**June 16-21** **വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ എം.എസ്.എഫ്.എസ്.**
*(സുപ്പീരിയർ ജനറൽ, മിഷനറീസ് ഓഫ് സെന്റ് ഫ്രാൻസിസ് ദെ സാലസ്)*

**June 23-28** **വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ എം.എസ്.എഫ്.എസ്.**

**July 07-12** **മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
*(കൂരിയ മെത്രാൻ, സീറോമലബാർസഭ)*

മൂന്നുബാച്ചുകളായി നടത്തപ്പെടുന്ന വാർഷികധ്യാനത്തിൽ ഏതെങ്കിലും ബാച്ചിൽ പങ്കെടുക്കാൻ ബഹു. വൈദികർക്ക് പ്രത്യേകതാൽപര്യമുണ്ടെങ്കിൽ അക്കാര്യം അതിരൂപതാ ചാൻസെറിയിൽ അറിയിക്കാവുന്നതാണ്.

# VI

## പ്രത്യേകപിരിവുകൾ

നോമ്പുകാലത്ത് നടത്തിയ പ്രത്യേകപിരിവുകൾ *(നോമ്പുകാല പിരിവ്, കാരിത്താസ് ചങ്ങനാശ്ശേരി, വൈദിക പരിശീലന ഫണ്ട്, വിശുദ്ധനാട് സംരക്ഷണത്തിനുള്ള പിരിവ്, ഹോം മിഷൻ ഫണ്ട്)* **2024 ഏപ്രിൽ 15 ന് മുമ്പായി** അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

# VII

## 2023-2024 സാമ്പത്തികവർഷത്തെ കണക്കുകൾ

2023-2024 സാമ്പത്തികവർഷത്തെ കണക്കുകൾ **2024 ഏപ്രിൽ 30 ന് മുമ്പ്** പൊതുയോഗത്തിൽ പാസ്സാക്കുകയും അതിരൂപതാകേന്ദ്രത്തിലും ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുവാൻ ഓഡിറ്റേഴ്സിന് നൽകുകയും ചെയ്യേണ്ടതാണ്.

പുതുക്കിയ ഇൻകം ടാക്സ് നിയമപ്രകാരം ഓഡിറ്റ് റിപ്പോർട്ടുകൾ മെയ് 31 ന് മുമ്പ് സമർപ്പിക്കേണ്ടതിനാൽ ഏപ്രിൽ അവസാനമോ മെയ് ആദ്യ ആഴ്ചയിലോ കണക്കുകൾ ഓഡിറ്റേഴ്സിന്റെ പക്കൽ നൽകേണ്ടതാണ്.

■

# പാറേമാക്കൽ തോമാക്കത്തനാർ അനുസ്മരണം



**10 September 1736 - 20 March 1799**

മലയാളത്തിലെ ആദ്യ സഞ്ചാരസാഹിത്യകൃതിയായ വർത്തമാനപ്പുസ്തകത്തിന്റെ രചയിതാവും കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണദോറുമായിരുന്ന പാറേമാക്കൽ തോമാക്കത്തനാരുടെ 225-ാമത് ചരമവാർഷികം പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപതാകേന്ദ്രത്തിൽ മാർച്ച് 20 ന് നടത്തപ്പെട്ടു. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അനുസ്മരണസന്ദേശം നൽകി. പാറേമാക്കൽ തോമാക്കത്തനാർ ആഴമേറിയ സഭാസ്നേഹിയായിരുന്നുവെന്നും നസ്രാണി സഭയുടെ വ്യക്തിത്വവും തനിമയും പാരമ്പര്യങ്ങളും സംരക്ഷിക്കാൻ മാർ ജോസഫ് കരിയാറ്റിയോടൊപ്പം എന്തുത്യാഗത്തിനും തയ്യാറായിരുന്നുവെന്നും അദ്ദേഹത്തിന്റേതുപോലെയുള്ള ധീരമായ സഭാസ്നേഹവും സഭാപ്രവർത്തനവും ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അഭി. പിതാവ് അനുസ്മരിച്ചു. ഫാ. പ്ലാഡിഡ് പൊടിപ്പാറ സി.എം.ഐ. തയ്യാറാക്കിയ വർത്തമാനപ്പുസ്തകത്തിന്റെ ഇംഗ്ലീഷ് വിവർത്തനം പുതിയപതിപ്പ് അനുസ്മരണച്ചടങ്ങിൽ അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം. പ്രസിഡന്റ് ജോയൽ ജോൺ റോയിക്ക് നൽകിക്കൊണ്ട് അഭി. മെത്രാപ്പോലീത്ത അനുസ്മരണസമ്മേളനം ഉദ്ഘാടനംചെയ്തു.

# 138 – ാമത് അതിരൂപതാദിനാചരണം

**കുറുമ്പനാടം ഫൊറോനയുടെ നേതൃത്വത്തിൽ**
**സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി**
**മാർ ജോസഫ് പവ്വത്തിൽ നഗറിൽ**

**2024 മെയ്**
**20 തിങ്കളാഴ്ച**
**9.30 am - 1.30 pm**

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ

ഈ വർഷത്തെ അതിരൂപതാദിനാഘോഷങ്ങളുടെ ഒരുക്കങ്ങൾ കുറുമ്പനാടം ഫൊറോനയുടെ നേതൃത്വത്തിൽ ഭംഗിയായി ആരംഭിച്ചിരിക്കുന്നു. ദീപശിഖാപ്രയാണം **മെയ് 19 ഞായറാഴ്ച** എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിലെ ദൈവദാസൻ പുത്തൻ പറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിൽനിന്നും ഛായാചിത്രപ്രയാണം ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിലെ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ കബറിടത്തിൽനിന്നും ആരംഭിച്ച് വിവിധ പള്ളികൾ സന്ദർശിച്ച് കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ സമാപിക്കുന്നു. തുടർന്ന് ആഘോഷമായ റംശാപ്രാർത്ഥന നടത്തുന്നതാണ്. അതിരൂപതാദിനാചരണപരിപാടികൾ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി മാർ ജോസഫ് പവ്വത്തിൽ നഗറിൽ **മെയ് 20 തിങ്കൾ** രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30 ന് സമാപിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

### ഇടവകതല അതിരൂപതാദിനാഘോഷം

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും **2024 മെയ് 19 ഞായറാഴ്ച** ഇടവകതലാഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും അതിരൂപതാ ആന്തം ആലപിക്കുകയും തുടർന്ന് പേപ്പൽപതാക ഉയർത്തുകയും ചെയ്യുക. ഈ ആഘോഷം ഇടവകയിൽ മുഴുവനും *അതിരൂപത ഒരു കുടുംബം* എന്ന കൂട്ടായ്മയുടെ അനുഭവം വളരത്തക്കവിധം ഭംഗിയായി ക്രമീകരിക്കുവാൻ ശ്രമിക്കുമല്ലോ.

## അതിരൂപതാദിനം – ആദരവുകൾ

### A. അതിരൂപതാ എക്സലൻസ് അവാർഡ്

ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായ മികച്ച സംരംഭകരിൽനിന്നും അപേക്ഷകളോ/നോമിനേഷനോ ഇതിനായി ക്ഷണിക്കുന്നു. താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്നവരെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

**നിബന്ധനകൾ**

1. വ്യവസായ സംരംഭകനോ/സംരംഭകയ്ക്കോ ആണ് അവാർഡ് നൽകുന്നത്. സംരംഭകനായ/സംരംഭകയായ വ്യക്തിക്കുള്ള അംഗീകാരമാണ് അവാർഡ്, പ്രസ്ഥാനത്തിനല്ല.
2. ആജീവനാന്തസംഭാവനയ്ക്കാണ് അവാർഡ് നൽകുന്നത്.

3. സംരംഭകൻ/സംരംഭക ചങ്ങനാശ്ശേരി അതിരൂപതാർത്തിയിൽ സ്ഥിരതാമസമുള്ള അതിരൂപതാംഗമായ അല്മായരായിരിക്കണം.

4. അപേക്ഷകൻ/അപേക്ഷക ഇപ്പോഴും സംരംഭകരംഗത്ത് സജീവമായ വ്യക്തിയായിരിക്കണം.

5. 20 വർഷത്തിന് മുമ്പെങ്കിലും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംരംഭമായിരിക്കണം. ആയതിന്റെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. സംരംഭകൻ/സംരംഭക ക്രിസ്തീയമൂല്യങ്ങൾ പാലിച്ച് ബിസിനസ് ചെയ്യുന്ന വ്യക്തിയായിരിക്കണം.

7. ടാക്സ്, പൊല്യുഷൻ കൺട്രോൾ നിയമങ്ങൾ ഉൾപ്പെടെയുള്ള സർക്കാർനിയമങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതും ജീവനക്കാർക്ക് തൊഴിൽനിയമങ്ങൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്ന വ്യക്തിയുമായിരിക്കണം.

8. ജീവനക്കാർക്ക് ഞായർ/ വിശുദ്ധദിവസങ്ങളുടെ ആചരണത്തിന് സൗകര്യം നൽകുന്ന സ്ഥാപനമായിരിക്കണം.

9. കുറഞ്ഞത് 20 മലയാളികൾക്കെങ്കിലും സ്ഥിരമായി തൊഴിൽ നൽകുന്ന സ്ഥാപനമായിരിക്കണം.

10. ജീവകാരുണ്യപ്രവർത്തനങ്ങളിലും സഭാ/സാമൂഹികപ്രവർത്തനങ്ങളിലും സജീവമായി ഇടപെടുന്ന സ്ഥാപനമായിരിക്കണം.

11. പ്രതിവർഷം കുറഞ്ഞത് 50 കോടിരൂപയുടെ വിറ്റുവരവുള്ള സ്ഥാപനമായിരിക്കണം.

12. സംരംഭകർക്ക് നേരിട്ടോ മറ്റാരുടെയെങ്കിലും നോമിനേഷൻ വഴിയോ എൻട്രി നൽകാവുന്നതാണ്. നോമിനേഷൻ മുഖാന്തരം വരുന്ന എൻട്രികളുടെകൂടെ അനുബന്ധരേഖകൾ സമർപ്പിക്കേണ്ടതാണ്.

13. അപേക്ഷകരിൽനിന്നും യോഗ്യനായ/യോഗ്യയായ വ്യക്തിയെ അതിരൂപത നിശ്ചയിക്കുന്ന വിദഗ്ധസമിതി തെരഞ്ഞെടുക്കുന്നതാണ്. ഈ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

14. എൻട്രിഫോമിന്റെ പി.ഡി.എഫ്. ഇടവകവികാരിയച്ചന്റെ പക്കൽനിന്നോ അതിരൂപതാ കെ.എൽ.എം. ഓഫീസിൽനിന്നോ (**9142232985**) വാട്സ്ആപ്പ് വഴി കൈപ്പറ്റാവുന്നതാണ്. എൻട്രി ഫോം പൂരിപ്പിച്ച് വികാരിയച്ചന്റെ സാക്ഷ്യപത്രം ഉൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം നേരിട്ടോ തപാൽ വഴിയോ **2024 ഏപ്രിൽ 25 ന് മുമ്പായി** താഴെ നൽകുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**B. യുവകർഷക പുരസ്കാരം**

കേരള കത്തോലിക്കാസഭ യുവജനവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷത്തിൽ 40 വയസിൽ താഴെയുള്ള അതിരൂപതാംഗമായ മികച്ച കർഷകനെ/കർഷകയെ ആദരിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

***അപേക്ഷകർ***

- സമ്മിശ്രകാർഷികമേഖല കൈകാര്യം ചെയ്യുന്നവരായിരിക്കണം.
- നവസാങ്കേതിക - ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നവരായിരിക്കണം.
- ജൈവകൃഷിക്കും പരിസ്ഥിതിസൗഹൃദകൃഷിരീതികൾക്കും പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ്.

ഇപ്രകാരമുള്ള വ്യക്തികളുടെ ബയോഡേറ്റ കൃത്യമായ അനുബന്ധരേഖകളോടും വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുംകൂടി **2024 ഏപ്രിൽ 25 ന് മുമ്പായി** കെ.എൽ.എം. ഓഫീസിൽ ഏല്പിക്കേണ്ടതാണ് (**9142232985**).

**C. സംസ്ഥാന – ദേശീയ – അന്തർദേശീയതലങ്ങളിൽ അംഗീകാരങ്ങൾ നേടിയവർക്കുള്ള പുരസ്കാരം**

സംസ്ഥാന - ദേശീയ - അന്തർദേശീയതലങ്ങളിൽ അംഗീകാരങ്ങൾ നേടിയ അതിരൂപതാംഗങ്ങളെ അതിരൂപതാദിനത്തിൽ ആദരിക്കുന്നു. അങ്ങനെയുള്ള വ്യക്തികളുടെ ബയോഡേറ്റ കൃത്യമായ അനുബന്ധരേഖകളോടും വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുംകൂടി **2024 ഏപ്രിൽ 25 ന് മുമ്പായി** കെ.എൽ.എം. ഓഫീസിൽ ഏല്പിക്കേണ്ടതാണ് (**9142232985**).

**D. മികച്ച പാരിഷ് ബുള്ളറ്റിൻ, മികച്ച പാരിഷ് ഡയറക്ടറി**

മികച്ച പാരിഷ് ബുള്ളറ്റിൻ, മികച്ച പാരിഷ് ഡയറക്ടറി എന്നിവ തെരഞ്ഞെടുക്കുന്നതിനായി അവയുടെ ഒരു കോപ്പിവീതം **2024 മെയ് 3 ന് മുമ്പായി** അതിരൂപതാ കെ.എൽ.എം.ഓഫീസിൽ ഏല്പിക്കേണ്ടതാണ് *(2023 മെയ് ഒന്നിനും 2024 ഏപ്രിൽ മുപ്പതിനും മധ്യേ പ്രസിദ്ധീകരിച്ചത്).*

***അപേക്ഷകൾ അയയ്ക്കേണ്ട വിലാസവും ഫോൺനമ്പരും***

ഡയറക്ടർ, കെ.എൽ.എം. ഓഫീസ്, ആർച്ചുബിഷപ് ഹൗസ്, പി.ബി. നമ്പർ 20,
ചങ്ങനാശ്ശേരി 686101, കോട്ടയം
9142232985

+ [signature]

**മാർ തോമസ് തറയിൽ**
(സഹായമെത്രാൻ)

*അതിരൂപതാ കോഡിനേറ്റേഴ്സ്*
**ഫാ. ജോൺ വടക്കേകളം** (9496828593)
**ഫാ. ജോസഫ് കിഴക്കേമുറി** (9496538882)
**ഫാ. ആന്റണി ആനക്കല്ലുങ്കൽ** (8281746624)

## റിപ്പോർട്ട്

# 25-ാമത് അതിരൂപതാ ബൈബിൾ കൺവെൻഷൻ - പരിശുദ്ധ കുർബാനാഭിഷേകം

25-ാമത് അതിരൂപതാ ബൈബിൾ കൺവെൻഷൻ 2024 ഫെബ്രുവരി 14 ബുധൻ മുതൽ 18 ഞായറാഴ്ച വരെ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽ നടത്തപ്പെട്ടു. തിരുവനന്തപുരം മൗണ്ട് കാർമൽ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ഡാനിയൽ പൂവണ്ണത്തിൽ കൺവെൻഷൻ നയിച്ചു.

കൺവെൻഷന്റെ ഒന്നാംദിവസമായ ഫെബ്രുവരി 14 ന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിവികാരി ഫാ. ജോസ് കൊച്ചുപറമ്പിൽ കൺവെൻഷൻ പന്തൽ വെഞ്ചരിപ്പും ബൈബിൾപ്രതിഷ്ഠയും നടത്തി.

ഓരോ ദിവസവും വിവിധ കോൺഗ്രിഗേഷനുകളിലെ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ജപമാല, റംശാപ്രാർത്ഥനകൾ നടന്നു. ആദ്യദിവസം കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ മാർ ജോസ് പുളിക്കൽ കാർമികനായും അതിരൂപത – സമർപ്പിത നവവൈദികർ സഹകാർമികരായും പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടനകർമം നിർവഹിച്ച് സന്ദേശംനൽകി. *സഭാത്മകജീവിതം, യൂക്കരിസ്റ്റിക് കോൺഗ്രസ്സ്, യുവജനവർഷം* എന്നിവയായിരുന്നു കൺവെൻഷന്റെ മുഖ്യവിഷയങ്ങളായി സ്വീകരിച്ചിരുന്നത്. വചനപ്രഘോഷണത്തോടും പരിശുദ്ധ കുർബാനയുടെ ആരാധനയോടെയും ഒന്നാംദിവസം സമാപിച്ചു.

ഫെബ്രുവരി 15 വ്യാഴാഴ്ച അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത കാർമികനായും പൗരോഹിത്യസ്വീകരണത്തിന്റെ 25, 50 ജൂബിലികളാഘോഷിക്കുന്ന വൈദികർ സഹകാർമികരായും പരിശുദ്ധ കുർബാനയർപ്പിച്ചു. വചനപ്രഘോഷണത്തോടും പരിശുദ്ധ കുർബാനയുടെ ആരാധനയോടുംകൂടി രണ്ടാംദിവസം സമാപിച്ചു.

ഫെബ്രുവരി 16 വെള്ളിയാഴ്ച ഉപവാസദിനമായിരുന്നു. ഉച്ചകഴിഞ്ഞ് 2 മുതൽ സീനിയർ സിറ്റിസൺസ് സംഗമം നടന്നു. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവഹിച്ചു. ഡോ. റൂബിൾ രാജ് കൺവെൻഷൻ നയിച്ചു. സീനിയർ സിറ്റിസൺസ് ഫോറം ഡയറക്ടർ ഫാ. തോമസ് പ്ലാപ്പറമ്പിൽ, ഫാ. മാത്യു തുമ്പേച്ചിറയിൽ എന്നിവർ സംഗമത്തിന് നേതൃത്വംനൽകി. വിവിധ ഇടവകകളിൽനിന്നും നിരവധിയാളുകൾ പങ്കെടുത്തു. തുടർന്ന് ജപമാലയും റംശാപ്രാർത്ഥനയും നടത്തി. കോതമംഗലം രൂപതാ മെത്രാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ കാർമികനായും ബൈബിൾ കൺവെൻഷൻ മുൻ ഡയറക്ടർമാർ, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ അതിരൂപതാ ഡയറക്ടർമാർ എന്നിവർ

സഹകാർമികരായും പരിശുദ്ധ കുർബാനയർപ്പിച്ചു. കുട്ടികൾക്ക് പ്രത്യേകമായി പരീക്ഷാ ഒരുക്കപ്രാർത്ഥന നടത്തപ്പെട്ടു. വചനപ്രഘോഷണത്തോടെയും പരിശുദ്ധ കുർബാനയുടെ ആരാധനയോടെയും മൂന്നാംദിവസം സമാപിച്ചു.

## അതിരൂപതാ യൂക്കരിസ്റ്റിക് കോൺഗ്രസ് സമാപനം

ഫെബ്രുവരി 17 ശനിയാഴ്ച അതിരൂപതാ യൂക്കരിസ്റ്റിക് കോൺഗ്രസ് ദിനമായി ആചരിച്ചു. മെത്രാപ്പോലീത്തൻപള്ളിയുടെ സെന്റ് മേരീസ് ഹാളിൽനിന്ന് പ്രാരംഭപ്രദക്ഷിണയോടെ പരിശുദ്ധ കുർബാനയാരംഭിച്ചു. സീറോമലബാർസഭ മേജർ ആർച്ചുബിഷപ് എമെരിത്തൂസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി കാർമികനും മാർ ജോസഫ് പെരുന്തോട്ടം, മാർ തോമസ് തറയിൽ, മാർ ജോർജ് കോച്ചേരി, ഫൊറോനാ വികാരിമാർ, മുന്നൂറിൽപരം മറ്റു വൈദികർ എന്നിവർ സഹകാർമികരുമായിരുന്നു. വചനപ്രഘോഷണത്തിനുശേഷം നടന്ന പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണത്തോടെ അതിരൂപതാ യൂക്കരിസ്റ്റിക് കോൺഗ്രസ് സമാപിച്ചു.

## യുവജനവർഷാരംഭം

ഫെബ്രുവരി 18 ഞായറാഴ്ച യുവജനവർഷത്തിന് തുടക്കംകുറിച്ചു. രാവിലെ 9.30 മുതൽ യുവജനകൺവെൻഷൻ നടത്തപ്പെട്ടു. ഫാ. ഡാനിയൽ പൂവണ്ണത്തിൽ, ഫാ. ആദർശ് കുമ്പളത്ത്, ബ്രദർ ജോൺ പോൾ എന്നിവർ കൺവെൻഷൻ നയിച്ചു. മൂവായിരത്തിയഞ്ഞൂറിലധികം യുവജനങ്ങൾ പങ്കെടുത്തു. വൈകുന്നേരം 4.30 ന് സീറോമലബാർ യൂത്ത് കമ്മിഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ കാർമികനായും അതിരൂപതാ ഡയറക്ടർ, ഫൊറോനാ ഡയറക്ടർമാർ എന്നിവർ സഹകാർമികരായും പരിശുദ്ധ കുർബാനയർപ്പിച്ചു. യുവജനവർഷത്തിന്റെ ഉദ്ഘാടനം നടത്തപ്പെട്ടു. 18 ഫൊറോനാ ഭാരവാഹികൾക്കും അഭി. പണ്ടാരശേരിൽപിതാവ് കത്തിച്ചതിരികൾ നൽകി. തുടർന്ന് വചനപ്രഘോഷണവും പരിശുദ്ധ കുർബാനയുടെ ആരാധനയും നടന്നു. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത കൺവെൻഷന് സമാപനസന്ദേശം നൽകി.

15 ഫൊറോനകളിൽ ഒരുക്ക കൺവെൻഷനുകൾ നടത്തപ്പെട്ടു. വചനപ്രഘോഷകരായെത്തിയ അച്ചന്മാരെയും നേതൃത്വംനൽകിയ ഫൊറോനാ വികാരിയച്ചന്മാരെയും കുടുംബക്കൂട്ടായ്മ ഫൊറോനാ ഡയറക്ടറച്ചന്മാരെയും ഫൊറോനാസമിതിയംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

ബൈബിൾ കൺവെൻഷൻ ഭംഗിയായി ക്രമീകരിക്കുന്നതിന് പിന്തുണയും പ്രോത്സാഹനവും നൽകിയ അഭി. പിതാക്കന്മാർക്കും പെരിയ ബഹു. സിഞ്ചെല്ലൂസ് അച്ചന്മാർക്കും കൺവെൻഷന്റെ പ്രത്യേകചുമതലയുള്ള പെരിയ ബഹു. വർഗീസ് താനമാവുങ്കൽ അച്ചനും വൈദികർക്കും സിസ്റ്റേഴ്സിനും മാക് ടി.വി. ഭാരവാഹികൾക്കും മറ്റുപ്രവർത്തകർക്കും നന്ദിനേരുന്നു. ആഘോഷമായ റംശാപ്രാർത്ഥനയ്ക്കും ജപമാലയ്ക്കും നേതൃത്വംനൽകിയ വിവിധ കോൺഗ്രിഗേഷനുക

ളിലെ സിസ്റ്റേഴ്സിനെ പ്രത്യേകമോർക്കുന്നു. കൺവെൻഷൻദിനങ്ങളിൽ പരിശുദ്ധ കുർബാനയർപ്പണത്തിൽ ശുശ്രൂഷചെയ്ത അച്ചന്മാർ, കൺവെൻഷൻ കൺവീനറായിരുന്ന മെത്രാപ്പോലീത്തൻ പള്ളിവികാരി ജോസ് കൊച്ചുപറമ്പിൽ അച്ചൻ, കൊച്ചച്ചന്മാർ, ജനറൽ കോഡിനേറ്ററായിരുന്ന ഡോ. റൂബിൾ രാജ്, നടത്തുകൈക്കാരൻ ബാബു കളീക്കൽ, മറ്റു കൈക്കാരന്മാർ, വിവിധ കമ്മിറ്റിയംഗങ്ങൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

കത്തീഡ്രൽക്വയറിലെ അംഗങ്ങൾക്കും വിവിധ കാര്യങ്ങളിൽ സഹായികളായി പ്രവർത്തിച്ചവർക്കും നന്ദിയറിയിക്കുന്നു. കൺവെൻഷൻ ഭംഗിയായി ക്രമീകരിക്കുന്നതിന് ചെറുതുംവലുതുമായ സാമ്പത്തികസഹായങ്ങൾ നൽകിയവർ നിരവധിയാണ്. അവരുടെ നിയോഗങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. വാഹനസൗകര്യങ്ങൾ നൽകി സഹായിച്ച കെ.എസ്.ആർ.ടി.സി. (5 ബസ്), പ്രൈവറ്റ് ബസ് (8 ബസ്) അധികാരികളെയും ചങ്ങനാശ്ശേരി എം.എൽ.എ. ജോബ് മൈക്കിളിനെയും ചങ്ങനാശ്ശേരി നഗരസഭാ ചെയർപേഴ്സൺ ബീന ജോബി തൂമ്പുങ്കലിനെയും ഇടവകയിൽനിന്നും സ്വന്തം വാഹനങ്ങളിൽ കൺവെൻഷൻ നഗറിലേയ്ക്ക് ആളുകളെയെത്തിച്ച സുമനസ്സുകളെയും ഈയവസരത്തിൽ നന്ദിയോടെ ഓർക്കുകയാണ്. അടുത്തവർഷത്തെ കൺവെൻഷൻ മാർച്ച് 4 മുതൽ 8 വരെയാണ്. കൺവെൻഷന്റെ വിജയത്തിനായി പ്രത്യേകം പ്രാർത്ഥിച്ചൊരുങ്ങാം.

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്)*

■

# പാസ്റ്ററൽ കൗൺസിൽ

## ഇടയനോടൊപ്പം – പതിനാറാമത് പാസ്റ്ററൽ കൗൺസിൽ ത്രിദിനക്യാമ്പ്

XVI-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ത്രിദിനക്യാമ്പ് (ഇടയനോടൊപ്പം) മാർച്ച് 7 മുതൽ 9 വരെ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടന്നു. പിതാവിനോടൊപ്പമായിരുന്ന മൂന്നുദിവസങ്ങൾ ജീവിതത്തിൽ മറക്കാനാവാത്ത അനുഭവമായിരുന്നുവെന്ന് ക്യാമ്പിൽ പങ്കെടുത്തവർ ഒരേസ്വരത്തിൽ അഭിപ്രായപ്പെട്ടു. ഏകദേശം 70% അംഗങ്ങൾ നവാഗതരായിരിക്കുന്ന ഈ കൗൺസിൽ, മാർഗനിർദേശക സന്ദേശങ്ങളിലും ചർച്ചകളിലുംനിന്ന് ഉൾക്കൊണ്ട ഊർജം അവരായിരിക്കുന്ന സ്ഥലങ്ങളിൽ സഭാഗാത്രനിർമിതിക്ക് സഹായിക്കട്ടെയെന്ന് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് ആശംസിച്ചു. 31 വൈദികരും 8 സമർപ്പിതരും 115 അല്മായരും പങ്കെടുത്ത ക്യാമ്പ് കൃത്യമായ ദിശാബോധവും സഭാവബോധവും നേടുന്നതിന് സഹായകമായിരുന്നെന്ന് അംഗങ്ങൾ പങ്കുവച്ചു. 2023 ഡിസംബർ 23 ന് സത്യപ്രതിജ്ഞ ചെയ്ത് അംഗങ്ങൾ ചുമതലയേറ്റ XVI-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ആദ്യ പൊതുസംരംഭമായിരുന്നു ത്രിദിന ക്യാമ്പ്.

### ഉദ്ഘാടനസമ്മേളനം

മാർച്ച് 7 വൈകുന്നേരം 6.30 ന് അതിരൂപതാ സിഞ്ചെള്ളൂസ് പെരിയ ബഹു. താനമാവുങ്കൽ വർഗീസ് അച്ചൻ നയിച്ച റംശാപ്രാർത്ഥനയോടെ ക്യാമ്പ് ആരംഭിച്ചു. തുടർന്നുനടന്ന ഉദ്ഘാടനസമ്മേളനത്തിൽ പെരിയ ബഹു. വാണിയപ്പുരയ്ക്കൽ ജോസഫ് അച്ചൻ അദ്ധ്യക്ഷനായിരുന്നു. മെൽബൺരൂപതയിൽ ധ്യാനം നയിച്ചുകൊണ്ടിരുന്ന അഭി. തറയിൽപിതാവിന്റെ ആശംസകളും പ്രാർത്ഥനകളും വാണിയപ്പുരയ്ക്കൽ അച്ചൻ അറിയിച്ചു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവഹിച്ചു. XV-ാമത് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ് ആശംസകളർപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ് സ്വാഗതവും ജോയിന്റ് സെക്രട്ടറി പ്രൊഫ. പി.വി. ജറോം നന്ദിയുമർപ്പിച്ചു. ധ്യാനകേന്ദ്രം ഡയറക്ടർ പ്ലാപ്പറമ്പിൽ തോമസ് അച്ചൻ പ്രത്യേകനിർദേശങ്ങൾ നൽകി.

അഭി. പെരുന്തോട്ടംപിതാവ് ഉദ്ഘാടനസന്ദേശത്തിൽ XVI-ാമത് കൗൺസിൽ ചരിത്രത്തിൽ ഇടംനേടുന്ന കൗൺസിലാണെന്ന് സൂചിപ്പിച്ചു. അതിരൂപതയുടെ ചരിത്രത്തിലാദ്യമായി ഒരു വനിതാസെക്രട്ടറി നയിക്കുന്ന കൗൺസിലെന്ന ഖ്യാതി ഈ കൗൺസിലിന് സ്വന്തമാണെന്ന് പിതാവ് പറഞ്ഞു. അന്തർദേശീയ വനിതാദിനത്തിന്റെ ആശംസകൾ വനിതാംഗങ്ങളെ അറിയിച്ചു. കുടുംബത്തിലും സഭയിലും സമൂഹത്തിലും സ്ത്രീകൾ വഹിക്കുന്ന അനന്യമായ പങ്കാളിത്തത്തെ പിതാവ് ശ്ലാഘിച്ചു. പാസ്റ്ററൽ കൗൺസിലെന്നത് പങ്കാളിത്തസഭയുടെ ഏറ്റവും ഉദാത്തമായ പ്രകാശനമാണെന്നും അതിരൂപതയുടെ മുഴുവൻ സ്പന്ദനങ്ങളും അറിയുകയും പ്രതിനിധീകരിക്കുകയും ചെയ്തുകൊണ്ട് സഭയുടെ കണ്ണും

കാതും കൈകാലുകളുമായി പ്രവർത്തിക്കുവാൻ ഏവർക്കും കടമയുണ്ടെന്നും ഓർമിപ്പിച്ചു. സഭ നേരിടുന്ന വെല്ലുവിളികൾ അവളെ ദുർബലയാക്കുമെന്ന അവബോധത്തോടെ സഭാമക്കൾ ജാഗ്രതയോടെ ഒരുമിച്ചുനിൽക്കണമെന്നും പൊതുനന്മ ലക്ഷ്യംവച്ച് സ്വാർത്ഥത വെടിഞ്ഞ് ദൈവരാജ്യനിർമിതിയിൽ താൽപര്യത്തോടെ പങ്കുചേരണമെന്നും പുളിമാവായി പ്രവർത്തിക്കുവാൻ ദൗത്യം ലഭിച്ച നമ്മൾ കുറവില്ലാതെ നിർവഹിക്കേണ്ട പ്രേഷിതദൗത്യമാണിതെന്നും അഭി. പിതാവ് പറഞ്ഞു. നിസ്സംഗതയാണ് ഇക്കാലഘട്ടത്തിൽ നാം നേരിടുന്ന ഏറ്റവുംവലിയ പ്രതിസന്ധിയെന്നും സഭയെയും കുടുംബങ്ങളെയും ഈ തിന്മ യുടെ നീരാളിപ്പിടുത്തത്തിൽനിന്ന് മോചിപ്പിക്കാൻ സർവാത്മനാ ശ്രമിക്കണ മെന്നും അഭി. പിതാവ് ആവശ്യപ്പെട്ടു.

### കമ്മിറ്റികളുടെ രൂപീകരണം

പാസ്റ്ററൽ കൗൺസിലിന്റെ 10 കമ്മിറ്റികളുടെ രൂപീകരണത്തിനും കൺവീനർ മാരുടെയും മറ്റു പ്രതിനിധികളുടെയും തെരഞ്ഞെടുപ്പിനും അതിരൂപതാ ചാൻസലർ പെരിയ ബഹു. ആലഞ്ചേരി ഐസക് അച്ചൻ നേതൃത്വംനൽകി.

### പഠനവിഷയങ്ങളും അവതരിപ്പിച്ചവരും

1. അഞ്ചാമത് സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2024 – കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർ സഭയിൽ (പെരിയ ബഹു. ജയിംസ് പാലയ്ക്കൽ അച്ചൻ - അതിരൂപതാ സിഞ്ചെള്ളൂസ്)
2. പാസ്റ്ററൽ കൗൺസിൽ കമ്മിറ്റികൾ: ദൗത്യം, പ്രവർത്തനശൈലി (പെരിയ ബഹു. ഐസക് ആലഞ്ചേരി അച്ചൻ - അതിരൂപതാ ചാൻസലർ)
3. പാസ്റ്ററൽ കൗൺസിൽ: ചരിത്രം, ദർശനം, നിയമാവലി, പ്രവർത്തനങ്ങൾ (അഡ്വ. ജോജി ചിറയിൽ – അതിരൂപതാ പി.ആർ.ഒ.)
4. അഞ്ചാമത് ചങ്ങനാശ്ശേരി അതിരൂപതാ മഹായോഗത്തിന്റെ കണ്ടെത്ത ലുകൾ (പെരിയ ബഹു. വർഗീസ് താനമാവുങ്കൽ അച്ചൻ - അതിരൂപതാ സിഞ്ചെള്ളൂസ്)
5. യുവജനവർഷം (ഫാ. ആന്റണി ആനക്കല്ലുങ്കൽ – യുവദീപ്തി-എസ്.എം. വൈ.എം. അതിരൂപതാ ഡയറക്ടർ)
6. സഭയും സമുദായവും സാമൂഹ്യ-രാഷ്ട്രീയ ഇടപെടലുകളും (ഫാ. ജോർജ് കുടിലിൽ [ചീഫ് എഡിറ്റർ] & ഫാ. ബെന്നി മുണ്ടനാട്ട് [മാനേജിങ് ഡയ റക്ടർ] ദീപിക ദിനപ്പത്രം)
7. കത്തോലിക്കാ യുവസംരംഭകത്വം (എബി കാളാംതറ - പ്രൊജക്റ്റ് കോഡി നേറ്റർ, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം)

### ഗ്രൂപ്പുചർച്ചകൾ

ക്യാമ്പംഗങ്ങൾ 10 ഗ്രൂപ്പുകളായിതിരിഞ്ഞ് സെക്രട്ടറിമാരെ തെരഞ്ഞെ ടുത്ത് ഏകദേശം ഒന്നരമണിക്കൂർ ചർച്ച നടത്തി. നൽകപ്പെട്ട പഠനവിഷയങ്ങൾ

വിശദമായി ചർച്ച ചെയ്ത്, കണ്ടെത്തലുകളും നിർദേശങ്ങളും അവതരിപ്പിച്ച റിപ്പോർട്ടിങ് സെഷനിൽ മെത്രാപ്പോലീത്തൻ പള്ളിവികാരി പെരിയ ബഹു. കൊച്ചുപറമ്പിൽ ജോസ് അച്ചൻ മോഡറേറ്ററായിരുന്നു. വിവിധ കമ്മിറ്റികൾ ഗ്രൂപ്പുകളായിതിരിഞ്ഞുള്ള ചർച്ചയിൽ തനത് ശുശ്രൂഷാമേഖലകൾ എങ്ങനെ കൂടുതൽ ഫലപ്രദമാക്കാമെന്നതായിരുന്നു വിഷയം. കൂടാതെ വിശ്വാസപരി ശീലനം, യുവജനപ്രേഷിതത്വം തുടങ്ങിയവ കാര്യക്ഷമമാക്കാൻ എന്തുചെയ്യാ നാവുമെന്ന നിർദേശങ്ങളും അവതരിപ്പിക്കാനാവശ്യപ്പെട്ടു. ഫലപ്രദമായ ചർച്ച യിൽ ഉരുത്തിരിഞ്ഞ ക്രിയാത്മകമായ നിർദേശങ്ങൾ അവതരിപ്പിക്കപ്പെട്ടു. ചർച്ചാ നന്തരം നടന്ന ഓപ്പൺഫോറത്തിൽ കൗൺസിലംഗങ്ങളുടെ ചോദ്യങ്ങളും പ്രതികരണങ്ങളും ആവേശകരമായ പങ്കാളിത്തവും നിർണായകമായ കണ്ടെത്ത ലുകളിലേയ്ക്കും നിർദേശങ്ങളിലേയ്ക്കുമെത്തുന്നതിന് സഹായകമായി. രണ്ടാമത്തെ ഗ്രൂപ്പുചർച്ചയ്ക്ക് ചമ്പക്കുളം മാർത്ത് മറിയം ബസിലിക്ക റെക്ടർ പെരിയ ബഹു. ഓണംകുളം ഗ്രിഗറി അച്ചൻ മോഡറേറ്ററായിരുന്നു.

**ഉപസംഹാരം**

അഭി. പെരുന്തോട്ടംപിതാവിന്റെയും വൈദികരുടെയും മുഴുവൻ സമയ സാന്നിധ്യം, ക്രിയാത്മകമായ ചർച്ചകൾ, സീയോനിലെ ആത്മീയാന്തരീക്ഷം, മികച്ച ക്രമീകരണങ്ങൾ, ഡയറക്ടറച്ചന്റെയും സിസ്റ്റേഴ്സിന്റെയും കരുതലോ ടെയുള്ള പരിചരണം എന്നിവയൊക്കെ ക്യാമ്പിന്റെ വിജയത്തിന് മാറ്റുകൂട്ടിയ ഘടകങ്ങളായിയെന്ന് ആന്റണി ആറിൽചിറ, ഡോ. റാണി മരിയ തോമസ് എന്നി വർ ക്യാമ്പവലോകനത്തിൽ അഭിപ്രായപ്പെട്ടു. അഭി. പിതാവിന്റെ സമാപന സന്ദേശത്തോടും ആശീർവാദത്തോടുംകൂടെ ക്യാമ്പ് സമാപിച്ചു. ജോയിന്റ് സെക്രട്ടറി ബിജു സെബാസ്റ്റ്യൻ നന്ദിയർപ്പിച്ചു. തുടർന്ന്, പുതുതായി നില വിൽവന്ന എക്സിക്യുട്ടിവ് കമ്മിറ്റി അഭി. പിതാവിനോടും കൂരിയ അംഗങ്ങ ളോടുമൊപ്പം ആദ്യസമ്മേളനം നടത്തി. മാർച്ച് 9 ന് ഫൊറോനാ കൗൺസിൽ സെക്രട്ടറിമാരുടെയും അതിരൂപതാ ജാഗ്രതാവേദിയുടെയും സംയുക്തസമ്മേ ളനത്തോടെ ക്യാമ്പ് സമാപിച്ചു. അർത്ഥവത്തായി ചിലവഴിച്ച മൂന്നുദിവസങ്ങ ളുടെ ഓർമകളുമായി ഏവരും മടങ്ങി.

**നന്ദി**

ക്യാമ്പിൽ ആദ്യന്തം പങ്കെടുത്ത അംഗങ്ങൾക്കും ക്യാമ്പിന്റെ വിജയത്തിന് ആത്മാർത്ഥമായി സഹകരിക്കുകയും പ്രാർത്ഥിക്കുകയും പ്രോത്സാഹിപ്പിക്കു കയും നിർദേശങ്ങൾ നൽകുകയും ചെയ്തവർക്കും ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**പ്രൊഫ. പി.വി. ജറോം**
**ബിജു സെബാസ്റ്റ്യൻ**
*(ജോയിന്റ് സെക്രട്ടറിമാർ)*

**ഡോ. രേഖ മാത്യൂസ്**
*(സെക്രട്ടറി)*

■

# പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി

## പിതാവിനോടൊത്തൊരു സായാഹ്നം

2024–2026 പ്രവർത്തനവർഷങ്ങളിലേയ്ക്കായി പുനർക്രമീകരിക്കപ്പെട്ട ജാഗ്രതാ സമിതിയുടെ 'പിതാവിനോടൊത്തൊരു സായാഹ്നം' എന്നപേരിലുള്ള പരിപാടി ഫെബ്രുവരി 29 വൈകുന്നേരം 6.00 മുതൽ 8.00 വരെ അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ടു. അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം, അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ, സമിതിയുടെ ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ്, ഫാ. ആന്റണി തലച്ചെല്ലൂർ, മറ്റു സമിതിയംഗങ്ങൾ എന്നിവർ പങ്കെടുത്തു. ആനുകാലിക സഭാസാമൂഹികവിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തി. ഞായറാഴ്ചയുടെ പ്രാധാന്യം അപഹരിക്കുന്ന സർക്കാർസംവിധാനങ്ങൾ, ഇതരമതങ്ങളുമായുള്ള വർദ്ധിക്കുന്ന വിവാഹങ്ങൾ, സൺഡേസ്കൂൾ പരിശീലനം കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത എന്നീ വിഷയങ്ങളും കുട്ടനാടിന്റെ വിവിധ വിഷയങ്ങളും ചർച്ച ചെയ്യപ്പെട്ടു.

## ജാഗ്രതാ ശിൽപശാല

പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതിയുടെ രജതജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച ജാഗ്രതാ ശിൽപശാല മാർച്ച് 9 രാവിലെ 8.30 മുതൽ 2.00 വരെ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ശിൽപശാല ഉദ്ഘാടനംചെയ്തു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഡോ. വർഗീസ് താനമാവുങ്കൽ അധ്യക്ഷതവഹിച്ചു. സമിതിയുടെ ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ് എന്നിവർ പ്രസംഗിച്ചു. സമിതിയിലെ മറ്റ് അംഗങ്ങൾ, ഫൊറോനാ കൗൺസിൽ സെക്രട്ടറിമാർ, ഫൊറോനാ ജാഗ്രതാസമിതി കൺവീനേഴ്സ് എന്നിവർ പങ്കെടുത്തു. *ഫൊറോനാ ജാഗ്രതാസമിതി – ഘടനയും പ്രവർത്തനശൈലിയും* എന്ന വിഷയത്തെ ആസ്പദമാക്കി പ്രൊഫ. ഡോ. പി. സി. അനിയൻകുഞ്ഞും *ഈ കാലഘട്ടത്തിൽ സഭ ജാഗ്രത പുലർത്തേണ്ട പ്രത്യേകമേഖലകൾ* എന്ന വിഷയത്തെ ആസ്പദമാക്കി റോയി കൊട്ടാരച്ചിറയും ക്ലാസ്സുകൾനയിച്ചു. തുടർന്നുനടന്ന പൊതുചർച്ചയിലും കർമപദ്ധതി രൂപീകരണത്തിലും ഫാ. ആന്റണി തലച്ചെല്ലൂർ മോഡറേറ്ററായിരുന്നു.

## പാറേമാക്കൽ തോമാക്കത്തനാർ അനുസ്മരണം

മലയാളത്തിലെ ആദ്യ സഞ്ചാരസാഹിത്യകൃതിയായ വർത്തമാനപ്പുസ്തകത്തിന്റെ രചയിതാവും കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണദോറുമായി

രുന്ന പാറേമാക്കൽ തോമാക്കത്തനാരുടെ 225-ാമത് ചരമവാർഷികം പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപതാകേന്ദ്രത്തിൽ മാർച്ച് 20 ന് നടത്തപ്പെട്ടു. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അനുസ്മരണസന്ദേശം നൽകി. പാറേമാക്കൽ തോമാക്കത്തനാർ ആഴമേറിയ സഭാസ്നേഹിയായിരുന്നുവെന്നും നസ്രാണിസഭയുടെ വ്യക്തിത്വവും തനിമയും പാരമ്പര്യങ്ങളും സംരക്ഷിക്കാൻ മാർ ജോസഫ് കരിയാറ്റിയോടൊപ്പം എന്തു ത്യാഗത്തിനും തയ്യാറായിരുന്നുവെന്നും അദ്ദേഹത്തിന്റേതുപോലെയുള്ള ധീരമായ സഭാസ്നേഹവും സഭാപ്രവർത്തനവും ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അഭി. പിതാവ് അനുസ്മരിച്ചു. ഫാ. പ്ലാഡിഡ് പൊടിപ്പാറ സി.എം.ഐ. തയ്യാറാക്കിയ വർത്തമാനപ്പുസ്തകത്തിന്റെ ഇംഗ്ലീഷ് വിവർത്തനം പുതിയ പതിപ്പ് അതിരൂപതാ യുവദീപ്തി പ്രസിഡന്റ് ജോയൽ ജോൺ റോയിക്ക് നൽകിക്കൊണ്ട് അനുസ്മരണസമ്മേളനം പിതാവ് ഉദ്ഘാടനംചെയ്തു.

ജാഗ്രതാസമിതി ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. വർഗീസ് മൂന്നുപറയിൽ, ഡോ. പി. സി. അനിയൻകുഞ്ഞ്, ഡോ. റൂബിൾ രാജ്, സെർജി ആന്റണി, ജോബി പ്രാക്കുഴി, ബോബി തോമസ്, അഡ്വ. ഡെന്നിസ് ജോസഫ്, അതിരൂപതാ ചരിത്രകമ്മീഷനംഗം കെ.വി. സെബാസ്റ്റ്യൻ, വാഴപ്പള്ളി ബ്ലോക്ക് പഞ്ചായത്തംഗം വർഗീസ് ആന്റണി, കുട്ടനാട് റിസേർച്ച് & റിവൈവൽ ഇനിഷ്യേറ്റീവ് സൊസൈറ്റി പി.ആർ.ഒ. ടോം ജോസഫ്, എ.കെ.സി.സി. അതിരൂപതാ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. വർഗീസ് മൂന്നുപറയിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*

**അഡ്വ. ജോജി ചിറയിൽ**
*(പി.ആർ.ഒ.)*

■

# സന്ദേശനിലയം

മ്ശിഹായിൽ സ്നേഹമുള്ളവരേ,

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും മാർഗത്തിലൂടെയൊരുങ്ങി നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുനാളാഘോഷത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളാശംസകൾ! ഉത്ഥിതനായ മ്ശിഹായുടെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ നിറയാനായി പ്രാർത്ഥിക്കാം. അവിടുത്തെ രക്ഷാകരരഹസ്യങ്ങളിലൂടെ ലഭിച്ച പുത്രസ്വീകാര്യത്തിന്റെ ആത്മാവിന്റെ നിമന്ത്രണങ്ങൾക്ക് നമ്മെത്തന്നെ വിട്ടുകൊടുത്ത് ഉത്തമക്രൈസ്തവരായി ജീവിക്കാം. വിശ്വാസപരിശീലനത്തിന്റെ പ്രധാന ഭാഗമായ വിശ്വാസോത്സവത്തിന്റെ ദിനങ്ങളിൽ തീക്ഷ്ണതയോടും താൽപര്യത്തോടുംകൂടി പങ്കുചേരാം. കുടുംബങ്ങളുടെയും ഇടവകയുടെയും വിശ്വാസ പരിപോഷണത്തിനുള്ള അവസരമായി ഈ വർഷത്തെ വിശ്വാസോത്സവം മാറട്ടെ എന്നാശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഏപ്രിൽ**

01 തിങ്കൾ : **വിശ്വാസോത്സവം ആരംഭിക്കുന്നു**
06 ശനി : CLT ക്ലാസ്സ്
07 ഞായർ : ഉയിർപ്പുകാലം രണ്ടാം ഞായർ ***(പുതുഞായർ)***
10 ബുധൻ : വിശ്വാസോത്സവം സമാപിക്കുന്നു
27 ശനി : **അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ**
(ഫൊറോനകളിൽ രാവിലെ 10 മുതൽ 12 വരെ)

**മെയ്**

01 ബുധൻ : തൊഴിലാളികളുടെ മധ്യസ്ഥനായ മാർ യൗസേപ്പ്, മെയ്ദിനം *(ഓഫീസ് അവധി)*
09 വ്യാഴം : കർത്താവിന്റെ സ്വർഗാരോഹണം
19 ഞായർ : ശ്ലീഹാ ഒന്നാം ഞായർ, **പന്തക്കുസ്താ തിരുനാൾ**, അതിരൂപതാ മതബോധനദിനം
വിദ്യാരംഭം മതബോധനവർഷം അതിരൂപതാതല / ഇടവകതല ഉദ്ഘാടനം

## ecos@sandes

എല്ലാ ക്ലാസ്സുകളിലെയും രണ്ടാം ടേം പരീക്ഷയുടെ മാർക്കും ഹാജർ നിലയും ഇതിനോടകം ecos ൽ രേഖപ്പെടുത്തിയിരിക്കുമല്ലോ. അതിനുശേഷം വിശ്വാസോത്സവത്തിന്റെ സ്കോറും ecos ൽ രേഖപ്പെടുത്തുക. ഇതുവഴി പ്രമോഷൻ ലിസ്റ്റ് എളുപ്പത്തിൽ തയ്യാറാക്കുന്നതിന് സാധിക്കും. രേഖകൾ

കൃത്യമായി ecos ൽ രേഖപ്പെടുത്തിയെങ്കിൽ മാത്രമേ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സന്ദേശനിലയത്തിൽനിന്നും നൽകുവാനാകൂ എന്നകാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**സീറോമലബാർ പ്രതിഭാസംഗമം**

അതിരൂപതാതല സ്കോളർഷിപ്പുപരീക്ഷയ്ക്ക് ഏഴാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും സിനഡുതലത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന പ്രതിഭാ സംഗമത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

**പ്രത്യേക വിശ്വാസപരിശീലനക്യാമ്പ്**

നവോദയ, സൈനികസ്കൂളുകളിൽ പഠിക്കുന്ന 8, 9, 10, 11, 12 ക്ലാസുകളിലെ കുട്ടികൾക്കും (സൺഡേസ്കൂളിൽ സ്ഥിരമായെത്താൻ സാധിക്കാത്തവർ) മറ്റു ഗൗരവതരമായ കാരണങ്ങളാൽ 2023 – 2024 വർഷത്തിൽ നിർദേശിച്ചിരിക്കുന്ന ഹാജർനില (75%) ഇല്ലാത്തവരുമായ കുട്ടികൾക്കുമായി ***മെയ് 6–9*** തീയതികളിൽ പ്രത്യേകമായ വിശ്വാസപരിശീലനക്യാമ്പ് ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ നടത്തപ്പെടുന്നു. വേണ്ടത്ര ഹാജറില്ലാത്തവർ ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണം. പങ്കെടുക്കാനുള്ളവരുടെ പേരുവിവരങ്ങൾ നൽകപ്പെടുന്ന ഗൂഗിൾ ഫോം പൂരിപ്പിച്ച് ***ഏപ്രിൽ 15 ന് മുമ്പായി*** സമർപ്പിക്കുക. വിശദവിവരങ്ങൾ കാറ്റക്കെറ്റിക്കൽ കലണ്ടർ 32, 33 പേജുകൾ കാണുക.

**ബി.സി.റ്റി. ക്യാമ്പ്**

വിശ്വാസപരിശീലനശുശ്രൂഷയ്ക്ക് ഏറ്റവുമാവശ്യമായ അടിസ്ഥാന ബോധ്യങ്ങൾ നൽകുന്ന ബി.സി.റ്റി. പരിശീലനപരിപാടി ***മെയ് 11 ശനിയാഴ്ച*** രാവിലെ 9.30 ന് ആരംഭിച്ച് ***മെയ് 12*** വൈകുന്നേരം നാലിന് സമാപിക്കുന്നവിധത്തിൽ നടത്തപ്പെടുന്നു. ഇതുവരെയും ബി.സി.റ്റി. കോഴ്സിൽ പങ്കെടുക്കാത്ത അധ്യാപകർ ഇതിൽ പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. ecos@sandes ലൂടെ കോഴ്സിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**സ്വാഗതം**

അതിരൂപതാ ഫൊറോന ഓർഗനൈസേഴ്സായി നിയമിതരായിരിക്കുന്ന ഫാ. അബ്രഹാം തീമ്പലങ്ങാട്ട് (ആലപ്പുഴ), ഫാ. ചാക്കോ ഒറ്റാറയ്ക്കൽ (അമ്പൂരി), ഫാ. ഹെൻറി കോയിൽപ്പറമ്പിൽ (അതിരമ്പുഴ), ഫാ. ജോസഫ് പുതുവീട്ടിൽക്കളം (ചമ്പക്കുളം), ഫാ. ജോൺ തത്തയ്ക്കാട്ടുപുളിക്കൽ (കോട്ടയം), ഫാ. കുര്യൻ അമ്പലത്തുങ്കൽ (കുടമാളൂർ), ഫാ. മാത്യു വടക്കേറ്റത്ത് (കുറുമ്പനാടം), ഫാ. മാത്യു മരങ്ങാട്ട്, (നെടുങ്കുന്നം) എന്നിവർക്ക് അതിരൂപതാ സന്ദേശനിലയം കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

**ആദരാഞ്ജലികൾ**

വെരൂർ സൺഡേസ്കൂൾ അധ്യാപിക തയ്യിൽ വിജിയുടെ പിതാവിന്റെ നിര്യാണത്തിൽ അതിരൂപതാ സന്ദേശനിലയം – മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയുമറിയിക്കുന്നു.

■

# ചെറുപുഷ്പ മിഷൻലീഗ് (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രമായ ഈശോയുടെ ഉത്ഥാനം അനുസ്മരിക്കുന്ന ഉയിർപ്പുകാലത്തേയ്ക്ക് കടന്നിരിക്കുകയാണ്. അമ്പതുദിവസം നോമ്പെടുത്ത് ജീവിതനവീകരണംവഴി നാം ഈശോയോടൊപ്പം പുതുജീവിതത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. ഉത്ഥിതനായ ഈശോതരുന്ന സമാധാനവും ശാന്തിയുമനുഭവിച്ച് പുതിയസൃഷ്ടികളായിത്തീരാം. ഈ അവധിക്കാലത്ത് കൂടുതൽ നന്മകൾ ചെയ്ത് ജീവിക്കാൻ പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഏപ്രിൽ**

15 തിങ്കൾ : കൈയെഴുത്തുമാസിക അതിരൂപതയിൽ ഏല്പിക്കേണ്ട അവസാനതീയതി

27 ശനി : **അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ, അതിരൂപതാ നേതൃത്വ പരിശീലനക്യാമ്പ്** (രാവിലെ 9 ന് ആരംഭിച്ച് 28 ഉച്ചകഴിഞ്ഞ് 3 ന് സമാപിക്കുന്നു.)

**മെയ്**

01 ബുധൻ : തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പ്, മെയ്ദിനം *(ഓഫീസ് അവധി)*

### അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ്

ഈ വർഷം പൗരോഹിത്യ-സന്യാസജീവിതത്തിലേയ്ക്ക് പ്രവേശിക്കാനാഗ്രഹിക്കുന്ന 10, 12, ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയ ആൺകുട്ടികൾക്കായി ***ഏപ്രിൽ 3 ബുധൻ*** രാവിലെ 9.30 മുതൽ ***ഏപ്രിൽ 4 വ്യാഴം*** വൈകുന്നേരം 4.00 വരെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിലും പെൺകുട്ടികൾക്കായി ***ഏപ്രിൽ 12 വെള്ളി*** രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ ചങ്ങനാശ്ശേരി സന്ദേശനിലയത്തിലും അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 200 രൂപയും പെൺകുട്ടികൾക്ക് 75 രൂപയുമാണ്. യോഗ്യരായ കുട്ടികളെ ഈ ക്യാമ്പിലേയ്ക്ക് പറഞ്ഞയയ്ക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് താൽപര്യപ്പെടുന്നു.

## അതിരൂപതാ നേതൃത്വപരിശീലനക്യാമ്പ്

അതിരൂപതയിലെ കുഞ്ഞുമിഷനറിമാർക്കായി ***ഏപ്രിൽ 27, 28*** തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നേതൃത്വപരിശീലന ക്യാമ്പ് നടത്തപ്പെടുന്നു. മേഖലാ ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടാതെ ശാഖകളിൽനിന്നും ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് ഈ ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 700 രൂപ. ഏപ്രിൽ 27 രാവിലെ 9 ന് ആരംഭിച്ച് 28 ഉച്ചകഴിഞ്ഞ് 3 ന് സമാപിക്കുന്നു.

## ശാഖ-മേഖല വാർഷികറിപ്പോർട്ട്

2023-2024 പ്രവർത്തനവർഷറിപ്പോർട്ടിൽ 2023 ജൂൺ ഒന്നുമുതൽ 2024 മെയ് 31 വരെയുള്ള പ്രവർത്തനങ്ങളാണ് രേഖപ്പെടുത്തേണ്ടത്. മെയ്മാസത്തിൽ റിപ്പോർട്ടിന്റെ ഫോം വാട്സ്ആപ്പിലൂടെ ലഭിക്കുന്നതാണ്. ലഭിക്കുന്ന ഫോം പൂരിപ്പിച്ച് നൽകിയാൽമതി. പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ഫോട്ടോയടക്കം കൈവശമുണ്ടായിരിക്കണം. മാതൃകാശാഖയും മാതൃകാമേഖലയുമായി തെരഞ്ഞെടുക്കപ്പെട്ടാൽമാത്രം റിപ്പോർട്ട് അതിരൂപതാ ഓഫീസിൽ സമർപ്പിക്കുക.

■

## ഉത്ഥിതനോടൊപ്പം



**സി. ക്രിസ്റ്റീന ചെമ്പകശ്ശേരിൽ FCC**

**"ഞാൻ നന്നായി പൊരുതി;**
**എന്റെ ഓട്ടം പൂർത്തിയാക്കി;**
**വിശ്വാസം കാത്തു"** ***(2 തിമോ. 4:7).***

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

നോമ്പാചരണത്തിലൂടെ പുതുചൈതന്യമുൾക്കൊണ്ട് ഉയിർപ്പുതിരുനാളിന്റെ ഉണർവിൽ പ്രവർത്തനമേഖലകളിലേയ്ക്ക് പ്രവേശിക്കാം. ഈ തിരുനാളിന്റെ ചൈതന്യം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാൻ നിങ്ങളെ ദൈവം ഉപകരണങ്ങളാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നൂറുമേനിമത്സരം ഇടവകതലത്തിൽ ഒരവസരംകൂടെ ഏപ്രിൽ 14 ന് നൽകുകയാണ്. ആദ്യമത്സരത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കും മത്സരിച്ചിട്ട് ഫൊറോനാതലത്തിലേയ്ക്ക് യോഗ്യത ലഭിക്കാത്തവർക്കും ഇത് പ്രയോജനപ്പെടുത്തി ഫൊറോനാതലമത്സരത്തിലേയ്ക്ക് യോഗ്യത നേടാവുന്നതാണ്. ഏപ്രിൽ 28 ഉച്ചകഴിഞ്ഞ് 1.30 മുതൽ 5 വരെ ഫൊറോനാകേന്ദ്രങ്ങളിൽ നൂറുമേനി ഫൊറോനാതലമത്സരം നടത്തപ്പെടുന്നതാണ്. ഇടവകതലത്തിൽ 100 മാർക്കും അതിൽകൂടുതലും ലഭിച്ചവർ, കുടുംബമായി 200 മാർക്ക് ലഭിച്ചവർ, ഇടവകതലത്തിൽ ഓരോ കാറ്റഗറിയിലും ആദ്യ മൂന്നുസ്ഥാനങ്ങൾ ലഭിച്ചവർ (ശിശുവിഭാഗമൊഴികെ) എന്നിവർക്ക് മത്സരത്തിന് യോഗ്യത ലഭിക്കുന്നു. വ്യക്തിപരമായി 100 മാർക്ക് ലഭിച്ചവർക്ക് തന്റെ കുടുംബത്തിൽനിന്നും ഒന്നോ രണ്ടോ പേരെ ഉൾപ്പെടുത്തി ടീമായി ഫൊറോനാതലമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഇടവകതലമത്സരം**

നൂറുമേനി ഇടവകതലമത്സരത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നവർക്കും പങ്കെടുത്തിട്ട് ഫൊറോനാതലമത്സരത്തിന് യോഗ്യരാകാതിരുന്നവർക്കുംവേണ്ടി ഏപ്രിൽ 14 ന് ഇടവകകളിൽ ഒരിക്കൽകൂടി മത്സരം നടത്തുകയാണ്.

**നൂറുമേനി ഫൊറോനാതലമത്സരം**

18 ഫൊറോനാകേന്ദ്രങ്ങളിൽ **ഏപ്രിൽ 28 ഞായറാഴ്ച** ഉച്ചകഴിഞ്ഞ് 1.30 മുതൽ 5 വരെ നൂറുമേനി ഫൊറോനാതലമത്സരം നടത്തപ്പെടുന്നു. വ്യക്തിപരമായി 100 മാർക്കും കുടുംബമായി 200 മാർക്കും ഓരോ കാറ്റഗറിയിലും (ശിശുവിഭാഗമൊഴികെ) ആദ്യ മൂന്നുസ്ഥാനങ്ങൾ ഇടവകയിൽ ലഭിച്ചവർക്കും പങ്കെടുക്കാവുന്നതാണ്. ഇടവകവികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്ത്, റൈറ്റിങ് പാഡ്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്.

**നന്ദിയുടെ വാക്ക്**

കുടുംബക്കൂട്ടായ്മയുടെ അതിരൂപതാ ഓഫീസിൽ ശുശ്രൂഷ ചെയ്തശേഷം വിദേശത്തേയ്ക്കുപോകുന്ന അജേഷ് പടനിലത്തിന് ഹൃദയംനിറഞ്ഞ സ്നേഹത്തോടെ യാത്രാമംഗളങ്ങൾ നേരുന്നു.

*ശേഷം പേജ് 58 ൽ.....»*

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയ സഹോദരങ്ങളേ,

*കരുതലും കരുണയും* എന്ന വിഷയത്തിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള കർമ പരിപാടികൾ ആസൂത്രണം ചെയ്ത് വിവിധതലങ്ങളിൽ മാതൃവേദി - പിതൃവേദിയുടെ പ്രവർത്തനങ്ങൾ മുന്നേറുകയാണ്. കരുണ അപരന്റെ നന്മയും സുസ്ഥിരതയും കാംഷിക്കുന്ന ഉന്നതമൂല്യമാകുമ്പോൾ, അതിനുനൽകുന്ന പ്രായോഗികരൂപമാണ് കരുതൽ.

സംഘടനകൾ അവയുടെ സ്വാഭാവികപ്രവർത്തനശൈലി നിലനിർത്തിക്കൊണ്ടുതന്നെ ജീവകാരുണ്യപരവും സാമൂഹ്യക്ഷേമപരവുമായ പദ്ധതികൾ ധീരതയോടെ ഏറ്റെടുക്കണം. ഈ തലങ്ങളിൽ നമ്മൾ ഏറെ മുന്നിലല്ലായെന്ന് ഓർക്കേണ്ടതാണ്. അതുപോലെതന്നെ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന അതിരൂപതയുടെ പദ്ധതികളോട് സാധിക്കുന്നയെല്ലാവരും പങ്കുചേരുകയും ചെറുതുംവലുതുമായ സംരംഭങ്ങളിലൂടെ സ്വാശ്രയശീലം വളർത്തുകയും ചെയ്യണം.

നിലവിലുള്ള ഭരണസമിതിയുടെ തുടർന്നുള്ള 10 മാസത്തെ പ്രവർത്തനങ്ങൾ മേൽപറഞ്ഞതലങ്ങളിലെല്ലാം തുടക്കവും പുരോഗതിയും തുടർച്ചയും ഉണ്ടാകത്തക്കവിധത്തിലുള്ള ഉറപ്പുള്ള അടിത്തറയിലായിരുന്നാൽ അത് വരും നാളുകളിൽ മാതൃകാപരവും മാർഗദീപവുമാകും.

സ്നേഹത്തോടെ,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### അന്തർദേശീയ വനിതാദിനം

അന്തർദേശീയ വനിതാദിനത്തിന്റെ ആഘോഷങ്ങളും സെമിനാറുകളും മാർച്ച് 8 മുതലുള്ള ദിനങ്ങളിൽ യൂണിറ്റ്-ഫൊറോനാതലങ്ങളിൽ ക്രമീകരിക്കപ്പെട്ടു. വനിതാസംരംഭകർ, വനിതാ പാലിയേറ്റീവ് കെയറംഗങ്ങൾ തുടങ്ങീ സമൂഹത്തിന്റെ വിവിധ ശുശ്രൂഷാമേഖലകളിൽ പ്രവർത്തിക്കുന്ന വനിതകളെ ആദരിച്ചു.

### മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ ചരമവാർഷികം

മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ ഒന്നാം ചരമവാർഷികത്തിന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തിയ സിംപോസിയത്തിന്റെയും പരിശുദ്ധ കുർബാനയുടെയും ക്രമീകരണങ്ങളിൽ സഹകരിക്കുകയും തിരുക്കർമങ്ങളിൽ പങ്കെടുത്ത് പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

### പിതൃവേദിയുടെ സ്വർഗീയമദ്ധ്യസ്ഥന്റെ തിരുനാൾ

പിതൃവേദിയുടെ സ്വർഗീയമദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ യൂണിറ്റുതലങ്ങളിൽ ആചരിക്കപ്പെട്ടു. പിതൃവേദിയുടെ പതാക

ഉയർത്തൽ, മധുരം പങ്കുവെപ്പ്, ജോസഫ് നാമധാരികളുടെ സംഗമം, ജീവ കാരുണ്യപ്രവർത്തനങ്ങൾ തുടങ്ങിയ രീതികളിൽ തിരുനാളാഘോഷങ്ങൾ നടത്തപ്പെട്ടു.

### പ്രോലൈഫ് പ്രവർത്തകരുടെ മീറ്റിങ്

മാർച്ച് 25 ന് നടത്തിയ പ്രോലൈഫ് ദിനത്തിന്റെ ക്രമീകരണങ്ങളെപ്പറ്റി ചിന്തിക്കുവാൻ പ്രോലൈഫ് നേതൃനിരയുടെ മീറ്റിങ് മാർച്ച് 12 ന് ഫാമിലി അപ്പോസ്തലേറ്റ് അതിരൂപതാ ഓഫീസിൽ നടത്തപ്പെട്ടു.

### അതിരൂപതാ ആനിമേഷൻ ടീമംഗങ്ങളുടെ ഓൺലൈൻ മീറ്റിങ്

അതിരൂപതാ ആനിമേഷൻ ടീമംഗങ്ങളുടെ ഓൺലൈൻ മീറ്റിങ് മാർച്ച് 14 രാത്രി 9.30 ന് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. പ്രോലൈഫ് പ്രവർത്ത നങ്ങൾ, സംരംഭകരെ പ്രോത്സാഹിപ്പിക്കൽ എന്നിവ ചർച്ചാവിഷയമായി.

### മുൻ മേജർ ആർച്ചുബിഷപ് മാർ ആന്റണി പടിയറപ്പിതാവിന്റെ ചരമവാർഷികം

മാതൃവേദി-പിതൃവേദി സംഘടനകളുടെ സ്ഥാപകപിതാവായ മുൻ മേജർ ആർച്ചുബിഷപ് മാർ ആന്റണി പടിയറപ്പിതാവിന്റെ ചരമവർഷികദിനത്തിൽ (മാർച്ച് 23) പ്രാർത്ഥനയോടെ പിതാവിനെ സ്മരിച്ചു.

### പ്രോലൈഫ് ദിനം – മംഗളവാർത്തത്തിരുന്നാൾ

അതിരൂപതാതലത്തിൽ പാറേൽ സെന്റ് മേരീസ് പള്ളിയിൽ മാർച്ച് 25 ന് പ്രോലൈഫ് പ്രാർത്ഥനയും സമ്മേളനവും നടത്തപ്പെട്ടു. രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചയ്ക്ക് ഒരുമണിക്ക് അവസാനിക്കുന്ന രീതിയിലാണ് ശുശ്രൂഷ കൾ ക്രമീകരിക്കപ്പെട്ടത്. അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശംനൽകി.

## ഏപ്രിൽമാസത്തിൽ ഓർമിക്കാൻ

### ഏപ്രിൽ 28: യുവദമ്പതീദിനം – വി. ജിയാന്നയുടെ തിരുനാൾ

വി. ജിയാന്ന പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് യൂണിറ്റുതല ത്തിൽ യുവദമ്പതികളുടെ ഒത്തുചേരൽ ക്രമീകരിക്കാം. യുവദമ്പതികളുടെ ഷെയറിങ്, ചർച്ച, പ്രാർത്ഥനാശുശ്രൂഷ, കൗൺസെലിങ്ങിനുള്ള സാധ്യതകൾ (വികാരിയച്ചന്മാരുടെ അനുവാദത്തോടെ മാത്രം) എന്നിവ ക്രമീകരിക്കുന്നത് ഉചിതമാണ്.

### പ്രോലൈഫ് ശുശ്രൂഷകൾ

യൂണിറ്റുകളിൽ പ്രോലൈഫ് ശുശ്രൂഷകൾ ക്രമീകരിക്കേണ്ട മാസമാണിത്. ഉചിതമായ ദിനത്തിൽ പ്രാർത്ഥനാശുശ്രൂഷയും വി. ജിയാന്ന അനുസ്മരണവും ക്രമീകരിക്കാം.

### വലിയകുടുംബങ്ങളുടെ സംഗമം

പ്രോലൈഫ് ശുശ്രൂഷകളുടെ ഭാഗമായി വലിയകുടുംബങ്ങളുടെ സംഗമം അതിരൂപതാതലത്തിൽ നടത്താനാഗ്രഹിക്കുന്നു. 4 കുട്ടികളുള്ളവരും വിവാ ഹിതരായിട്ട് 20 വർഷത്തിൽ താഴെയുള്ള കുടുംബങ്ങളാണ് ഒത്തുചേരുന്നത്. **ഏപ്രിൽ 20 ന്** അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെടുന്ന ഈ മീറ്റിങ്ങി

ലേയ്ക്ക് ഇടവകകളിൽനിന്ന് കുടുംബങ്ങളെ അയക്കുമല്ലോ. മുകളിൽ സൂചിപ്പിച്ച പ്രായമാനദണ്ഡത്തിൽപ്പെടുന്ന കുടുംബങ്ങളുടെ വിവരങ്ങൾ മാതൃവേദി-പിതൃവേദി പ്രവർത്തകർ ശേഖരിച്ച് **ഏപ്രിൽ പത്തിനകം** അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്. വിവരശേഖരണത്തിനുള്ള ഫോം വാട്സ് ആപ്പ് മുഖേന നൽകുന്നതാണ്.

### യൂദിത്ത് – നവോമി ഫോറം

യൂണിറ്റുകളിൽ വിധവകളുടെ ശുശ്രൂഷകൾക്ക് നേതൃത്വംകൊടുക്കാൻ സാധിക്കുന്നവരുടെ പേരുവിവരങ്ങൾ ഇനിയും അതിരൂപതാ ഓഫീസിൽ ഏല്പിക്കാനുള്ള ഫൊറോനകൾ **ഏപ്രിൽ പത്തിനകം** നൽകേണ്ടതാണ്.

### സംരംഭകരെ പ്രോത്സാഹിപ്പിക്കാം

2024 ലെ മാർഗരേഖയനുസരിച്ച് ഊന്നൽകൊടുക്കുന്ന ഒന്നാണ് 'ഫാമിലി സ്റ്റാർട്ടപ്പ് ഫോറം'. ഇതിന്റെ ഭാഗമായി ഒരിടവകയിൽ കുറഞ്ഞത് ഒരുസംരംഭം എന്ന ലക്ഷ്യത്തിലധിഷ്ഠിതമായി അംഗങ്ങളിൽ സംരംഭകത്വ താൽപര്യമുണർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പരിപാടികൾ ക്രമീകരിക്കാം. അതിനായുള്ള ചില മുന്നൊരുക്കങ്ങൾ:

1. ഓരോ യൂണിറ്റിലും സംരംഭകത്വതാൽപര്യമുള്ളവരും നിലവിൽ ഉൽപ്പന്നങ്ങൾ സ്വന്തമായി ഉണ്ടാക്കുന്നവരുമായവരെ മാതൃവേദി-പിതൃവേദി ഭാരവാഹികൾ കണ്ടെത്തുക.
2. സംരംഭങ്ങൾ പ്രചരിപ്പിക്കാനും കൂടുതൽ വ്യാപിപ്പിക്കാനും ആഗ്രഹിക്കുന്നവരുടെ ഫോൺ നമ്പറുകൾ (വാട്സ്ആപ്പ്) അതിരൂപതാ പ്രസിഡന്റുമാർക്ക് താഴെപ്പറയുന്ന അവരുടെ നമ്പറുകളിൽ അയച്ചുനൽകുക. (ജിനോദ് അബ്രാഹം – 9645705899, ബീന ജോസഫ് – 9747212355)
3. ഇങ്ങനെയുള്ള ആളുകളെ ഒരുമിപ്പിച്ച് അതിരൂപതാതലത്തിൽ ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച് കൂടുതൽ വിവരങ്ങൾ കൈമാറുന്നതാണ്.

യൂണിറ്റ്-ഫൊറോനാ പ്രസിഡന്റുമാർ ഇതിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുമല്ലോ.

## വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
|---|---|---|
| ഏപ്രിൽ | 01, 02, 03 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 15, 16, 17 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 29, 30, മെയ് 1 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| മെയ് | 13, 14, 15 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 27, 28, 29 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10 am - 5 pm**

# യുവദീപ്തി - SMYM

## വനിതാദിനാചരണം

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ മാമ്മൂട് ലൂർദുമാതാപള്ളിയുടെ ഓഡിറ്റോറിയത്തിൽ അന്തർദേശീയ വനിതാദിനം 'ഇതൾ' എന്നപേരിൽ മാർച്ച് 8 ന് ആചരിച്ചു. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ലിന്റ ജോഷിയുടെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽ ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ ബീന ജോബി വനിതാദിനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ആനിമേറ്റർ സി. തെരസീന എൽ.ഡബ്ല്യു.എസ്.എച്ച്. ആമുഖപ്രസംഗം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ടെസ് ട്രീസ ജോസഫ്, ജെസ്റ്റി മേരി ടോംസ്, ലീബ ബാബു, അമല ജോസഫ്, മെരീറ്റ ജോസഫ്, ജെസ്ന ജയിംസ് എന്നിവർ പ്രസംഗിച്ചു. പാനൽചർച്ചയ്ക്ക് സുമി സിറിയക്, സി. സിജിന എം.എൽ.എഫ്., ഷീജ തോമസ് എന്നിവർ നേതൃത്വം നൽകി. രാവിലെ നടത്തിയ സ്വയംതൊഴിൽ പരിശീലനത്തിൽ ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയിലെ ജോളി ലാലൻ ഡോർ മാറ്റ് നിർമാണം പരിശീലിപ്പിച്ചു. വനിതാദിനത്തോടനുബന്ധിച്ച് നടത്തിയ 'മിസ് യുവതി 2K24' മത്സരത്തിൽ കോട്ടയം ഫൊറോനയിലെ അന്ന സന്തോഷ് ഒന്നാംസ്ഥാനവും തിരുവനന്തപുരം ഫൊറോനയിലെ ബെറ്റ്സി രണ്ടാംസ്ഥാനവും ചങ്ങനാശ്ശേരി ഫൊറോനയിലെ റോസി ആന്റണി മൂന്നാംസ്ഥാനവും കരസ്ഥമാക്കി. മാമ്മൂട് യൂണിറ്റിലെ ഗ്ലോറിയ എലിസബത്ത് തോമസ്, ആൻ മരിയ കുര്യൻ എന്നിവർ വനിതാദിനഗാനങ്ങൾ ആലപിച്ചു. കൂത്രപ്പള്ളി യൂണിറ്റ് പ്രസിഡന്റ് അലീന ആൻ മാത്യു സിനിമാറ്റിക് ഡാൻസ് അവതരിപ്പിച്ചു.

## റിസോഴ്സ് ടീം ട്രെയിനിങ്

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ 2024 വർഷത്തെ പ്രാർത്ഥന-പഠന-പരിശീലനക്യാമ്പുകൾക്ക് നേതൃത്വംനൽകുന്ന റിസോഴ്സ് ടീമിനുള്ള ട്രെയിനിങ് പ്രോഗ്രാം മാർച്ച് 22, 23 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു.

**ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

**ജോയൽ ജോൺ റോയി**
*(പ്രസിഡന്റ്)*

■

# എൽഡേഴ്സ് ഫ്രറ്റേണിറ്റി

## പ്രായമായവർക്ക് അനുഗ്രഹമായി ഗ്രേസ്ഫുൾ ധ്യാനം

വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലിനും ഏകാന്തതയ്ക്കും പ്രതിവിധിയാണ് വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള താമസിച്ചുള്ള ധ്യാനം. വാർദ്ധക്യം ശാപമല്ല, മറിച്ച് അനുഗ്രഹവും ദൈവദാനവും ദൈവം ഭരമേൽപ്പിക്കുന്ന ഒരു ഉത്തരവാദിത്വവുമാണ്. വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും *(സങ്കീ. 92:14)* എന്ന തിരുവചനംപോലെ ഫലദായകമായ വാർദ്ധക്യകാലജീവിതത്തിനായി പ്രായമായവരെ ഒരുക്കുവാൻ ഗ്രേസ്ഫുൾ ധ്യാനത്തിന് കഴിയും. അഞ്ച് ധ്യാനങ്ങൾ നടന്നു. മറ്റു രൂപതകളിൽനിന്നും ധാരാളം പ്രായമായവർ വരുന്നുണ്ട്. പങ്കെടുത്തവർക്കെല്ലാം ദൈവകൃപയുടെ നിറവ് അനുഭവിക്കാൻ കഴിഞ്ഞുവെന്ന് പലരും സാക്ഷ്യപ്പെടുന്നുണ്ട്.

**ഗ്രേസ്ഫുൾ ധ്യാനങ്ങൾ** | **മെയ് 19–22**
**ജൂലൈ 21–24**

മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്: **8086399023, 9495107045**

## സീനിയർ സിറ്റിസൺസ് ഗ്രേസ്ഫുൾ ധ്യാനം 5

60 മുതൽ 99 വയസ് വരെയുള്ള 70 പേർ ധ്യാനത്തിൽ പങ്കെടുത്തു. അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് പരിശുദ്ധ കുർബാനയർപ്പിച്ച് അനുഗ്രഹസന്ദേശം നൽകി. അതിരൂപതാ സിഞ്ചെള്ളൂസ് പെരിയ ബഹു. ജയിംസ് പാലയ്ക്കൽ ധ്യാനം ഉദ്ഘാടനംചെയ്തു. അഞ്ചുരൂപതകളിൽനിന്നുള്ളവർ പങ്കെടുത്തു. പ്രഭാഷണങ്ങൾ, യാമപ്രാർത്ഥനകൾ, ജപമാലപ്രദക്ഷിണം, കൗൺസെലിങ്, അനുരഞ്ജനശുശ്രൂഷ, സൗഖ്യദായകശുശ്രൂഷകൾ എന്നിവ ധ്യാനം ഗ്രേസ്ഫുള്ളാക്കുന്നു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ ടീമിന്റെ മെഡിക്കൽ ചെക്കപ്പുമുണ്ടായിരുന്നു.

## വിശുദ്ധ സംഗമം: ഐക്കരച്ചിറ ഇടവകയിൽ

പീഡാനുഭവവാരാചരണത്തിന് ഒരുക്കമായി ഐക്കരച്ചിറ സെന്റ് ജോർജ് ഇടവകയിലെ പ്രായമായവരുടെയും രോഗികളുടെയും സംഗമം നടന്നു. അനുരഞ്ജനശുശ്രൂഷ, പരിശുദ്ധ കുർബാന, സൗഖ്യദായകശുശ്രൂഷ, പ്രഭാഷണം എന്നിവ പ്രായമായവർക്ക് അനുഗ്രഹമായി. ഉച്ചഭക്ഷണം ക്രമീകരിച്ചിരുന്നു. ഇടവകയിലെ മാതൃ-പിതൃവേദിയംഗങ്ങളും ഇടവകവികാരി ഫാ. സിറിൽ നാൽപതാംകളം, ഫാ. തോമസ് പ്ലാപ്പറമ്പിൽ എന്നിവരും നേതൃത്വംനൽകി.

## പ്രായമായവർക്ക് ഇടവകയാഘോഷങ്ങളിൽ ഒരുദിനം

ഇടവകയിൽ ആഘോഷങ്ങളും തിരുനാളാചരണങ്ങളും നടക്കുമ്പോൾ പ്രായമായവർക്ക് ഒരുദിനം മാറ്റിവച്ച് അവർക്കായി പ്രത്യേകശുശ്രൂഷകൾ നൽകണമേ.

ശുശ്രൂഷകൾക്കായി വിളിക്കുക: **9495107045**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

■

# CARP

## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### വാർഷികാവലോകനവും നേതൃസംഗമവും

ഫെബ്രുവരി 24 ന് അതിരൂപതാകേന്ദ്രത്തിൽ കാർപ് ഡിപ്പാർട്ടുമെന്റിന്റെ അതിരൂപതാതല വാർഷികാവലോകനവും അതിരൂപതാ സമിതിയംഗങ്ങളുടെയും കാർപ് ഫൊറോനാസമിതി സെക്രട്ടറിമാരുടെയും സംയുക്തനേതൃസംഗമവും നടത്തപ്പെട്ടു. അതിരൂപതാ കോഡിനേറ്റർ ടോം ജോസഫ് ചമ്പക്കുളം യോഗത്തിന് സ്വാഗതമാശംസിച്ചു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ അധ്യക്ഷതവഹിച്ച് സംസാരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ വാർഷികാവലോകനവും തുടർപദ്ധതി വിശദീകരണവും നടത്തി. സമിതിയംഗങ്ങളും ഫൊറോനാസെക്രട്ടറിമാരും തങ്ങളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും മാറ്റങ്ങളും പുതിയപ്രവർത്തനങ്ങളും നിർദേശിക്കുകയും ചെയ്തു. പദ്ധതികളും ആനുകൂല്യങ്ങളും വിശദീകരിച്ച് സംസാരിച്ചശേഷം കോഡിനേറ്റർ ബേബി വട്ടക്കര യോഗത്തിന് നന്ദി പ്രകാശിപ്പിച്ചു.

### ക്ലാസ്സുകൾ

മാർച്ച് 2 ന് പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ട പുളിങ്കുന്ന് ഫൊറോനാകൗൺസിലിന്റെ ഉദ്ഘാടനസമ്മേളനത്തിൽ സീറോ മലബാർ എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചാവിഷങ്ങളിലൊന്നായ *സീറോ മലബാർ സമുദായശക്തീകരണം* എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ജയിംസ് കൊക്കാവയലിൽ ക്ലാസ്സ് നയിച്ചു.

മാർച്ച് 3 ന് മുഹമ്മ സെന്റ് ജോർജ് ഫൊറോനപ്പള്ളിയിൽ മുഹമ്മ ഫൊറോന യുവദീപ്തി-എസ്.എം.വൈ.എം. ഫൊറോനാസമിതി സംഘടിപ്പിച്ച സെമിനാറിൽ *യുവജനങ്ങളും പാശ്ചാത്യനാടുകളിലേക്കുള്ള കുടിയേറ്റവും* എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ജയിംസ് കൊക്കാവയലിൽ ക്ലാസ്സ് നയിച്ചു.

### പ്രധാനമന്ത്രി വിശ്വകർമയോജനാ വായ്പ

തയ്യൽക്കാർ, കയർപായ നെയ്ത്തുകാർ, സ്വർണപ്പണിക്കാർ, ആശാരിമാർ തുടങ്ങിയ 18 വിഭാഗം കൈത്തൊഴിലാളികൾക്ക് ജാമ്യമില്ലാതെ മൂന്നുലക്ഷം രൂപ വരെ വായ്പ ലഭിക്കുന്ന പദ്ധതിയാണിത്. കൂടാതെ തൊഴിലുപകരണങ്ങളടങ്ങിയ ടൂൾകിറ്റ് വാങ്ങാൻ 15000 രൂപ വരെ ധനസഹായവും ലഭിക്കും. അപേക്ഷകർക്ക് അക്ഷയകേന്ദ്രങ്ങൾ വഴിയോ കോമൺ സർവീസ് സെന്റർ വഴിയോ ഓൺലൈനായോ അപേക്ഷിക്കാം.

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റേഴ്സ്)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

■

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസ്സിൽനിന്നും ആശംസകൾ!**

### മനുഷ്യജീവന് പുല്ലുവിലയോ?

കേരളത്തിൽ ഈ നാളുകളിൽ നടമാടിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ വിലയിരുത്തിയാൽ ഇവിടെ ഏറ്റവും വിലകെട്ട ഒന്നായി മനുഷ്യജീവൻ മാറിയിരിക്കുന്നുവെന്ന സത്യം മനസിലാക്കുവാൻ കഴിയും. മലയോരപ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരായി ജീവനും സ്വത്തും നഷ്ടമാകുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചുവരുന്നു. അന്നം തരുവാൻ അത്യദ്ധ്വാനം ചെയ്യുന്നവരെ വന്യമൃഗങ്ങൾ കൊലപ്പെടുത്തുമ്പോൾ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടവർ സുരക്ഷിതസ്ഥാനങ്ങളിൽ ഉണ്ടുമുറങ്ങിയും വിശ്രമിക്കുകയാണ്. തെരുവുപട്ടികൾക്കും കാട്ടുപന്നിക്കും കുരങ്ങനും കാട്ടാനയ്ക്കും അണ്ണാനും കടുവയ്ക്കും കാട്ടുപോത്തിനുമെല്ലാം ഫാൻസ് അസോസിയേഷനുകളുള്ള ഈ നാട്ടിൽ നിസ്സഹായരായ മനുഷ്യന്റെ നിലവിളി കേൾക്കുവാൻ മാത്രം ആരുമില്ല. ആറ്റുനോറ്റുണ്ടായ മക്കളെ പഠിക്കുവാൻ കലാലയങ്ങളിൽ അയയ്ക്കുന്ന മാതാപിതാക്കൾക്ക് കൊലപാതകരാഷ്ട്രീയത്തിന്റെയും വെറിയൻ തത്വശാസ്ത്രങ്ങളുടെയും ആജ്ഞാനുവർത്തികളായ കുട്ടിക്കുരങ്ങന്മാരുടെ മർദനവും പീഡനവുമേറ്റ് ജീവൻവെടിയുന്ന മക്കളുടെ ചേതനയറ്റ ശരീരം കണ്ട് വിലപിക്കുവാൻ മാത്രമേ കഴിയുന്നുള്ളു. ഒരുവയസിൽ താഴെ പ്രായമുള്ള പെൺകുഞ്ഞുങ്ങളെപോലും പീഡിപ്പിക്കുന്ന നാടായി കേരളം അധഃപതിച്ചിരിക്കുന്നു. സത്യം പറയുന്നവന്റെ നാവ് പിഴുതെറിയുന്ന കാട്ടുനീതി ഇവിടെ നടമാടുന്നു. ആരാധനാലയങ്ങളിൽ അതിക്രമിച്ചുകടന്ന് പുരോഹിതരെ ആക്രമിക്കുന്നു. നിയമവാഴ്ചയില്ലാത്ത ഒരു നാടായി മാറിയോ? നിസ്സഹായരായവരുടെ നിലവിളികൾ വനരോദനമായി മാറുന്നു. ഇതായിരുന്നുവോ പൂർവികർ സ്വപ്നം കണ്ട ദൈവത്തിന്റെ സ്വന്തം നാട്?

ഇതെല്ലാം എന്നെ ബാധിക്കുന്ന കാര്യമല്ലെന്ന് കരുതി പ്രതികരിക്കാതെയിരിക്കുന്നവരാണ് നമ്മളിൽ ബഹുഭൂരിപക്ഷവും എന്നോർക്കുക. അപകടപരമായ ഒരു അവസ്ഥാവിശേഷത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സമയോചിതമായ ഇടപെടലുകളും തിരുത്തലുകളും എല്ലാത്തലങ്ങളിൽനിന്നുമുണ്ടായില്ലെങ്കിൽ കാലം നമുക്ക് മാപ്പുതരില്ല. സമാധാനത്തോടും സഹവർത്തിത്വത്തോടും സ്വതന്ത്ര്യത്തോടും ജീവിക്കുവാനുള്ള അവസരം നാടിന് സംജാതമാകുവാൻ പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

# കേന്ദ്രവാർത്തകൾ

## ചാസ്സ് കുടുംബസംഗമം

ചാസ്സിന്റെ പ്രാദേശിക, മേഖലായൂണിറ്റുകളിലെ ഭാരവാഹികളെയും സ്റ്റാഫ് അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2023-2024 പ്രവർത്തനവർഷത്തെ കുടുംബ സംഗമം സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് ഓഡിറ്റോറിയ ത്തിൽ ഫെബ്രുവരി 24 ഉച്ചകഴിഞ്ഞ് 2.30 ന് ചാസ്സ് പ്രസിഡന്റ് പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കുടുംബസംഗമം അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് ഉദ്ഘാടനംചെയ്തു. ചാസ്സ് ഡയറ ക്ടർ ഫാ. തോമസ് കുളത്തുങ്കൽ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. അസി. ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, സ്റ്റാഫ് സെക്രട്ടറി സജി ഷാജി എന്നിവർ ആശംസകളറിയിച്ചു. നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക ഷിജി ജോൺസൺ *സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ* എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. ചാസ്സ് പ്രാദേശികയൂണി റ്റുകളുടെയും മേഖലാസമിതികളുടെയും സഹകരണത്തോടുകൂടി അടുത്ത മൂന്നുവർഷത്തേയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'സുന്ദരഭൂമി-സുരക്ഷിത കുടുംബം' പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒമ്പതിനകർമപരിപാടികളുടെ മേഖലാതല ഉദ്ഘാടനം തദവസരത്തിൽ അഭി. പിതാവ് നിർവഹിച്ചു.

## സജീവം കർമസേന

സജീവം ലഹരിവിരുദ്ധക്യാംപെയ്ന്റെ ഭാഗമായി രൂപീകരിച്ച 'കർമസേന' യുടെ ഉദ്ഘാടനം ഫെബ്രുവരി 24 ന് അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിർവഹിച്ചു.

## 2024 നോമ്പുകാലപ്രചാരണം

ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ സാമൂഹ്യസേവനവിഭാഗമായ കാരിത്താസ് ഇന്ത്യ, കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ സാമൂഹ്യ സേവനവിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറം എന്നിവയുമായി സഹകരിച്ച് അതിരൂപതയിൽ ചാസ്സ് നടത്തുന്ന 2024 നോമ്പുകാലപ്രചാരണ പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം ഫെബ്രുവരി 24 ന് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് നിർവഹിച്ചു.

## ചാസ്സ്- കെ.എസ്.ബി.സി.ഡി.സി. വായ്പാമേള

സ്വയംതൊഴിൽ ചെയ്യുന്നതിന് കേരളസംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷനിൽനിന്നും ചാസ്സിന്റെ 60 സ്വാശ്രയസംഘങ്ങൾക്ക് 2023-2024 പ്രവർത്തനവർഷത്തിൽ മൂന്നുകോടി രൂപയുടെ വായ്പയനുവദിച്ചു. ആദ്യ ഗഡുവായി ലഭിച്ച ഒന്നരകോടി രൂപയുടെ വായ്പാവിതരണം അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. ചാസ്സിന്റെ പ്രാദേ ശികയൂണിറ്റിൽനിന്നുള്ള 60 സ്വാശ്രയസംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗ ങ്ങൾക്കാണ് വായ്പയനുവദിച്ചിരിക്കുന്നത്. അഞ്ചുശതമാനം പലിശനിരക്കിൽ മൂന്നുവർഷത്തെ കാലാവധിക്കാണ് വായ്പ നൽകിയത്. കെ.എസ്.ബി.സി.ഡി.സി.

ജില്ലാ അസിസ്റ്റന്റ് മാനേജർ എ.ആർ. ഷാജിയിൽനിന്നും അതിരൂപതാ സിഞ്ചെള്ളൂസും ചാസ്സ് പ്രസിഡന്റുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ചെക്ക് ഏറ്റുവാങ്ങി. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖ സന്ദേശവും സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് അബ്രാഹം പദ്ധതിവിശദീകരണവും നൽകി. മേഖലാ കോഡിനേറ്റർ അൽഫോൻസ് വർഗീസ് നന്ദി പ്രകാശിപ്പിച്ചു. നൂറിൽപരം സ്വാശ്രയസംഘാംഗങ്ങൾ പങ്കെടുത്തു.

**ചാസ്സ് അന്താരാഷ്ട്ര വനിതാദിനം:** ചാസ്സിന്റെ ആഭിമുഖ്യത്തിൽ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പ്രവർത്തിക്കുന്ന വനിതാസ്വാശ്രയസംഘങ്ങളുടെയും മഹിളാസമാജങ്ങളുടെയും ചാസ്സ് പ്രാദേശികയൂണിറ്റുകളുടെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനം 'ഇവ 2K24' എന്നപേരിൽ സമുചിതമായി ആചരിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിന്റെ കാവുകാട്ട് ഹാളിൽ മാർച്ച് 9 ഉച്ചകഴിഞ്ഞ് 3 ന് സംഘടിപ്പിച്ച സംഗമത്തിൽ ആയിരത്തിൽപരം വനിതാപ്രതിനിധികൾ പങ്കെടുത്തു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. റാണി മരിയ വനിതാദിനസന്ദേശം നൽകി. തീയറ്റർ ആക്റ്റിവിസ്റ്റ് കെ.എൻ. ഷീബ, സ്പെഷ്യൽ എജ്യുകേറ്റർ കൃപ ലിജിൻ, വനിതാസംരംഭക സജിത റ്റി.പി. എന്നിവർ സംയുക്തമായി സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത വനിതാപ്രതിഭകളെ മെമെന്റോ നൽകിയാദരിച്ചു. അതിരൂപതാ സിഞ്ചെള്ളൂസും ചാസ്സ് പ്രസിഡന്റുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ വനിതാദിനസന്ദേശവും സമ്മാനദാനവും നിർവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, സി. ആൽഫി ഡി.എസ്.ജെ., അൽഫോൻസ വർഗീസ് എന്നിവർ പ്രസംഗിച്ചു. സ്വാശ്രയസംഘാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ പ്രസ്തുത ചടങ്ങിന് ശോഭകൂട്ടി.

### അസ്സീസ്സി വിദ്യാലയവാർഷികം

ചാസ്സിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന പൂന്തോപ്പ് അസ്സീസ്സി വിദ്യാലയത്തിന്റെ 31-ാമത് വാർഷികവും കുട്ടികളുടെ കലാകായികപരിപാടികളും മാർച്ച് 14 ഉച്ചകഴിഞ്ഞ് 2 ന് സംഘടിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം ആലപ്പുഴ മുനിസിപ്പൽ ചെയർപേഴ്സൺ കെ.കെ. ജയമ്മ ഉദ്ഘാടനം ചെയ്തു. പൂന്തോപ്പ് സെന്റ് ഫ്രാൻസിസ് അസ്സീസ്സി പള്ളി വികാരിയും അസ്സീസ്സി വിദ്യാലയത്തിന്റെ ലോക്കൽ മാനേജരുമായ ഫാ. സെബാസ്റ്റ്യൻ മണ്ണാംതുരുത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ സി. ആൻസിറ്റ് മരിയ സി.എം.സി. റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. വർഗീസ് പഞ്ഞിപ്പുഴ, സിന്ധു മുരുകൻ, സി. റാണി മരിയ സി.എം.സി., പി.റ്റി.എ. പ്രസിഡന്റ് മുഹമ്മദ് സാലി, സ്റ്റാഫ് സെക്രട്ടറി ഐഡമ്മ മോൻസി എന്നിവർ ആശംസകളർപ്പിച്ചു.

### സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ

മാന്നാനം കെ.ഇ. കോളേജ്, പുളിയൻമല ക്രൈസ്റ്റ് കോളേജ്, ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് അങ്കമാലി, എസ്.എ.സി. കോളേജ് തിരുനെൽവേലി എന്നിവിടങ്ങളിൽനിന്നുമെത്തിയ എം.എസ്.ഡബ്ല്യു., ബി.എസ്.ഡബ്ല്യു. വിദ്യാർത്ഥികൾക്ക്

ചാസ്സിന്റെ പ്രവർത്തനമേഖലകൾ, സാമൂഹ്യസേവനരംഗത്തെ വെല്ലുവിളികൾ എന്നിവയെക്കുറിച്ച് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, സി. സെൽമ എസ്.ആർ.എ. എന്നിവർ നേതൃത്വംനൽകി.

### എസ്.എൽ.സി.എ. ത്രിദിന പരിശീലനപരിപാടി

കേന്ദ്ര സാമൂഹ്യനീതി ശക്തീകരണമന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന എസ്.എൽ.സി.എ. സ്റ്റാഫംഗങ്ങൾക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ് ഡൽഹി ട്രെയിനിങ് സെന്ററിൽ മാർച്ച് 14 മുതൽ 16 വരെ സംഘടിപ്പിച്ച ത്രിദിന പരിശീലനപരിപാടിയിൽ എസ്.എൽ.സി.എ. കേരളയെ പ്രതിനിധീകരിച്ച് റ്റി.എം. മാത്യു തച്ചിലേട്ട്, കാർമൽ ജോബി മാത്യു എന്നിവർ പങ്കെടുത്തു.

### യൂണിറ്റ് ഇലക്ഷൻ

ചാസ്സിന്റെ പ്രവർത്തനങ്ങൾക്ക് 2024-2027 കാലഘട്ടത്തിൽ നേതൃത്വംകൊടുക്കേണ്ട യൂണിറ്റ് ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് മേഖലകളിൽ നടന്നുവരുന്നു. ഫെബ്രുവരി 18 നും മാർച്ച് 15 നും ഇടയിൽ ഇലക്ഷൻ പൂർത്തിയാക്കിയ യൂണിറ്റുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| മേഖലകൾ | |
|---|---|
| ആലപ്പുഴ | പുന്നമട, കുട്ടമംഗലം, അറുന്നൂറ്റംപാടം, ആറാട്ടുവഴി |
| അതിരമ്പുഴ | ഏറ്റുമാനൂർ, ആറുമാനൂർ, കട്ടച്ചിറ, അതിരമ്പുഴ ലിസ്യു |
| ചങ്ങനാശ്ശേരി | പാറേൽ, മനയ്ക്കച്ചിറ, പാറേക്കടവ്, ചെത്തിപ്പുഴ |
| ചമ്പക്കുളം | വൈശ്യംഭാഗം, വടക്കേ അമിച്ചകരി, കണ്ടംകരി, കൂലിപ്പുരയ്ക്കൽ, പുല്ലങ്ങടി |
| എടത്വാ | കിഴക്കേ മിത്രക്കരി, കൊടുപ്പുന്ന, തകഴി, മരിയാപുരം, കേളമംഗലം, ചങ്ങങ്കരി, തായങ്കരി |
| കോട്ടയം | ചേപ്പുംപാറ, അയർക്കുന്നം, വടവാതൂർ |
| കുടമാളൂർ | കുമരകം നവനസ്രത്ത്, മുടിയൂർക്കര, വില്ലൂന്നി, ആർപ്പൂക്കര |
| കുറുമ്പനാടം | മാടപ്പള്ളി |
| മണിമല | കടയനിക്കാട്, വായ്പൂർ ഓൾഡ്, കറിക്കാട്ടൂർ |
| നെടുങ്കുന്നം | ചമ്പക്കര, പനയമ്പാല, കൂത്രപ്പള്ളി, മൈലാടി |
| പുളിങ്കുന്ന് | രാമങ്കരി, വെളിയനാട് സൗത്ത്, വേഴപ്രാ, പുളിങ്കുന്ന്, മിത്രക്കരി, കാവാലം സെന്റ് തെരേസാസ്, കണ്ണാടി സെന്റ് റീത്താസ് |
| തൃക്കൊടിത്താനം | കൊടിനാട്ടുംകുന്ന്, ചാഞ്ഞോടി, പായിപ്പാട്, നാലുകോടി, ഫാത്തിമാപുരം, തൃക്കൊടിത്താനം |
| തുരുത്തി | പൊടിപ്പാറ, കുറിച്ചി, ഇത്തിത്താനം, ഈര, കാവാലം സെന്റ് ജോസഫ്സ് |

**സ്വാശ്രയ സംഘരൂപീകരണം**

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 02.03.2024 | ഫിൽഗിരി | സെന്റ് അൽഫോൻസ | 11 |
| 03.03.2024 | ഫാത്തിമാപുരം | സാന്ത്വനം | 16 |
| 06.03.2024 | ഫാത്തിമാപുരം | ഹരിത | 20 |
| 06.03.2024 | ഫാത്തിമാപുരം | പ്രതിഭ | 12 |
| 06.03.2024 | തത്തംപള്ളി | സ്നേഹദീപം | 11 |

## ചാസ്സ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസ്സിന്റെ സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾവഴി മാർച്ച്മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**1) SHG മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 10,000/- രൂപ വീതം 3 കുടുംബങ്ങൾക്ക് 30,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 665. പോൾ ആന്റണി | സെന്റ് ആന്റണീസ് | കിളിരൂർ | കുടമാളൂർ |
| 666. സിറിയക് ജോസഫ് | കൃപ | മിത്രക്കരി | ചമ്പക്കുളം |
| 667. ഏലിക്കുട്ടി ഫിലിപ്പ് | പ്രീതി | പായിപ്പാട് | തൃക്കൊടിത്താനം |

**2) മ്യൂച്വൽ ബനഫിറ്റ് സ്കീം (MBS)** ഒരു കുടുംബത്തിന് 10,000/- രൂപ വീതം 12 കുടുംബങ്ങൾക്ക് 1,20,000/ രൂപ മരണാനന്തരസഹായം അനുവദിച്ചു

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1025. എ.ജെ. തോമസ് അരിക്കത്തിൽ | ഇത്തിത്താനം | തുരുത്തി |
| 1026. മത്തായി മത്തായി കട്ടത്തറ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1027. കത്രീനാമ്മ കൊച്ചുപറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1028. മറിയാമ്മ ജോസഫ് വലിയവീട് | ചമ്പക്കുളം | ചമ്പക്കുളം |
| 1029. മേരിക്കുട്ടി തോമസ് കരിക്കംപള്ളി | ചങ്ങങ്കരി | എടത്വാ |
| 1030. ത്രേസ്യാമ്മ മുട്ടേൽ | നർബോനപുരം | ചമ്പക്കുളം |
| 1031. കുഞ്ഞുമോൻ ആര്യൻകര | കൊണ്ടാക്കൽ | ചമ്പക്കുളം |
| 1032. അമ്മിണി വർഗീസ് പുത്തൻപറമ്പ് | കോയിൽമുക്ക് | എടത്വാ |
| 1033. മറിയാമ്മ സ്കറിയ മടയ്ക്കശ്ശേരി | മുട്ടാർ ഓൾഡ് | എടത്വാ |
| 1034. കൊച്ചുമോൾ ദിലീപ് കലുങ്കിൽ | ചീപ്പുങ്കൽ | കുടമാളൂർ |
| 1035. കെ.എസ്. തോമസ് കല്ലറയ്ക്കൽ | കലവൂർ | ആലപ്പുഴ |
| 1036. പി.ജെ. ഫ്രാൻസിസ് പള്ളംകാട് | ആറാട്ടുവഴി | ആലപ്പുഴ |

### 3) അഗാപ്പെ ഭവനനിർമാണപദ്ധതി

അഗാപ്പെ ഭവനനിർമാണപദ്ധതിപ്രകാരം ഭവനങ്ങളുടെ നിർമാണത്തിന് ജനുവരി-ഫെബ്രുവരി മാസങ്ങളിൽ താഴെപ്പറയുന്ന ഇടവകകൾക്ക് ആദ്യ ഗഡുവായി 7,30,000/- രൂപ അനുവദിച്ചു.

| *ഇടവക* | *ഗുണഭോക്താവ്* | *തുക* |
|---|---|---|
| പടഹാരം | 1 | 100000 |
| ചെങ്ങന്നൂർ | 1 | 100000 |
| ചങ്ങനാശ്ശേരി | 1 | 50000 |
| പാണ്ടങ്കരി | 1 | 100000 |
| കൊടുപ്പുന്ന | 2 | 100000 |
| അറുന്നൂറ്റംപാടം | 1 | 100000 |
| കാവാലം ലിസ്യൂ | 1 | 75000 |
| കൈനകരി | 2 | 105000 |

### 4) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മാർച്ച്മാസം 4 കുടുംബങ്ങൾക്ക് ചികിത്സാ ചെലവിനത്തിൽ 23,782/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. വിപിൻ വിശ്വംബരൻ പുളിമൂട്ടിൽ | രാമങ്കരി | 4784/- |
| 2. വീണ വിപിൻ പുളിമൂട്ടിൽ | രാമങ്കരി | 6082/- |
| 3. ബിന്ദു ജോസഫ് ചിറയിൽ | മുണ്ടുപാലം | 3666/- |
| 4. സാലിമ്മ ലോറൻസ് അമിക്കുളം | മാമ്മൂട് | 9250/- |

## മേഖലാവാർത്തകൾ

### ആലപ്പുഴ

**സ്വാശ്രയസംഘസംഗമം:** ആറാട്ടുവഴിയൂണിറ്റിൽ മാർച്ച് 1 ന് സ്വാശ്രയസംഘസംഗമം നടത്തി. യൂണിറ്റ് പ്രസിഡന്റ് തോമസ് പാലവീടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോബി മാത്യു *സ്വാശ്രയസംഘത്തിന്റെ പ്രസക്തി* എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. ആനിമേറ്റർ സി. സിനിറോസ് എസ്.ജെ.എസ്.എം., യൂണിറ്റ് പ്രസിഡന്റ് കെ.ജെ. ബാബു വാളംപറമ്പ്, മേഖലാ കോഡിനേറ്റർ ഡി. ജോസഫ്, യൂണിറ്റ് വൈസ് പ്രസിഡന്റ് പുഷ്പമ്മ ജോസഫ്, മഹിളാസമാജം സെക്രട്ടറി ആശ തോമസ്, ടോം ജോസഫ് എന്നിവർ പ്രസംഗിച്ചു. മഹിളാസമാജത്തിന്റെ പുതിയ ഭാരവാഹികളായി ആൻഡ്രിയ സുരേഷ്, ജെസി ജേക്കബ് എന്നിവരെ തെരഞ്ഞെടുത്തു.

**യൂണിറ്റ് വാർഷികവും പദ്ധതികളുടെ ഉദ്ഘാടനവും:** പുന്നമടയൂണിറ്റിന്റെ 32-ാമത് വാർഷികവും സൺഡേ മാർക്കറ്റ്, ഹരിതാഭം, എജ്യുകെയർ, മെഡി

ഹെൽപ്പ്, ഹെൽത്ത് ക്ലബ്ബ് എന്നീ പദ്ധതികളുടെ ഉദ്ഘാടനവും മാർച്ച് 14 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് താന്നിയത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ചാസ്സ് അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല ഉദ്ഘാടനംചെയ്തു. യൂണിറ്റ് ആനിമേറ്റർ സി. എലിസബത്ത് എഫ്.ഡി.എസ്.എച്ച്.ജെ., യൂണിറ്റ് പ്രസിഡന്റ് ജോളി ജോസഫ്, സെക്രട്ടറി ജോഷി ജോർജ് നെടിയാപറമ്പിൽ, ജ്യോതി മാത്യു, മേഖലാ കോഡിനേറ്റർ ഡി. ജോസഫ്, മാത്യു വി.എസ്. കുരിശിങ്കൽ എന്നിവർ പ്രസംഗിച്ചു. വൈസ് പ്രസിഡന്റ് ജിജി തോമസ് മഠത്തിപ്പറമ്പിൽ വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു.

**യൂണിറ്റ് രൂപീകരണം:** കുട്ടമംഗലം സെന്റ് ജോസഫ് ഇടവകയിൽ മാർച്ച് 10 ന് ചാസ്സ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. വർഗീസ് കായിത്തറയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചാസ്സ് അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. തുടർന്ന് ഭരണസമിതിയംഗങ്ങളെ തെരഞ്ഞെടുത്തു. ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങളെയും ചുമതലകളെയുംകുറിച്ച് കോഡിനേറ്റർ ഡി. ജോസഫ് സംസാരിച്ചു.

**സ്വയംതൊഴിൽ വായ്പാവിതരണം:** പഴവങ്ങാടിയൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിൽനിന്നും വായ്പയനുവദിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സിറിയക് കോട്ടയിൽ വായ്പാവിതരണം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് തോമസ് തൈച്ചേരിൽ, സെക്രട്ടറി ജേക്കബ് വർഗീസ് പൂവത്തുശ്ശേരി, സംഘം കൺവീനർ ജോസഫ് ബംഗ്ലാവ്പറമ്പ് എന്നിവർ നേതൃത്വംനൽകി. മേഖലാ കോഡിനേറ്റർ ഡി. ജോസഫ് സ്വയംതൊഴിൽപദ്ധതികൾക്കാവശ്യമായ മാർഗനിർദേശങ്ങൾ നൽകി.

### ചങ്ങനാശ്ശേരി

**യോഗാപരിശീലനം:** പുഴവാത്യൂണിറ്റിൽ ഫെബ്രുവരി 22 മുതൽ യോഗാപരിശീലനമാരംഭിച്ചു. 15 വനിതകൾ പങ്കെടുക്കുന്ന ഈ പരിശീലനത്തിന് സുജമോൾ നേതൃത്വം നൽകിവരുന്നു.

**സൺഡേ മാർക്കറ്റ്:** ളായിക്കാട്യൂണിറ്റിൽ മാർച്ച് 3 മുതൽ സൺഡേ മാർക്കറ്റ് പ്രവർത്തനമാരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു നടമുഖത്ത് ആദ്യവിൽപ്പന നിർവഹിച്ചു.

### പുളിങ്കുന്ന്

**സ്വാശ്രയസംഘസംഗമം:** കാവാലംയൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം മാർച്ച് 7 ന് സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ബ്രിന്റ ചാക്കോ അദ്ധ്യക്ഷതവഹിച്ചു. *സ്ത്രീ ശക്തീകരണം* എന്ന വിഷയത്തിൽ ബിനു ജോസഫ് ക്ലാസ്സ് നയിച്ചു. യൂണിറ്റ് സെക്രട്ടറി സിജി കുര്യൻ പ്രസംഗിച്ചു.

**വാർഷികപ്പൊതുയോഗം:** രാമങ്കരിയൂണിറ്റിൽ മാർച്ച് 3 ന് വാർഷികപ്പൊതുയോഗം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് ആര്യൻകാല അദ്ധ്യക്ഷത

വഹിച്ചു. യൂണിറ്റ് സെക്രട്ടറി ടോമിച്ചൻ ചേന്നാട്ടുശ്ശേരി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കോഡിനേറ്റർ ബിനു ജോസഫ് പ്രവർത്തനങ്ങൾ വിശദീകരിച്ചു.

### ചമ്പക്കുളം

**സ്വാശ്രയസംഘസംഗമം:** ചേന്നങ്കരിയൂണിറ്റിൽ ഫെബ്രുവരി 29 ന് സ്വാശ്രയ സംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ജോസഫ് സി.പി. അദ്ധ്യക്ഷതവഹിച്ചു. *സ്ത്രീകളും സ്വാശ്രയത്വവും* എന്ന വിഷയത്തിൽ മേഖലാ കോഡിനേറ്റർ ഡി. ജോസഫ് ക്ലാസ്സ് നയിച്ചു.

### മണിമല

**ബോധവത്കരണസെമിനാറും മെഡിക്കൽക്യാമ്പും:** ചാസ്സ്, തിരുവല്ല പുഷ്പ ഗിരി മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വള്ളംചിറയൂണിറ്റിൽ ഫെബ്രുവരി 29 ന് സൗജന്യ ക്യാൻസർ രോഗനിർണയ മെഡിക്കൽക്യാമ്പും ബോധവത്കരണസെമിനാറും സംഘടി പ്പിച്ചു. സ്തനാർബുദത്തെയും സ്വയം സ്തനപരിശോധനയെക്കുറിച്ചും നടന്ന സെമിനാറിൽ ഡോ. ബെറ്റ്സി എ. ജോസ്, ഡോ. ഡെൻസി ഡേവിഡ് എന്നി വരുൾപ്പെടെ 9 ഡോക്ടർമാർ നേതൃത്വംനൽകി. 42 അംഗങ്ങൾ പങ്കെടുത്തു.

### നെടുങ്കുന്നം

**ബോധവത്കരണസെമിനാർ:** വായ്പൂർ ഓൾഡ്‌യൂണിറ്റിൽ മാർച്ച് 3 ന് കർഷക സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള ബോധവത്കരണസെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോമോൻ വടക്കേപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. പൊങ്ങന്താനം ഫാർമർ പ്രൊഡ്യുസർ കമ്പനി ചെയർമാൻ ജോർജ് തോമസ് തലക്കളം, വൈസ് ചെയർമാൻ ബാബു ജോസഫ് മേലന്നൂർ, ടോമി പി. ജോർജ് എന്നിവർ സെമിനാർ നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വംനൽകി.

### അതിരമ്പുഴ

**യൂണിറ്റ് വാർഷികവും വനിതാദിനാചരണവും:** വെട്ടിമുകൾയൂണിറ്റിന്റെ വാർഷികവും അന്താരാഷ്ട്ര വനിതാദിനാചരണവും മാർച്ച് 5 ന് നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം ഏറ്റുമാനൂർ മുനിസിപ്പൽ ചെയർപേഴ്സൺ ലൗലി ജോർജ് പടിയറ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി ജോർജ് നൂറ്റിതോണിൽ 2023-2024 വർഷത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ സജി ഷാജി, എക്സി ക്യൂട്ടിവ് മെമ്പർ സിറിൽ നരിക്കുഴി എന്നിവർ ആശംസകളർപ്പിച്ചു. *വനിതാശക്തീ കരണവും സ്വയംതൊഴിൽ സംരംഭവും* എന്ന വിഷയത്തെ ആസ്പദമാക്കി അർച്ചന വിമൻസ് സെന്റർ ഡയറക്ടർ സി. ത്രേസ്യാമ്മ ഒ.എം.എം.ഐ. ക്ലാസ്സ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വംനൽകി. നൂറ്റിയിരുപത്തിയഞ്ചിൽപരം അംഗങ്ങൾ പങ്കെടുത്തു.

### തുരുത്തി

**വനിതാദിനാചരണം:** പൊടിപ്പാറയൂണിറ്റിൽ മാർച്ച് 3 ന് വനിതാദിനാചരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഐസക് മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷത

വഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ ഹിച്ചു. പഞ്ചായത്ത് മെമ്പർ ലൂസി ജോസഫിനെ ചടങ്ങിലാദരിച്ചു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ, ആലീസ് ബേബിച്ചൻ, വൈസ് പ്രസിഡന്റ് റോസമ്മ അലക്സ് എന്നിവർ ആശംസകളർപ്പിച്ചു.

### അമ്പൂരി

**വനിതാദിനാചരണവും ക്യാൻസർ ബോധവത്കരണക്ലാസ്സും:** മായംയൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8 ന് വനിതാദിനാചരണവും ക്യാൻസർ ബോധവത്ക രണക്ലാസ്സും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു മൂന്നാറ്റിൻമുഖം വനിതാദിനസന്ദേശം നൽകി ഉദ്ഘാടനം നിർവഹിച്ചു. മെഡിക്കൽ ഓഫീസർ ഡോ. സുബൻ, ബിബിത വർഗീസ് എന്നിവർ ബോധവത്കരണ ക്ലാസ്സ് നടത്തി.

**വനിതാദിനാചരണവും മാതൃസംഗമവും:** അമ്പൂരിയൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 11 ന് വനിതാദിനാചരണവും മാതൃസംഗമവും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് കരുവേലിൽ വനിതാദിനസന്ദേശം നൽകുകയും ചാസ്സ് പ്രവർത്തനരംഗത്ത് സജീവാംഗങ്ങളായ മൂന്ന് മുതിർന്നവനിതകളെ പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു. ഫൊറോനാ പ്രസിഡന്റ് ഒ.റ്റി. ജോസ് ഓടലാനി ആശംസയർപ്പിച്ചു.

■

---

*» ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ തുടർച്ച...*

### സ്വാഗതം

കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽ പുതിയ റീജന്റായി നിയമിതനായിരിക്കുന്ന ബ്രദർ ജേക്കബ് കറുകക്കളത്തിലിന് സ്വാഗതം ആശംസിക്കുന്നു.

### ബൈബിൾ കോഴ്സ്, ബൈബിൾ കൈയെഴുത്ത്

ഏകവർഷ ബൈബിൾ കോഴ്സ് 2-ാം ബാച്ച് വിജയകരമായി പൂർത്തിയാ ക്കിയവർക്കും (നോട്ട് സമർപ്പിച്ചിട്ടുള്ളവർ) ബൈബിൾ കൈയെഴുത്ത് 2-ാം ബാച്ച് പൂർത്തിയാക്കിയവർക്കും ഏപ്രിൽമാസം സർട്ടിഫിക്കറ്റുകൾ നൽകുന്ന താണ്: 7306208356, 9961369380.

**NB:** 2015 നുശേഷം സമ്പൂർണബൈബിൾ എഴുതിപ്പൂർത്തിയാക്കിയവർക്ക് അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റിൽനിന്നും ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ അങ്ങനെയുള്ളവർ ഉടൻതന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്: 7306208356, 9961369380.

■

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2023 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2024 മാർച്ച് 16 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 74. | ചമ്പക്കര | 230510 | 92204 |
| 75. | വില്ലൂന്നി | 294851 | 117940 |
| 76. | മുട്ടാർ | 33400 | 13360 |
| 77. | കൊട്ടാരക്കര | 9600 | 3840 |
| 78. | ചമ്പക്കുളം | 608610 | 243444 |
| 79. | നാലുകോടി | 592040 | 236822 |
| 80. | അയിരൂർ | 19450 | 19450 |
| 81. | കൊല്ലാട് | 121250 | 48500 |
| 82. | മാന്നാനം | 151300 | 60520 |
| 83. | കടയനിക്കാട് | 89600 | 35840 |
| 84. | അറുനൂറ്റംപാടം | 76785 | 30714 |
| 85. | കൈതവന | 148997 | 59600 |
| 86. | വടവാതൂർ | 161510 | 64600 |
| 87. | അതിരമ്പുഴ | 967543 | 387017 |
| 88. | കുറിച്ചി | 204930 | 204930 |
| 89. | പുഴവാത് | 57576 | 23030 |
| 90. | പുന്നക്കുന്നത്തുശ്ശേരി | 53450 | 21380 |
| 91. | ആർപ്പൂക്കര | 115650 | 46260 |
| 92. | അയർക്കുന്നം | 250175 | 100070 |
| 93. | കുടമാളൂർ | 486635 | 194603 |
| 94. | പുനലൂർ | 67800 | 27120 |
| 95. | ചെങ്ങളം | 18500 | 7400 |
| 96. | ചങ്ങങ്കരി | 70330 | 70330 |
| 97. | മാമ്പുഴക്കരി | 64750 | 25900 |
| 98. | വട്ടിയൂർക്കാവ് | 118550 | 47420 |

| | | | |
|---|---|---|---|
| 99. | പൊടിപ്പാറ | 209251 | 83700 |
| 100. | നിരണം | 23000 | 9200 |
| 101. | കൂരോപ്പട | 132300 | 52920 |
| 102. | തിരുവല്ലം | 56450 | 22580 |
| 103. | ചെങ്ങന്നൂർ | 100000 | 40000 |
| 104. | ഫാത്തിമാപുരം | 139502 | 55800 |
| 105. | കുന്നന്താനം | 68940 | 27576 |
| 106. | കിഴക്കേ മിത്രക്കരി | 36305 | 14522 |
| 107. | കൊല്ലം | 119100 | 47640 |
| 108. | മുണ്ടത്താനം | 71520 | 28608 |
| 109. | കരിമ്പനക്കുളം | 113040 | 45216 |
| 110. | കുറുമ്പനാടം അസംപ്ഷൻ | 130475 | 52190 |
| 111. | മിത്രക്കരി | 78940 | 31576 |
| 112. | ഇരവുചിറ | 101150 | 40460 |
| 113. | പഴയേരൂർ | 12950 | 5181 |
| 114. | അഞ്ചൽ | 41450 | 16580 |
| 115. | മാവേലിക്കര | 43500 | 17400 |
| 116. | അടൂർ | 25401 | 25401 |
| 117. | പുതുശ്ശേരി | 14950 | 6000 |
| 118. | പള്ളാത്തുരുത്തി | 59470 | 23788 |
| 119. | ചെങ്കുളം | 9600 | 3840 |

(തുടരും........)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേയ്ക്ക് **ഫെബ്രുവരി 23 മുതൽ മാർച്ച് 18 വരെ** വിവിധ ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവനകൾ

| | **ഇടവക / സംഘടന** | **തുക** |
|---|---|---|
| 1. | ഫാ. അബ്രാഹം കടന്തോട് മെമ്മോറിയൽ എൻഡോവുമെന്റ് | 100000 |
| 2. | മാർത്ത് മറിയം ബസിലിക്ക, ചമ്പക്കുളം | 100000 |
| 3. | സെന്റ് മേരീസ് ചർച്ച്, ഇരവുചിറ | 12000 |

■

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### അസാധാരണ വളർച്ചയുള്ള ഗർഭാശയമുഴകൾക്ക് ഒറ്റ ശസ്ത്രക്രിയയിലൂടെ പരിഹാരം

ആശുപത്രിയിൽ, സങ്കീർണമായ ശസ്ത്രക്രിയയിലൂടെ ആലപ്പുഴ സ്വദേശിനിയുടെ അസാധാരണ വളർച്ചയുള്ള 8 ഗർഭാശയമുഴകൾ വിജയകരമായി നീക്കം ചെയ്തു. ഹോസ്പിറ്റൽ ഒബ്സ്റ്റേട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് ആൻഡ് ലാപറോസ്കോപ്പിക് സർജൻ ഡോ. അനൂപ് കൃഷ്ണൻ നേതൃത്വംനൽകി.

വയറുപെരുക്കം, വയറുവേദന എന്നീ ലക്ഷണങ്ങളോടെ ആശുപത്രിയിലെത്തിയ 42 വയസുകാരി ആലപ്പുഴയിലെ സ്വകാര്യആശുപത്രിയിൽ വർഷങ്ങൾക്ക് മുമ്പ് നടത്തിയ സ്കാനിങ്ങിലാണ് മുഴകളുണ്ടന്ന് കണ്ടെത്തിയത്. അസഹ്യമായ വയറുവേദനയെ തുടർന്ന് കഴിഞ്ഞമാസം നടന്ന സ്കാനിങ്ങിൽ മുഴകൾ 10 സെന്റിമീറ്ററിന് മുകളിൽ വലുതാവുകയും ഗർഭപാത്രത്തിന്റെ സെർവിക്കൽ മേഖലയുൾപ്പെടെ ഗർഭാശയത്തിന്റെ പല ലെയറുകളിലും മുഴകളുണ്ടെന്ന് ഡോക്ടർ സ്ഥിരീകരിക്കുകയും ചെയ്തു. രോഗിയുടെ പ്രായവും ആരോഗ്യവും കണക്കിലെടുത്ത് സർജറിയിൽ സങ്കീർണതയും ബ്ലഡ് ട്രാൻസ്ഫ്യൂഷനുള്ള സാധ്യതയും കൂടുതലായിരുന്നുവെങ്കിലും ബ്ലഡ് ട്രാൻസ്ഫ്യൂഷനോ യൂറേത്രിക് സ്റ്റെന്റിങ്ങോ കൂടാതെയാണ് ഡോ. അനൂപ് കൃഷ്ണൻ സർജറി പൂർത്തിയാക്കിയത്. അമിതരക്തസ്രാവത്തിന്റെ അപകടസാധ്യത കണക്കിലെടുത്ത് 8 മുഴകളോടുകൂടി ഗർഭാശയം നീക്കംചെയ്തു. സർജറിക്കുശേഷം സങ്കീർണതകളൊന്നുമില്ലാതെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടതിനെത്തുടർന്ന് നാലാംദിവസം രോഗി ആശുപത്രിവിട്ടു. അനസ്തേഷ്യവിഭാഗം കൺസൾട്ടന്റ് അനസ്തെറ്റിസ്റ്റ് ഡോ. ചിഞ്ചു റോസ് സ്റ്റെബി, ഓപ്പറേഷൻ തീയറ്റർവിഭാഗം നേഴ്സുമാർ, ടെക്നിഷ്യൻമാർ എന്നിവരും ശസ്ത്രക്രിയയിൽ പങ്കാളികളായി. എല്ലാവിധ ശസ്ത്രക്രിയകൾക്കും 24 മണിക്കൂറും സുസജ്ജമായ അന്താരാഷ്ട്ര നിലവാരമുള്ള 7 ഓപ്പറേഷൻ തീയറ്ററുകൾ ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ടെന്ന് ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 0481 2722100

### ലോക വനിതാദിനാചരണം

ആശുപത്രിയും സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിങ്ങും സെന്റ് തോമസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസും സെന്റ് തോമസ് അക്കാഡമി ഓഫ് ഹെൽത്ത് സയൻസസും സംയുക്തമായി ലോക വനിതാ ദിനാചരണം ‘അംഗന’ എന്നപേരിൽ സംഘടിപ്പിച്ചു. പ്രശസ്ത പിന്നണി ഗായികയും ഗാനരചയിതാവുമായ സോണി മോഹൻ ആഘോഷപരിപാടികൾ ഉദ്ഘാടനംചെയ്തു. ജോൺസ് അമ്പ്രേല്ലാസ് ഹ്യൂമൻ റിസോഴ്സ് മാനേജർ ദിവ്യ ജോസഫ് മുഖ്യാതിഥിയായി പങ്കെടുത്തു. വനിതകളുടെ സാമ്പത്തിക സാക്ഷരത ഉറപ്പാക്കാൻ ബിസിനസ് എന്റർപ്രെന്യൂർഷിപ് ക്ലാസ്സ്, വിവിധ കലാ

പരിപാടികൾ, ബെസ്റ്റ് അപ്പിയറൻസ് അവാർഡ് എന്നിവയും വനിതാദിനാചരണത്തിന്റെ ഭാഗമായി ക്രമീകരിച്ചു. വനിതകൾക്കായി മാർച്ച് 8 മുതൽ 31 വരെ 1320 രൂപ വരുന്ന സ്ത്രീസുരക്ഷ ഹെൽത്ത് പാക്കേജ് 799 രൂപയ്ക്ക് ഒരുക്കിയിരുന്നു.

**ലോക കിഡ്നിദിനാചരണവും വൃക്കരോഗികളുടെ സ്നേഹസംഗമവും**

ലോക കിഡ്നിദിനാചരണത്തിന്റെ ഭാഗമായി ഹോസ്പിറ്റൽ നെഫ്രോളജി & റീനൽ ട്രാൻസ്പ്ലാന്റേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ മാർച്ച് 14 ന് ലോക കിഡ്നിദിനാചരണവും വൃക്കരോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സ്നേഹസംഗമവും സംഘടിപ്പിച്ചു. സ്നേഹസംഗമത്തിന്റെ ഉദ്ഘാടനവും പാലാത്ര ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ സഹകരണത്തോടെ നടപ്പിൽവരുത്തിയ സൗജന്യ ഡയാലിസിസ് കിറ്റ് വിതരണവും അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. നിർവഹിച്ചു.

**സൗജന്യ എൻഡോക്രൈനോളജി മെഡിക്കൽ ക്യാമ്പ്**

ഹോസ്പിറ്റൽ എൻഡോക്രൈനോളജിവിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സൗജന്യ എൻഡോക്രൈനോളജി മെഡിക്കൽ ക്യാമ്പ് ചങ്ങനാശ്ശേരി ഫയർ & റെസ്ക്യൂ സ്റ്റേഷൻ ഓഫീസർ അനൂപ് പി. രവീന്ദ്രൻ ഉദ്ഘാടനംചെയ്തു. മാർച്ച് 4 മുതൽ 9 വരെ സംഘടിപ്പിച്ച ക്യാമ്പിന് കൺസൾട്ടന്റ് എൻഡോക്രൈനോളജിസ്റ്റ് ഡോ. അരവിന്ദ് പ്രസാദ് നേതൃത്വംനൽകി. എൻഡോക്രൈനോളജിവിഭാഗത്തിൽ പ്രഗത്ഭരായ ഡോ. ബോബി കെ മാത്യു, ഡോ. രാജീവ് ഫിലിപ്പ്, ഡോ. ശ്രീനാഥ് ആർ. എന്നിവരുടെ സേവനം ലഭ്യമാണ്.

**ഡെർമറ്റോളജി & കോസ്മറ്റോളജി ചികിത്സകൾക്കായി അത്യാധുനിക ലേസർ മെഷീൻ**

ഡെർമറ്റോളജി ആൻഡ് കോസ്മറ്റോളജി ചികിത്സകളെ പുനർനിർവചിക്കാൻ അത്യാധുനിക ലേസർചികിത്സാസംവിധാനം, ഹീലിയോസ് III (Q-Switched Nd: YAG Laser) ഹോസ്പിറ്റലിൽ സ്ഥാപിച്ചു. കാർബൺ ലേസർ പീലിങ് & ലേസർ ടോണിങ്, ചർമത്തിലെ പാടുകളും ചുളിവുകളും കുറയ്ക്കുക, സ്കിൻ ടോണും ടെക്സ്ചറും മെച്ചപ്പെടുത്തുക, പിഗ്മെന്ററി ഡിസോർഡർ, അനാവശ്യരോമങ്ങൾ, ടാറ്റൂ എന്നിവ നീക്കംചെയ്യുക, ലെന്റിജിനീസ്, മുഖക്കുരു ഫേഷ്യൽ ടാനിങ് തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്ക് ഹീലിയോസ് III മികച്ചതാണ്.

**യങ് സ്കോളർ അവാർഡ് ഇൻ നെഫ്രോളജി**

ഡി.എം. ഡോക്ടർമാരുടെ അഖിലേന്ത്യാ ടാലന്റ് ഹണ്ട് ക്വിസ് 'YOUNG SCHOLAR AWARD IN NEPHROLOGY'യിൽ സെക്കന്റ് റണ്ണർ അപ്പ് സ്ഥാനം കരസ്ഥമാക്കിയ ഹോസ്പിറ്റൽ നെഫ്രോളജി & റീനൽ ട്രാൻസ്പ്ലാന്റേഷൻവിഭാഗം കൺസൾട്ടന്റ് നെഫ്രോളജിസ്റ്റ് ഡോ. മഹേഷ് ദേവദാസിന് ലഭിച്ചു.

**ചുമതലയേറ്റു**

ഹോസ്പിറ്റൽ ഒഫ്താൽമോളജിവിഭാഗം കൺസൾട്ടന്റ് ഒഫ്താൽമോളജിസ്റ്റായി ഡോ. നീതു തങ്കം ഡാനിയൽ ചുമതലയേറ്റു. ഒഫ്താൽമോളജിയിൽ

ഡി.എൻ.ബി. യും ഒഫ്താൽമോളജി മെഡിസിനിലും സർജറിയിലും ഡിപ്ലോമയും (ഡി.ഒ.എം.എസ്.) കരസ്ഥമാക്കിയ ഡോ. നീതുവിന്റെ പരിചയസമ്പത്തും പ്രാഗത്ഭ്യവും രോഗികൾക്ക് ഏറ്റവും മികച്ചസേവനം ഉറപ്പുനൽകും. കൺസൾട്ടേഷൻ: തിങ്കൾ മുതൽ ശനി വരെ (9 am - 4.30 pm)

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### സൗജന്യ മെഡിക്കൽ ക്യാമ്പ്

ആശുപത്രിയുടെയും ആലപ്പുഴ വാടയ്ക്കൽ ദൈവജനമാതാ പള്ളിയിലെ യുവജനങ്ങളുടെയും പള്ളിക്കമ്മിറ്റിയുടെയും ബി.സി.സി.യുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് ഫെബ്രുവരി 25 ന് വാടയ്ക്കൽ ഓഡിറ്റോറിയത്തിൽ നടത്തി. സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ക്യാമ്പ് ഉദ്ഘാടനംചെയ്ത് സംസാരിച്ചു. ഹോസ്പിറ്റൽ കൺസൾട്ടന്റ് പൾമണോളജിവിഭാഗം ഡോ. അരവിന്ദ് കുമാർ മിശ്ര, ഓർത്തോപീഡിക്സ്വിഭാഗം ഡോ. പി. ശിവസുബ്രഹ്മണ്യൻ, ഇ.എൻ.ടി.വിഭാഗം ഡോ. പ്രശാന്ത്, ഒഫ്താൽമോളജിവിഭാഗം ഡോ. ലക്ഷ്മി പ്രസാദ് എന്നിവർ ക്യാമ്പിന് നേതൃത്വംനൽകി. സൗജന്യ മരുന്നുവിതരണവും പ്രമേഹം, യൂറിക് ആസിഡ്, ബ്ലഡ് പ്രഷർ എന്നിവയുടെ പരിശോധനയും കണ്ണുകളുടെ ടെസ്റ്റുകളും സൗജന്യമായി ക്രമീകരിച്ചു.

### സെൽഫ് ഇഞ്ചുറി അവയർനസ് ഡേ ആചരണം

ഹോസ്പിറ്റലിൽ മാർച്ച് 1 ന് സെൽഫ് ഇഞ്ചുറി അവയർനസ് ഡേ ആചരണം നടത്തി. ആശുപത്രിയുടെ എമർജൻസി മെഡിസിൻവിഭാഗം ഡോ. അരുൺ എ. അന്നേദിവസം ആശുപത്രിയിൽ എത്തിച്ചേർന്നവർക്കായി ബോധവത്കരണ സന്ദേശം നൽകി. കൂടാതെ ആശുപത്രിയുടെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫിന്റെ സഹകരണത്തോടെ സെൽഫ് ഇഞ്ചുറി അവയർനസ് മെസ്സേജ് നൽകുന്ന പോസ്റ്റർ പ്രസന്റേഷൻ സംഘടിപ്പിക്കുകയും ചെയ്തു.

### വേൾഡ് ഹിയറിങ് ഡേ ആചരണം

ലോക കേൾവിദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ മാർച്ച് 3 ന് സെമിനാർ സംഘടിപ്പിച്ചു. ഇ.എൻ.ടി.വിഭാഗം ഡോ. മാനസ കൃഷ്ണ സെമിനാറിന് നേതൃത്വംനൽകി. *കേൾവിശക്തി നഷ്ടമാവുന്ന അവസ്ഥകളെക്കുറിച്ചുള്ള പൊതുജന അവബോധം വർദ്ധിപ്പിക്കുക* എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സെമിനാർ സംഘടിപ്പിച്ചത്. കൂടാതെ അന്നേദിവസം ആശുപത്രിയിലെത്തിച്ചേർന്ന കുട്ടികൾക്ക് സൗജന്യ ഹിയറിങ് ടെസ്റ്റ് നടത്തുകയും ചെയ്തു.

### പൾസ് പോളിയോ ദിനം

പൾസ് പോളിയോ ദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ മാർച്ച് 3 ന് ഇമ്മ്യൂണൈസേഷൻ പരിപാടി സംഘടിപ്പിച്ചു. ആശുപത്രിയിലെത്തിച്ചേർന്ന 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് രണ്ടുതുള്ളി പോളിയോമരുന്ന് നൽകുകയും ചെയ്തു. ആലപ്പുഴ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ പോസ്റ്റർ പ്രദർശനവും സോഷ്യൽ മീഡിയയിൽ അവബോധവും നൽകി.

### വനിതാദിനം

വർഷങ്ങളായി തളർന്നുകിടക്കുന്ന മകനെ കുറവുകളൊന്നും വരുത്താതെ കഴിഞ്ഞ 56 വർഷക്കാലമായി പരിപാലിച്ചുവരുന്ന സഹനത്തിന്റെ മാതൃകയായ അമ്മയെ വനിതാദിനത്തിൽ ആദരിച്ചു. ആശുപത്രിയിലെ ജീവനക്കാർ ഉദാരമായി സഹകരിച്ച് പലവ്യഞ്ജനങ്ങളും ക്യാഷ് അവാർഡും മരുന്നുകളും ആവശ്യമായ മറ്റു വസ്തുക്കളും നൽകി. ആശുപത്രിയിലെത്തിയ വനിതകൾക്ക് സമ്മാനങ്ങൾ നൽകുകയും ആശുപത്രിയിലെ മുതിർന്ന വനിതാജീവനക്കാരെ പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിതറ, ഹോസ്പിറ്റൽ ഇൻ ചാർജുമാർ, മറ്റു ജീവനക്കാർ എന്നിവരുടെ സാന്നിധ്യത്തിൽ വനിതാഡോക്ടർമാരെ പ്രത്യേകമാദരിച്ചു. ആശുപത്രിയുടെ ഭാഗമായ 'ബട്ടർഫ്ളൈസ്' മോണ റ്റെസ്സ കോൺവെന്റ് ഓൾഡ് ഏജ് ഹോമിലെ അമ്മമാർക്കായി ക്രമീകരിച്ച ആഘോഷരാവിൽ ഹോസ്പിറ്റലിലെ വനിതാജീവനക്കാർ കലാവിരുന്നൊരുക്കി.

### ലോക പുകവലിവിരുദ്ധദിനം

ലോക പുകവലിവിരുദ്ധദിനത്തോടനുബന്ധിച്ച് മാർച്ച് 12 ന് ഹോസ്പിറ്റലിൽ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. പുകവലി ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനറൽ മെഡിസിൻവിഭാഗം ഡോ. ഗോവിന്ദ് അവബോധം നൽകുകയും ''ആരോഗ്യകരമായ ജീവിതംനയിക്കാൻ ഭക്ഷണമാണു വേണ്ടത് പുകവലിയല്ല'' എന്ന സന്ദേശം ആശുപത്രിയുടെ റിസപ്ഷൻ ഏരിയയിൽ വീഡിയോ സഹായത്തോടെ പ്രദർശിപ്പിക്കുകയും ചെയ്തു. ശ്വാസകോശത്തെയും ശ്വസനവ്യവസ്ഥയെയും ബാധിക്കുന്ന വിപത്താണ് പുകവലിയെന്നും പുകവലിയുടെ ഉപയോഗം ആരോഗ്യത്തെ ബാധിക്കുകയും നിരവധിയായ അസുഖങ്ങൾ കാരണമാവുകയും ചെയ്യുമെന്നും ഡോ. ഗോവിന്ദ് പറഞ്ഞു.

### ആശീർവാദകർമ്മം

അത്യാധുനിക സൗകര്യങ്ങളോടുകൂടി നവീകരിച്ച അതിനൂതന ഡിജിറ്റൽ എക്സ് റേ ഡിപ്പാർട്ടുമെന്റിന്റെ ആശീർവാദകർമ്മം മാർച്ച് 13 ന് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാരുടെയും സ്റ്റാഫംഗങ്ങളുടെയും സാന്നിധ്യത്തിൽ നിർവഹിച്ചു.

*ശേഷം പേജ് 72 ൽ.....*»

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹംനിറഞ്ഞ പ്രവാസിസഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനകളും ആശംസകളും

ഉത്ഥാനത്തിന്റെ സ്മരണയിൽ നിങ്ങളേവരും ഈസ്റ്റർ ഭക്തിപൂർവം ആഘോഷിച്ചെന്നുകരുതുന്നു. പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനം 18 ഫൊറോനകളിലും വ്യാപിക്കുന്നതിന്റെ ഭാഗമായി അഭി. ജോസഫ് പെരുന്തോട്ടംപിതാവിന്റെ നിർദേശപ്രകാരം ഫൊറോനാ ഡയറക്ടേഴ്സായി നിയമനം ലഭിച്ച വൈദികരുടെ മീറ്റിങ് അഭി. പിതാവിന്റെയും അതിരൂപതാ സിഞ്ചെള്ളൂസ് പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചന്റെയും അതിരൂപതാ ഡയറക്ടേഴ്സിന്റെയും സാന്നിധ്യത്തിൽ മാർച്ച് 16 ന് നടന്നു. അന്നേദിവസം ഉച്ചയ്ക്ക് 12 മുതൽ 1.30 വരെ അതിരൂപതാ എക്സിക്യുട്ടിവംഗങ്ങളുമായുള്ള മീറ്റിങ് അതിരൂപതാകോൺഫറൻസ് ഹാളിൽ നടത്തപ്പെട്ടു. ഓസ്ട്രേലിയ, ന്യൂസീലന്റ് എക്സിക്യുട്ടിവംഗങ്ങളുടെ മീറ്റിങ് മാർച്ച് 9 ഉച്ചകഴിഞ്ഞ് 2.30 ന് ഓൺലൈനായി നടത്തി. മാർച്ച് 16 ന് മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ അനുസ്മരണവും ഗൾഫിലെ വിവിധ രാജ്യങ്ങളിൽ എക്സിക്യുട്ടിവംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞയും സംയുക്തമായി രാത്രി 8.30 ന് ഓൺലൈനിൽ നടത്തി. അഭി. ജോസഫ് പെരുന്തോട്ടംപിതാവിനോടൊപ്പം ഡയറക്ടറച്ചന്മാരും എക്സിക്യുട്ടിവംഗങ്ങളും ഈ മീറ്റിങ്ങിൽ പങ്കെടുത്തു. മാർച്ച് 18 ന് മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ ഒന്നാംചരമവാർഷികദിനാചരണത്തിലും അനുസ്മരണസിംപോസിയത്തിലും പ്രവാസി അപ്പോസ്തലേറ്റിന്റെ എക്സിക്യുട്ടിവംഗങ്ങൾ അതിരൂപതാ ഡയറക്ടറോടൊപ്പം പങ്കെടുത്തു. മാർ യൗസേപ്പിതാവിന്റെ സ്മരണയിൽ മാർച്ച് 19 ന് അഭി. ജോസഫ് പെരുന്തോട്ടംപിതാവിനും ജോസഫ് നാമധാരികളായ വൈദികർക്കും പ്രവാസലോകത്തുള്ള ജോസഫ് നാമധാരികൾക്കും പ്രവാസി അപ്പോസ്തലേറ്റ് നാമഹേതുകത്തിരുനാളിന്റെ ആശംസകളറിയിച്ചു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (NORKA ഹെൽപ്പ് ഡെസ്ക്)**

# കേരള ലേബർ മൂവുമെന്റ് (KLM)

ഈശോയിൽ പ്രിയപ്പെട്ടവരേ,

'മീവൽ 2K24' എന്നപേരിലുള്ള കെ.എൽ.എം. നേതൃസംഗമവും വനിതാ ദിനവും മനോഹരമായി സംഘടിപ്പിക്കുവാനും നമ്മുടെ നേതൃത്വത്തിന് പുത്തനുണർവും ആവേശവും പകരുവാനും ഈ സംഗമത്തിലൂടെ കഴിഞ്ഞു. സംരംഭത്തിലൂടെ സംഘത്തെ വളർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി എല്ലാവർക്കും ബോധ്യംലഭിച്ചു. നമ്മളേവരും ആവേശപൂർവം കാത്തിരിക്കുന്ന മെയ്ദിനാഘോഷത്തിനും തൊഴിലാളിസംഗമത്തിനും ഒരുക്കമായി ഏപ്രിൽ 5 ന് സ്വാഗത സംഘം രൂപീകരണവും ഏപ്രിൽ 14 ന് സ്പോർട്സ് ഡേയും ഏപ്രിൽ 28 ന് പതാകദിനവും ഏപ്രിൽ 30 ന് വിളംബരദിനവുമായി നാം ആചരിക്കുകയാണ്. ഈ ആഘോഷങ്ങളിലൂടെ സംഘടനയുടെ സാഹോദര്യവും കെട്ടുറപ്പും മുറുകെപ്പിടിച്ച് നമുക്കൊന്നിക്കാം... കരുതാം... വളരാം....

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**

*(ഡയറക്ടർ)*

## മീവൽ 2K24 - കെ.എൽ.എം. നേതൃസംഗമവും വനിതാദിനവും

അതിരൂപതാ കേരള ലേബർ മൂവുമെന്റിന്റെ നേതൃത്വത്തിൽ മാർച്ച് 3 ഉച്ച കഴിഞ്ഞ് 2.30 ന് ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളേജിന്റെ കാവുകാട്ട് ഹാളിൽ കെ.എൽ.എം. ഭാരവാഹികളുടെ നേതൃസംഗമവും വനിതാദിനവും നടത്തപ്പെട്ടു.

അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അധ്യക്ഷതവഹിച്ച സമ്മേളനം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ് ഉദ്ഘാടനംചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം മാർഗനിർദേശപ്രസംഗം നടത്തി. കെ.എൽ.എം. സംഘങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സംരംഭകപദ്ധതികളെ സഹായിക്കുന്നതിനായി കെ.എൽ.എം. വിങ്സ് ചെറുസംരംഭകത്വസഹായപദ്ധതിയുടെ ഉദ്ഘാടനം ഈ സമ്മേളനത്തിൽ നിർവഹിക്കപ്പെട്ടു. മികച്ച വനിതാ കർഷകശ്രീ അവാർഡ് പങ്ങട സെന്റ് തെരേസാസ് സംഘാംഗം അനി സോജിക്ക് നൽകിയാദരിച്ചു. തുടർന്ന് ആലപ്പുഴ തത്തംപള്ളി സഹൃദയ ഹോസ്പിറ്റൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ ക്ലാസ്സ് നയിച്ചു. കൺവീനർ അന്നമ്മ ഷാജി സ്വാഗതവും കെ.എൽ.എം. സംസ്ഥാനസെക്രട്ടറി സണ്ണി അഞ്ചിൽ നന്ദിയുമറിയിച്ചു.

## പുതിയ സംരംഭങ്ങൾ

കെ.എൽ.എം. കരിമ്പനക്കുളം സേക്രഡ് ഹാർട്ട് എസ്.എച്ച്.ജി. പുതുതായി രണ്ടാമത്തെ ആംബുലൻസ് വാങ്ങി.

കെ.എൽ.എം. കണ്ണാടി സെന്റ് ജോസഫ് എസ്.എച്ച്.ജി. പുതുതായി സൗണ്ട് സിസ്റ്റം സംരംഭമാരംഭിച്ചു.

### കെ.എൽ.എം. – വിങ്സ്

ചെറുസംരഭകത്വ പ്രോത്സാഹനപദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട നാലുസംഘങ്ങൾക്ക് ഒരുവർഷത്തേയ്ക്ക് 25000 രൂപ പലിശരഹിതവായ്പയായി ചെക്ക് നൽകി.

1) അസംപ്ഷൻ എസ്.എച്ച്.ജി. കുറുമ്പനാടം: ഏത്തവാഴ, ചേന, വെള്ളരിക്കൃഷി

2) തിരുഹൃദയ എസ്.എച്ച്.ജി. ഇരവുചിറ: കൃഷി, പലചരക്ക്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങി ഒരുമാസത്തേയ്ക്ക് അംഗങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നു.

3) ചാവറ എസ്.എച്ച്.ജി. കൊടിനാട്ടുംകുന്ന്: സോപ്പുപൊടി നിർമാണം

4) സെന്റ് മേരീസ് എസ്.എച്ച്.ജി. കായൽപ്പുറം: കർഷകരിൽനിന്നും സുഗന്ധവ്യഞ്ജനങ്ങളും തേയില, കാപ്പി, വെളിച്ചെണ്ണ തുടങ്ങിയവ സംഭരിച്ച് നേരിട്ടും ഓൺലൈനായും വിൽക്കുന്ന സംരംഭം.

അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, കമ്മിറ്റിയംഗങ്ങളായ സണ്ണി അഞ്ചിൽ, സാബു കോയിപ്പള്ളി എന്നിവർ പങ്കെടുത്തു.

### ലേബർ കോൺക്ലേവ്

കെ.എൽ.എം. സംസ്ഥാനസമിതി മാർച്ച് 10, 11 തീയതികളിൽ എറണാകുളത്ത് സംഘടിപ്പിച്ച ലേബർ കോൺക്ലേവിൽ അതിരൂപതയെ പ്രതിനിധീകരിച്ച് ഷാജി എം.ജെ. (ചാത്തനാട്യൂണിറ്റ്) ടി.കെ. ജോസ് (തോട്ടയ്ക്കാട് യൂണിറ്റ്) എന്നിവർ പങ്കെടുത്തു.

### ഗോൾഡൻ ജൂബിലി ക്വിസ് കോമ്പറ്റീഷനിൽ ഒന്നാം സ്ഥാനം

സംസ്ഥാനസമിതി സംഘടിപ്പിക്കുന്ന കെ.എൽ.എം. ഗോൾഡൻ ജൂബിലി ക്വിസ് കോമ്പറ്റീഷനിൽ കോട്ടയംസോണിൽ അതിരൂപതയെ പ്രതിനിധീകരിച്ച് പങ്കെടുത്ത ടീമംഗങ്ങളായ മാത്യു പി.സി., മിനി റോയി എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഇരുവർക്കും കെ.എൽ.എം. അതിരൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

### ആദരാഞ്ജലികൾ

പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ് സംഘാംഗം ലെനിൻ ജോസഫ് മുന്നൂറ്റിനാൽപതിൽചിറ, ചാഞ്ഞോടി വി. കൊച്ചുത്രേസ്യ സംഘാംഗം റോസമ്മ ജയിംസ് കോട്ടമുറിക്കൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

### മരണാനന്തരസഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരുടെ നോമിനികൾക്ക് മരണാനന്തര സഹായമായ 1,25,000 രൂപ മാർച്ച് 5 ന് കൈമാറി.

| | പേര് | സംഘം |
|---|---|---|
| 140 | ജോർജ് കുര്യൻ | ഇരവുചിറ സെന്റ് മേരീസ് സംഘം |
| 142 | ദേവസ്യ വി.പി. | അതിരമ്പുഴ സെന്റ് സെബാസ്റ്റ്യൻ സംഘം |

■

# ആത്മതാകേന്ദ്രം

## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

ഈശോയിൽ പ്രിയപ്പെട്ടവരേ,

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഈയവസരത്തിൽ നമ്മുടെ ഇടവകയിൽ മദ്യ-ലഹരിവിരുദ്ധപ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കുവാൻ അനുയോജ്യരായ വ്യക്തികളെ തെരഞ്ഞെടുത്ത് പ്രസ്തുത സാമൂഹ്യതിന്മയിൽനിന്ന് പുതുതലമുറയെ വീണ്ടെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പ്രയോജനപ്പെടുത്താം. ഓരോ ഇടവകയിലും വികാരിയച്ചന്റെ അധ്യക്ഷതയിൽ ഇടവക ജനറൽകൗൺസിൽ ചേർന്ന് യൂണിറ്റുകമ്മിറ്റിയെ തെരഞ്ഞെടുക്കുവാൻ താൽപര്യമെടുക്കണം. തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ ലിസ്റ്റ് താഴെ നൽകുന്നതാണ്. ഇപ്രകാരം തെരഞ്ഞെടുപ്പ് നടത്തി ഏപ്രിൽ 3 ന് മുമ്പായി ആത്മതാകേന്ദ്രം ഓഫീസിൽ ലിസ്റ്റ് നൽകി സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഇതേത്തുടർന്ന് മേഖല, അതിരൂപത, സംസ്ഥാന തെരഞ്ഞെടുപ്പുകൾ നടത്തപ്പെടുന്നതാണ്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### കെ.സി.ബി.സി. – മദ്യവിരുദ്ധസമിതി തെരഞ്ഞെടുപ്പ് വിജ്ഞാപനം

ഇടവക യൂണിറ്റുകമ്മിറ്റി, ഇടവക ജനറൽകൗൺസിൽ എന്നിവ ചേർന്ന് യൂണിറ്റുകമ്മിറ്റി തെരഞ്ഞെടുക്കേണ്ടതാണ്. ആകെയംഗങ്ങൾ പതിനഞ്ചിൽ കവിയരുത്. യൂണിറ്റുകമ്മിറ്റിക്ക് 1 പ്രസിഡന്റ്, 2 വൈസ് പ്രസിഡന്റുമാർ, (1 പുരുഷൻ, 1 സ്ത്രീ) 1 ജനറൽ സെക്രട്ടറി, 2 സെക്രട്ടറിമാർ (1 പുരുഷൻ, 1 സ്ത്രീ), ട്രഷറർ എന്നീ ഔദ്യോഗിക ഭാരവാഹികളുണ്ടായിരിക്കേണ്ടതാണ്.

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനവും സഹായവിതരണവും പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ മാർച്ച് 23 ന് ജോൺ വടക്കേകളം അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സമ്മേളനത്തിൽ ഉച്ചഭക്ഷണവും 1,30,000 രൂപയുടെ ധനസഹായവും നൽകി. സണ്ണി മാത്യു, ട്രീസ മാത്യു എന്നിവർ നേതൃത്വംനല്കി.

### ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധ ഡോക്ടേഴ്സിന്റെയും കൗൺസെലേഴ്സിന്റെയും സേവനം ലഭ്യമാണ്. **സമയം:** രാവിലെ 10 മുതൽ 12.30 വരെ

ചൊവ്വ – (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ – (കോട്ടയം) തോട്ടക്കാട് സെന്റ് ജോർജ് പള്ളി
വ്യാഴം – (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി
വെള്ളി – (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ.

**എൻ.ജി.ഒ. കോൺഫെഡറേഷൻ സമ്മേളനം**

എൻ.ജി.ഒ. കോൺഫെഡറേഷന്റെ സംസ്ഥാനതല മൈക്രോക്ലെസ്റ്റർ ഉദ്ഘാടനവും സംസ്ഥാനതലഭാരവാഹികളുടെ സമ്മേളനവും മാർച്ച് 5 ന് എറണാകുളം റ്റി.ഡി.എം. ഹാളിൽ നടന്നു. ആത്മതാകേന്ദ്രം പ്രതിനിധികളായി മൂന്നുപേർ പങ്കെടുത്തു.

**മദ്യവിരുദ്ധ ഞായർ ആചരണം**

മദ്യവിരുദ്ധ ഞായറാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ നിർവഹിച്ചു. ഫൊറോനാവികാരി ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ മുഖ്യസന്ദേശം നൽകി. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അതിരൂപതാ പ്രസിഡന്റ് ജെ.റ്റി. റാംസെ മെതിക്കളം അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ആമുഖപ്രഭാഷണം നടത്തി. അതിരൂപതാ മദ്യവിരുദ്ധസമിതി വൈസ് പ്രസിഡന്റ് ജോസി കല്ലുകളം ലഹരിവിരുദ്ധപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അസിസ്റ്റന്റ് വികാരിമാരായ ഫാ. സേവ്യർ വെട്ടിത്താനം, ഫാ. ജോസഫ് കാമിച്ചേരി, ഫാ. സെബാസ്റ്റ്യൻ മനയത്ത്, അതിരൂപതാ മദ്യവിരുദ്ധസമിതി ഭാരവാഹികളായ തോമസുകുട്ടി മണക്കുന്നേൽ, ടി.എം. മാത്യു, ബേബിച്ചൻ പുത്തൻപറമ്പിൽ, കെ.പി. മാത്യു, റോസമ്മ കാടാശ്ശേരി എന്നിവർ നേതൃത്വംനൽകി.

കേരളസംസ്ഥാന ബാലാവകാശനിയമത്തിൻകീഴിൽ കൗമാരക്കാരുടെ സംരക്ഷണപദ്ധതി രൂപീകരണസമ്മേളനം തിരുവനന്തപുരം അപ്പോളോ ഡിമോറ ഹോട്ടലിൽ നടന്നു. ആത്മതാകേന്ദ്രം പ്രതിനിധിയായി ടി.എം. മാത്യു കുട്ടികളിലെ അഡിക്ഷൻ സംബന്ധിച്ച പ്രവർത്തനപദ്ധതിയവതരിപ്പിച്ചു.

**ലഹരിവിമുക്ത വിശുദ്ധീകരണധ്യാനം**

കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ***ഏപ്രിൽ 07 മുതൽ 12 വരെ*** ലഹരിവിമുക്ത കുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നു. ഏപ്രിൽ 7 വൈകുന്നേരം 5 ന് ആരംഭിച്ച് ഏപ്രിൽ 12 രാവിലെ 10 ന് ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിന് ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റ് എന്നിവരുടെ പ്രത്യേകക്ലാസ്സ്, കൗൺസെലിങ് എന്നിവ ധ്യാനത്തിൽ ലഭ്യമാണ്.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2693413, 2690414, 9495193406

*ശേഷം പേജ് 74 ൽ.....»*

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

**തീർത്ഥാടനം**

ഡി.സി.എം.സ്., ഡി.സി.വി.എസ്., ഡി.സി.വൈ.എൽ. സംയുക്തരൂപതാ കമ്മിറ്റി ഭാരവാഹികൾ ഏപ്രിൽ 24, 25 തീയതികളിൽ തമിഴ്നാട് കന്യാകുമാരി ജില്ലയിലുള്ള വി. ദേവസഹായംപിള്ളയുടെ നാമധേയത്തിലുള്ള പള്ളിയിലേയ്ക്ക് തീർത്ഥാടനം നടത്തി. ഏപ്രിൽ 24 രാത്രി 9 ന് പുറപ്പെട്ട് 25 രാത്രി തിരിച്ചെത്തി.

അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ കെ.എൽ.എം., ദളിത് നാടാർ, കമ്മാളർ കമ്മിറ്റിയുടെ ചെയർമാനായി ഡി.സി.എം.എസ്. അതിരൂപതാ ഡയറക്ടർ ജോൺ വടക്കേകളം അച്ചനെയും കൺവീനർ / സെക്രട്ടറിയായി ഡി.സി.എം.എസ്. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബിനെയും തെരഞ്ഞെടുത്തു.

ഡി.സി.വി.എസ്., ഡി.സി.വൈ.എൽ. രൂപതാകമ്മിറ്റി മീറ്റിങ്, 2024 പ്രവർത്തന പരിപാടികൾ എന്നിവ ആലോചിച്ച് നടപ്പിലാക്കുന്നതിനായി ദളിത് കത്തോലിക്കാ വനിതാസംഘം, ദളിത് കാത്തലിക് യൂത്ത് ലീഗ് രൂപതാഭാരവാഹി മീറ്റിങ് മാർച്ച് 17 രാവിലെ 11 ന് അതിരൂപതാ ഓഫീസിൽകൂടി തീരുമാനങ്ങളെടുത്തു.

**ആദരാഞ്ജലികൾ**

1972–1975 വർഷത്തിൽ സെക്രട്ടറിയും കൃഷി ഓഫീസറുമായിരുന്ന കെ.ജെ. ചാക്കോ നെടുമണ്ണി ഫെബ്രുവരി 27 ന് അന്തരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ഭവനത്തിലെത്തി ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. തുടർന്ന് അതിരൂപതാ ഭാരവാഹികൾ, സെക്രട്ടറി, വൈസ് പ്രസിഡന്റ്, പ്രസിഡന്റ്, ഓഫീസ് സെക്രട്ടറി, സംസ്ഥാനപ്രസിഡന്റ് എന്നിവർ ഭവനത്തിലെത്തി റീത്ത് സമർപ്പിച്ച് അനുശോചനം രേഖപ്പെടുത്തുകയും മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

ഡി.സി.എം.എസ്. പുളിങ്കുന്ന് ഫൊറോനാ കമ്മിറ്റിയംഗവും പുന്നക്കുന്നത്തുശ്ശേരി യൂണിറ്റ് ട്രഷററും അതിരൂപതാ കൗൺസിലംഗവും സജീവപ്രവർത്തകനുമായിരുന്ന ലെനിൻ തോമസ് മുന്നൂറ്റിനാൽപതിൽചിറ ഫെബ്രുവരി 28 ന് അന്തരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഭവനത്തിലെത്തി ഒപ്പീസുചൊല്ലി അനുശോചനമറിയിച്ചു. തുടർന്ന് അതിരൂപതാ ഭാരവാഹികളായ പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ് കമ്മിറ്റിയംഗങ്ങളായ ബെന്നി വർഗീസ്, വി.എൽ. സേവ്യർ, സംസ്ഥാനപ്രസിഡന്റ് എന്നിവർ ഭവനത്തിലെത്തി റീത്ത് സമർപ്പിച്ച് അനുശോചനം രേഖപ്പെടുത്തുകയും മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

സ്നേഹപൂർവം,

| **മാത്യു ജോസഫ്** | **ഡോ. സിജോ ജേക്കബ്** | **ഫാ. ജോൺ വടക്കേകളം** |
|---|---|---|
| *(സെക്രട്ടറി ഇൻ ചാർജ്)* | *(പ്രസിഡന്റ്)* | *(ഡയറക്ടർ)* |

■

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരീസഹോദരന്മാരേ,

മാർച്ച് 9 ന് ചങ്ങനാശ്ശേരി ഫ്രാൻസിസ്കൻ അല്മായസഭ അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ പീഡാനുഭവപദയാത്ര നടത്തി. കുറുമ്പനാടം, എടത്വാ, കുട്ടനാട്, വാഴപ്പള്ളി, സെന്റ് മാർഗരറ്റ് ബേസ് എന്നീ റീജണുകളിൽ നിന്നുമുള്ള സഭാംഗങ്ങൾ എടത്വാ, പച്ച-ചെക്കിടിക്കാട് ലൂർദുമാതാ പള്ളി യിലെത്തിച്ചേർന്നു. രാവിലെ 9 ന് ഇടവകവികാരി ഫാ. ജോസഫ് ചൂളപ്പറമ്പിൽ പദയാത്ര ഉദ്ഘാടനം ചെയ്തു. എടത്വാഫൊറോനാ വികാരി ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ, എസ്.എഫ്.ഒ. അതിരൂപതാ സ്പിരിച്വൽ അസിസ്റ്റന്റ് ഫാ. തോമസ് വെട്ടിയ്ക്കൽ, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമ കരണനടപടികളുടെ പോസ്റ്റുലേറ്റർ ഫാ. ജയിംസ് കുടിലിൽ, എസ്.എഫ്.ഒ. അതിരൂപത-റീജൺ ഭാരവാഹികൾ എന്നിവർ നേതൃത്വംനൽകി. 11.30 ന് പദ യാത്ര സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിലെത്തിച്ചേർന്നപ്പോൾ ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ സ്വീകരിച്ചാശംസകളർപ്പിച്ചു. പുത്തൻപറമ്പിൽ തൊമ്മച്ചൻ കേരളക്കരയിൽ സഭ സ്ഥാപിക്കുന്നതിന് സഹിച്ച ത്യാഗങ്ങളും കഷ്ടപ്പാടുകളും സഭാമക്കളുടെ ഓർമയിൽ സൂക്ഷിക്കണമെന്നും ദൈവദാസൻ തൊമ്മച്ചന്റെ നാമകരണനടപടികൾ പൂർത്തിയാക്കാൻ പ്രാർത്ഥിക്കണമെന്നും ഉദ്ബോധിപ്പിച്ചു.

ഉച്ചയ്ക്ക് 12 ന് ഫാ. ജയിംസ് കുടിലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഫാ. തോമസ് വെട്ടിയ്ക്കൽ സന്ദേശംനൽകി. പീഡാനുഭവപദയാത്രയെന്നാൽ, തുറന്നിടുന്ന വാതിലുകണക്കേ ഈശോയുടെ തിരുഹൃദയത്തിലേയ്ക്ക് ചേർത്തു വയ്ക്കുമ്പോഴാണ് പൂർണമാവുന്നതെന്നും ലോകത്തിനുവേണ്ടി പരിഹാരം ചെയ്യുന്ന സംഘടനയാണ് എസ്.എഫ്.ഒ. എന്നും ഒരഭിഷേകമായി മാറ്റിയാണ് പദയാത്ര നടത്തേണ്ടതെന്നും നമ്മുടെ നൊമ്പരങ്ങളും ആകുലതകളും ബുദ്ധി മുട്ടുകളും ഈശോയുടെ കുരിശിനോടുചേർത്തുവച്ച് പരിശുദ്ധ കുർബാനയുടെ കാഴ്ചവെപ്പുസമയത്ത് സമർപ്പിച്ചുപ്രാർത്ഥിക്കണമെന്നും സ്വന്തം വിശുദ്ധീകരണ ത്തിനും കുടുംബത്തിന്റെയും ലോകത്തിന്റെയും വിശുദ്ധീകരണത്തിനുംവേണ്ടി സഭാമക്കൾ പ്രാർത്ഥിക്കണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു.പരിശുദ്ധ കുർബാ നയ്ക്കുശേഷം കബറിടത്തിങ്കൽ ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ അച്ചന്റെ കാർമികത്വത്തിൽ ഫാ. വർഗീസ് പുത്തൻപുര, ഫാ. സേവ്യർ വെട്ടിത്താനം, ഫാ. തോമസ് വെട്ടിക്കൽ, ഫാ. ജോസഫ് കാമിച്ചേരി, സീറോമലബാർ ഏരിയ സ്പിരിച്വൽ അസിസ്റ്റന്റ് ഫാ. മൈക്കിൾ പറൂശ്ശേരിൽ, ഫാ. സെബാസ്റ്റ്യൻ മനയത്ത് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഒപ്പീസും നാമകരണപ്രാർത്ഥനയും നടത്തി.

തുടർന്ന് നേർച്ചഭക്ഷണവിതരണവും നടന്നു. എസ്.എഫ്.ഒ. അതിരൂപതാ പ്രസിഡന്റ് വി.സി. അലക്സ് വലിയപറമ്പിൽ, റീജൺ പ്രസിഡന്റുമാരായ സാബു

കരിക്കംപള്ളി, പ്രമോദ് ജോസഫ്, രാജു പാലത്തിങ്കൽ, അതിരൂപതാ സെക്രട്ടറി എത്സമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട്, കൈക്കാരന്മാരായ ജോസി മാത്യു, ബിനോയ് മാത്യു, ജോൺ ചാക്കോ എന്നിവർ നേതൃത്വംനൽകി. ഈസ്റ്ററിന്റെ മംഗളങ്ങളും ഐശ്വര്യങ്ങളും ഈശോവഴി ലഭിക്കുന്നതിന് പ്രാർത്ഥിക്കുന്നു.

**സ്വർഗപ്രവേശം**

വാഴപ്പള്ളി റീജൺ കുറിച്ചി സെന്റ് ജോസഫ് ഭ്രാതൃത്വാംഗം സഹോദരി മുള്ളൻകുഴിയിൽ അന്നമ്മ ജോസഫ് നിര്യാതയായി. ആ സഹോദരിക്ക് സ്വർഗ പ്രാപ്തി ലഭിക്കുന്നതിനായി പ്രത്യേകം പ്രാർത്ഥിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്വൽ അസിസ്റ്റന്റ്)*

■

---

» *ആതുരശുശ്രൂഷാമേഖല തുടർച്ച...*

**ലോക കിഡ്നി ദിനാചരണവും വൃക്കരോഗികളുടെ സ്നേഹസംഗമവും**

ലോക കിഡ്നി ദിനാചരണത്തിന്റെ ഭാഗമായി മാർച്ച് 14 ന് ഹോസ്പിറ്റൽ നെഫ്രോളജിവിഭാഗം മേധാവി ഡോ. വിനോദ് ചന്ദ്രൻ, ഹോസ്പിറ്റൽ അസി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഡയാലിസിസ് രോഗികൾ, മെഡിക്കൽ & നോൺ മെഡിക്കൽ സ്റ്റാഫംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ ദിനാചരണം നടത്തി. ആരോഗ്യമുള്ള കിഡ്നിയുണ്ടാകാൻ ഒരാൾ ശരീരത്തിൽ ജലാംശം നിലനിർത്തേണ്ടതുണ്ട്. രക്തം ശുദ്ധീകരിക്കാനും 24 മണിക്കൂറും മൂത്രം സൃഷ്ടിക്കാനും വൃക്കകൾ കഠിനമായി പരിശ്രമിക്കുന്നുവെന്നത് അറിയപ്പെടുന്ന വസ്തുതയാണ്! ഒരു ദിവസം 8 കപ്പ് വെള്ളം മതിയെന്ന് പലരും വിശ്വസിക്കുന്നു. എന്നിരുന്നാലും, ഒരു ദിവസം ആവശ്യമുള്ള വെള്ളത്തിന്റെ അളവ് ഒരാളുടെ ഭാരത്തെയും ഉയരത്തെയും ആശ്രയിച്ചിരിക്കുന്നു. അതിനാൽ വൃക്കകളുടെ ആരോഗ്യത്തെ സഹായിക്കുന്നതിന് ധാരാളം വെള്ളം കുടിക്കാനും പതിവായി വ്യായാമം ചെയ്യാനും സമീകൃതാഹാരം നിലനിർത്താനും ഡോ. വിനോദ് ചന്ദ്രൻ ആഹ്വാനംചെയ്തു.

ലോക കിഡ്നി ദിനാചരണത്തിന്റെ ഭാഗമായി ഹോസ്പിറ്റൽ നെഫ്രോളജി & എസ്.എ.എച്ച്. ഡയാലിസിസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ലോക കിഡ്നി ദിനാചരണവും വൃക്കരോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സ്നേഹസംഗമവും സംഘടിപ്പിച്ചു. സ്നേഹസംഗമത്തിൽ ജോയ് ആലുക്കാസ് ഗ്രൂപ്പിന്റെ സഹകരണത്തോടെ നടപ്പിൽവരുത്തിയ സൗജന്യ ഡൈലൈസർ സെറ്റിന്റെ സൗജന്യ വിതരണവും നിർവഹിച്ചു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

■

# വിൻസെൻഷ്യൻ വേദി

*ആചാരനിഷ്ഠ മതത്തിന്റെ സിരയും ശക്തിയുമാണ്, ഊർജസ്വലമായ ഈ വ്യവസ്ഥയില്ലെങ്കിൽ ഏതൊരു കത്തോലിക്കാസംഘടനയും ബലഹീനമായിരിക്കും* (വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാം).

പ്രിയ വിൻസെഷ്യൻസഹോദരങ്ങളേ,

നമ്മുടെ സൊസൈറ്റി സ്ഥാപിച്ചദിനവും സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ ജന്മദിനവും ആഘോഷിക്കുന്ന ദിവസമാണ് ഏപ്രിൽ 23. അന്നേദിവസം ഗുണകാംഷികൾക്കുവേണ്ടിയുള്ള പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാനുള്ള ഉത്തരവാദിത്തം ഏവരെയും ഓർമിപ്പിക്കുന്നു. ഈ ദിവസം പതാകദിനമായി ആചരിക്കാനും കോൺഫറൻസുകളിൽ പതാക ഉയർത്താനും ശ്രദ്ധിക്കുമല്ലൊ. നമ്മുടെ ആധ്യാത്മിക ഉപദേഷ്ടാക്കളെ ഇക്കാര്യം അറിയിക്കുകയും അവരെ പങ്കെടുപ്പിക്കുകയും ചെയ്യേണ്ടതാണ്. 1813 ഏപ്രിൽ 23 ന് മിലാനിൽ ജനിച്ച ഫ്രെഡറിക് കേവലം 40 വയസ്സ് മാത്രമാണ് ജീവിച്ചത്. 20-ാമത്തെ വയസ്സിൽ അദേഹവും ആറുസുഹൃത്തുക്കളും ചേർന്ന് എളിയതോതിലാരംഭിച്ച സംഘടന ലോകമെങ്ങും പടർന്നുപന്തലിച്ച് ഏറ്റവുംവലിയ അല്മായജീവകാരുണ്യ പ്രസ്ഥാനമായി മാറിയിരിക്കുന്നു. സൃഷ്ടിപരവും ക്രിയാത്മകവുമായ പുതിയ തുടക്കങ്ങൾ നടത്താൻ ഭയപ്പെടരുതെന്ന് ഓസാനാം ആഹ്വാനംചെയ്യുന്നു. കാലാനുസൃതമായ മാറ്റങ്ങൾ പ്രവർത്തനശൈലിയിൽ വരുത്തിക്കൊണ്ട് ശുശ്രൂഷ ആവശ്യമുള്ളവരുടെയിടയിൽ ഇറങ്ങിപ്രവർത്തിക്കുവാൻ സാധിക്കണം.

സെൻട്രൽ കൗൺസിലിന്റെ 70-ാമത് വാർഷികം ***മെയ് 19 ന്*** വെരൂർ സെന്റ് ജോസഫ്സ് പള്ളിയുടെ ഹാളിൽ രാവിലെ 9.30 ന് ആരംഭിക്കും. അതിരൂപതാകേന്ദ്രത്തോട് ഏറ്റവുമടുത്ത് ചങ്ങനാശ്ശേരി - തെങ്ങണ റൂട്ടിൽ സൗകര്യങ്ങളുള്ള സ്ഥലം ലഭിച്ചുവെന്നതിൽ സന്തോഷമുണ്ട്. പുരുഷ-വനിതാ കോൺഫറൻസുകൾ സജീവമായി പ്രവർത്തിക്കുന്ന ഇടവകയിലെ വികാരി ജയിംസ് മാളേക്കൽ അച്ചന്റെ നേതൃത്വത്തിൽ പാരിഷ് കൗൺസിലംഗങ്ങൾ താൽപര്യത്തോടെയും കോൺഫറൻസംഗങ്ങൾ ആവേശത്തോടെയും നമ്മെ സ്വീകരിക്കുവാൻ കാത്തിരിക്കുന്നുവെന്നാണ് അറിയിച്ചിരിക്കുന്നത്. സമ്മേളനം മനോഹരവും വിജയകരവുമാക്കുവാൻ ഏവരുടെയും സാന്നിധ്യമഭ്യർത്ഥിക്കുന്നു.

നമ്മുടെ ആധ്യാത്മിക ഉപദേഷ്ടാവ് ജോസഫ് പനക്കേഴം അച്ചന്റെ താൽപര്യത്തിലും നേതൃത്വത്തിലും ആരംഭിച്ച വിൻസെൻഷ്യൻ & ഓസാനം ചാരിറ്റി കോഴ്സിന്റെ ആദ്യബാച്ച് പരിശീലനം വിജയകരമായി പൂർത്തിയായിരിക്കുകയാണ്. ദേശീയ കൗൺസിലിന്റെ കീഴിൽ ഒരു സെൻട്രൽ കൗൺസിൽ ആദ്യമായി നടത്തുന്ന സംരംഭം എന്നനിലയിൽ ദേശീയതലത്തിൽ ഈ കോഴ്സ് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. കോഴ്സിൽ പങ്കെടുത്തവരുടെ അഭിപ്രായത്തിൽ ''വായന, പഠനം, പ്രാർത്ഥന എന്നിവയിലൂടെ വിൻസെൻഷ്യൻ ചൈതന്യത്തിൽ വളരുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച കോഴ്സിൽ സൊസൈറ്റിയുടെ ചരിത്രം, ഉപവിപ്രവർത്തനങ്ങളുടെ കാതൽ, വി. ഗ്രന്ഥത്തിന്റെയും സഭാപിതാക്കന്മാരുടെയും പ്രബോധനങ്ങളുടെ വെളിച്ചത്തിലുള്ള മാതൃകാപരമായ വിൻസെൻഷ്യൻ

പ്രവർത്തനം, നിയമാവലി, ഓസാനാം ജീവചരിത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രഗത്ഭരായ വ്യക്തികൾ നയിച്ച ക്ലാസ്സുകൾവഴി ഉപവിയുടെ അഗ്നി സഖ്യാംഗങ്ങളിൽ ജ്വലിപ്പിക്കുവാൻ കോഴ്സ് സഹായകരമായി. സംഘടനാ പ്രവർത്തനത്തിന്റെ ആഴവും പരപ്പും മനസ്സിലാക്കി ആഴത്തിൽ വലയെറിയാൻ അംഗങ്ങളെ പ്രാപ്തരാക്കുംവിധം വരുംവർഷങ്ങളിലും ഈ കോഴ്സ് തുടരണമെന്നാഗ്രഹിക്കുന്നു'' (സിബി ചാണ്ടി പൊന്നാരത്ത്, മാമ്മൂട്). ''വിജ്ഞാനപ്രദവും ലളിതവും ആത്മീയവുമായിരുന്ന കോഴ്സിലൂടെ സുവിശേഷവചനങ്ങളിൽ അധിഷ്ഠിതമായ സംഘടനാപ്രവർത്തനങ്ങളെ ആഴത്തിലറിയുവാൻ ഞങ്ങൾക്ക് സാധിച്ചു. നീതിയും പരസ്നേഹവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും ദരിദ്രരോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടുമുള്ള കരുതലിന്റെ പ്രാധാന്യവും ഏറെ മനസ്സിലാക്കുവാൻ സാധിച്ചു. വി. വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും മറ്റു സ്ഥാപകനേതാക്കളുടെയും വീക്ഷണങ്ങളും പ്രവർത്തനശൈലിയും പഠിക്കുവാനും സംഘടനാനിയമാവലിയെപ്പറ്റി കൂടുതലറിയാനും കോഴ്സ് ഏറെ സഹായിച്ചു'' (ത്രേസ്യാമ്മ ചേന്നാട്ട്, വെരൂർ). കോഴ്സ് വിജയകരമായി നടത്തുവാൻ പരിശ്രമിച്ച ജോസഫ് പനക്കേഴം അച്ചൻ, കോഡിനേറ്റർമാരായി പ്രവർത്തിച്ച ബ്രദർ സാജു കൂരോത്തി, ബ്രദർ ആന്റണി മാലിശേരി, സഹായസഹകരണങ്ങൾ നൽകിയ മാർതോമാ വിദ്യാനികേതൻ ഡയറക്ടർ തോമസ് കറുകക്കളം അച്ചൻ, സ്റ്റാഫംഗങ്ങൾ എന്നിവരോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവരെ അഭിനന്ദിക്കുന്നു. പുതിയ ബാച്ചിൽ ചേരാനാഗ്രഹിക്കുന്നവരുടെ ലിസ്റ്റ് ***ഏപ്രിൽ പത്തിനകം*** സെൻട്രൽ കൗൺസിൽ ഓഫീസിലെത്തിക്കുവാൻ ഏരിയ കൗൺസിലുകളോട് അഭ്യർത്ഥിക്കുന്നു.

വാർഷികക്കണക്കുകൾ കൃത്യസമയത്തുതന്നെ എത്തിക്കുവാൻ ഓർമിപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സെൻട്രൽ കൗൺസിൽ പ്രസിഡന്റ്)*

■

---

» ***ആത്മതാകേന്ദ്രം തുടർച്ച...***

## കുട്ടികൾക്കുള്ള ധ്യാനം

കുന്നന്താനം എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ ***ഏപ്രിൽ 14 മുതൽ 18 വരെ*** എട്ട് മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായും ***ഏപ്രിൽ 28 മുതൽ മെയ് 1 വരെ*** 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായും ധ്യാനം നടക്കുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. ധ്യാനത്തിന് വരുന്നവർ ബൈബിൾ, പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. **ബുക്കിങ്ങിന്:** 0469 2693413, 2690414, 9495193406

■

# കരിസ്മാറ്റിക് നവീകരണം

*എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല. എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിന് സാക്ഷ്യം നൽകാൻ കർത്താവായ ഈശോയിൽനിന്ന് ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ* (ശ്ലീഹന്മാരുടെ നടപടി 20:24).

കരിസ്മാറ്റിക് സോണൽ സർവീസ് ടീമിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ട് ഞങ്ങളെ നയിക്കുന്ന ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നു. ജൂബിലി സഹസ്രദിനപ്രാർത്ഥനയുടെ ഭാഗമായി മാമ്മൂട് ലൂർദുമാതാ പള്ളിയിൽ മാർച്ച് 4 രാവിലെ മുതൽ ഒരുമണിവരെ വചനശുശ്രൂഷയും പരിശുദ്ധ കുർബാനയുടെ ആരാധനയും പരിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ലൂയിസ് വെള്ളാനിക്കൽ അച്ചൻ നേതൃത്വം നൽകി. തിരുവല്ല-മുത്തൂർ സെന്റ് ആന്റണീസ് പള്ളിയിലും തോട്ടയ്ക്കാട് സെന്റ് ജോർജ് പള്ളിയിലും പുതിയ പ്രാർത്ഥനാഗ്രൂപ്പുകൾ ആരംഭിച്ചു. വേഴപ്രാ സെന്റ് പോൾസ് പള്ളിയിൽ ആദ്യവെള്ളിയാഴ്ചകളിലെ വചനപ്രഘോഷണം, പരിശുദ്ധ കുർബാനയുടെ ആരാധന, പരിശുദ്ധ കുർബാന എന്നിവയും ചെത്തിപ്പുഴ സബ് സോണിന്റെയും വാഴപ്പള്ളി ഗെത്സേമൻ മധ്യസ്ഥ പ്രാർത്ഥനാഗ്രൂപ്പിന്റെയും നേതൃത്വത്തിലുള്ള വചനശുശ്രൂഷയും പരിശുദ്ധ കുർബാനയുടെ ആരാധനയും എല്ലാമാസവും നടന്നുകൊണ്ടിരിക്കുന്നു. ബ്രദർ തങ്കച്ചൻ ഇടുക്കി വചനശുശ്രൂഷ നയിക്കുന്നു. ക്രിസ്റ്റീൻ മദേഴ്സ് കൂട്ടായ്മയും സജീവമാണ്.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോൺ**

അതിരൂപതാ കരിസ്മാറ്റിക് ദമ്പതീകൺവെൻഷൻ മാർച്ച് 8 ന് പാറേൽ സെന്റ് മേരീസ് പള്ളിയിൽ നടത്തപ്പെട്ടു. രാവിലെ 9 ന് ജപമാലയോടെ ആരംഭിച്ചു. ചങ്ങനാശ്ശേരി കരിസ്മാറ്റിക് സോൺ കോഡിനേറ്റർ മോൻ ചെത്തിമറ്റം സ്വാഗതപ്രസംഗം നടത്തി. അഭി. മാർ ജോർജ് കോച്ചേരിപ്പിതാവിന്റെ നേതൃത്വത്തിൽ 9.30 ന് ഉദ്ഘാടനകർമങ്ങൾ നടന്നു. പിതാവിന്റെ സന്ദേശം വലിയ അനുഭവമായിരുന്നു. ലൂയിസ് അച്ചൻ നന്ദി രേഖപ്പെടുത്തി. മുൻ സെൻട്രൽ ടീം കോഡിനേറ്റർ ഫ്രാൻസിസ് പുല്ലൻ സാർ പ്രയോജനപ്രദമായ ക്ലാസ്സെടുക്കുകയും ദമ്പതികൾ ഒരുമിച്ചുള്ള പ്രാർത്ഥനയുടെ പ്രാധാന്യം മനസ്സിലാക്കിത്തരുകയും ചെയ്തു. തുടർന്ന് സെൻട്രൽ ടീം കോഡിനേറ്റർ ജയിംസ് സാർ ക്ലാസ്സെടുത്തു. അതിൽ, കുടുംബങ്ങൾ എങ്ങനെയായിരിക്കണമെന്ന് ബോധ്യപ്പെടുത്തി. ലൂയിസ് അച്ചൻ സമാപനസന്ദേശം നൽകി. പരിശുദ്ധ കുർബാനയ്ക്കുശേഷം ഉച്ചഭക്ഷണത്തോടെ കൺവെൻഷൻ സമാപിച്ചു. ചങ്ങനാശ്ശേരി സോണിന്റെ കോൺടാക്റ്റ് പേഴ്സൺ ആന്റണി സാർ നന്ദി രേഖപ്പെടുത്തി.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
*(ആനിമേറ്റർ)*

മൽപാൻ ഫാ. മാത്യു വെള്ളാനിക്കൽ



# സഭാജീവിതവും പരിശുദ്ധ കുർബാനയും

(തിരുവചനഭാഗം: 1 കോറിന്തോസ് 11:2-34)

സഭാജീവിതത്തോടും സഭാസമ്മേളനങ്ങളോടും ബന്ധപ്പെട്ട കാര്യങ്ങളാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. ഈ തിരുവചനഭാഗം താഴെക്കാണും വിധം വിഭജിക്കാം.

1. നീണ്ടമുടി സ്ത്രീയ്ക്ക് ഭൂഷണം (11,2-16)
2. സഭാസമ്മേളനങ്ങളിൽ ഭിന്നിപ്പ് (11,17-22)
3. കുർബാനസ്ഥാപനവിവരണം (11,23-26)
4. യോഗ്യതയോടെ കുർബാനയിൽ പങ്കെടുക്കുക (11,27-30)
5. അവസാന ഉപദേശം (11,31-34)

ഈ ലേഖനഭാഗം അജപാലകർക്കും അജഗണങ്ങൾക്കും നൽകുന്ന സന്ദേശങ്ങൾ പഠനവിഷയമാക്കാം.

## 1. നീണ്ടമുടി സ്ത്രീയ്ക്ക് ഭൂഷണം

*''എല്ലാ കാര്യങ്ങളിലും നിങ്ങൾ എന്നെ അനുസ്മരിക്കുന്നതിനാലും ഞാൻ നൽകിയ പാരമ്പര്യം അതേപടി സംരക്ഷിക്കുന്നതിനാലും ഞാൻ നിങ്ങളെ പ്രശംസിക്കുന്നു. പുരുഷന്റെ ശിരസ്സ് മ്ശിഹായും സ്ത്രീയുടെ ശിരസ്സ് ഭർത്താവും മ്ശിഹായുടെ ശിരസ്സ് ദൈവവുമാണെന്ന് നിങ്ങൾ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ശിരസ്സുമൂടിക്കൊണ്ട് പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതൊരു പുരുഷനും തന്റെ ശിരസ്സിനെ അവമാനിക്കുന്നു. ശിരസ്സു മൂടാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതൊരു സ്ത്രീയും തന്റെ ശിരസ്സിനെ അവമാനിക്കുന്നു. അവളുടെ തല മുണ്ഡനം ചെയ്യുന്നതിന് തുല്യമാണത്. സ്ത്രീ ശിരോവസ്ത്രം ഉപയോഗിക്കുന്നില്ലെങ്കിൽ മുടി മുറിച്ചു കളയട്ടെ. മുടി മുറിക്കുന്നതും തല ക്ഷൗരം ചെയ്യുന്നതും അവൾക്ക് ലജ്ജാകരമെങ്കിൽ ശിരോവസ്ത്രം ധരിക്കട്ടെ''* (11, 2-6).

കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ വളരെയധികം ചർച്ചാവിഷയമായിട്ടുള്ള വചനഭാഗമാണിത്. ക്രിസ്ത്യാനികളാകുന്നത് മ്ശിഹായിൽ എല്ലാവരും തുല്യരാകുന്നതാണെന്ന് വ്യക്തമായി പഠിപ്പിക്കുന്ന ശ്ലീഹാ (ഗലാ. 3,28),

സ്ത്രീയ്ക്ക് എന്തെങ്കിലും സ്ഥാനക്കുറവ് കൽപിക്കുന്നതായി കണക്കാക്കാനാവില്ല. ഇക്കാരണത്താൽ 11, 2-16 വാക്യങ്ങൾ ആർക്കും മേൽക്കോയ്മയോ അടിമത്തമോ നിർദേശിക്കുന്ന വചനഭാഗമല്ല. കോറിന്തോസുകാർ എഴുതിച്ചോദിച്ച കാര്യങ്ങളിൽ ഒന്നായിരിക്കാമിത്. അവർ തന്റെ പഠനങ്ങളിലും താൻ നൽകിയ പാരമ്പര്യങ്ങളിലും ഉറച്ചുനിൽക്കുന്നതിനാൽ അവരെ അഭിനന്ദിച്ചുകൊണ്ടാണ് ഈ വിഷയം ചർച്ചചെയ്യുന്നത്. കോറിന്തോസിലെ പുരുഷന്മാരിൽ ചിലർ പുതിയനിലപാടുകളുമായി വന്നതിന്റെ വെളിച്ചത്തിൽ പൗലോസ് അതിന്റെ വിവിധവശങ്ങൾ പരിഗണിച്ചശേഷം വ്യക്തമായ ഉത്തരം നൽകുകയാണ്.

തങ്ങൾക്കുലഭിച്ച പുതിയസ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിൽ ചില സ്ത്രീകൾ പുരുഷന്മാരെപ്പോലെ മുടിമുറിച്ച് പൊതുസ്ഥലങ്ങളിൽ, വിശേഷിച്ച് പ്രാർത്ഥനാവേദികളിൽ പ്രത്യക്ഷപ്പെടുകയും വേഷത്തിലും പുരുഷന്മാരെ അനുകരിക്കാൻ ശ്രമിക്കുകയും അതുവഴി സമ്മേളനത്തിലെ മുഖ്യസ്ഥാനങ്ങൾ അവകാശപ്പെടുകയും ചെയ്തിരിക്കാം. ഈ പശ്ചാത്തലത്തിൽ സ്ത്രീകൾ പരമ്പരാഗത ശൈലി ഉപേക്ഷിച്ച് മറ്റു വേഷവിധാനങ്ങളിലേയ്ക്കുപോകാൻ സ്വാതന്ത്ര്യം കാണിക്കുന്ന സാഹചര്യത്തിൽ, സ്ത്രീയ്ക്ക് പ്രകൃതിതന്നെ നിശ്ചയിച്ചിരിക്കുന്ന രൂപഭാവങ്ങൾ തുടരാൻ ശ്ലീഹാ ഉപദേശിക്കുന്നു. എങ്കിലും വസ്ത്രധാരണത്തെയും കേശാലങ്കാരത്തെയും മറ്റും സംബന്ധിച്ച കാര്യങ്ങളിൽ അവർക്കുതന്നെ യുക്തമായത് തെരഞ്ഞെടുക്കാൻ അധികാരമുണ്ടെന്ന നിലപാടും ശ്ലീഹാ വ്യക്തമാക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ന്യായമായ സമ്പ്രദായങ്ങൾക്ക് യോജിച്ചവിധത്തിൽ തങ്ങളുടെ ജീവിതശൈലി ക്രമീകരിക്കുവാൻ അജപാലകർ അജഗണങ്ങളെ സഹായിക്കണം.

### 2. സഭാസമ്മേളനങ്ങളിൽ ഭിന്നിപ്പ്

*''ഇനി പറയാൻപോകുന്ന കാര്യങ്ങളിൽ ഞാൻ നിങ്ങളെ പ്രശംസിക്കുന്നില്ല. എന്തെന്നാൽ, നിങ്ങളുടെ സമ്മേളനങ്ങൾ ഗുണത്തിനുപകരം ദോഷമാണ് ചെയ്യുന്നത്. ഒന്നാമത്, നിങ്ങൾ സഭയായി സമ്മേളിക്കുമ്പോൾ നിങ്ങളുടെയിടയിൽ ഭിന്നിപ്പുകളുണ്ടെന്ന് ഞാൻ കേൾക്കുന്നു. അത് ഭാഗികമായി ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. നിങ്ങളിൽ യോഗ്യരെ തിരിച്ചറിയാൻ ഭിന്നിപ്പുകളുണ്ടാവുകയെന്നതും ആവശ്യമാണ്. നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ കർത്താവിന്റെ അത്താഴമല്ല നിങ്ങൾ ഭക്ഷിക്കുന്നത്. കാരണം ഓരോരുത്തരും നേരത്തേതന്നെ സ്വന്തം ഭക്ഷണം കഴിക്കുന്നു. തത്ഫലമായി ഒരുവൻ വിശന്നും അപരൻ കുടിച്ച് ഉന്മത്തനായും ഇരിക്കുന്നു. എന്ത്! തിന്നാനും കുടിക്കാനും നിങ്ങൾക്ക് വീടുകളില്ലേ? അതോ, നിങ്ങൾ ദൈവത്തിന്റെ സഭയെ അവഗണിക്കുകയും ഒന്നുമില്ലാത്തവനെ അവഹേളിക്കുകയും ചെയ്യുന്നുവോ? നിങ്ങളോട് ഞാൻ എന്താണ് പറയേണ്ടത്? ഇക്കാര്യത്തിൽ നിങ്ങളെ പ്രശംസിക്കണമോ? ഇല്ല; ഞാൻ പ്രശംസിക്കുകയില്ല''* (11, 17-22).

സഭ സമ്മേളിക്കുമ്പോൾ അവർക്കിടയിൽ ഭിന്നിപ്പുകളുണ്ടാകുന്നുണ്ടെന്നുള്ള വാർത്ത പൗലോസിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ വാക്കുകൾ മനസ്സിലാക്കേണ്ടത്. ആദിമസഭയിൽ സഭാസമൂഹങ്ങൾ അത്താഴവിരുന്നിനായി സമ്പന്നരുടെ വീടുകളിലാണ് ഒരുമിച്ചുകൂടിയിരുന്നത് (നട. 2,46). ഈ വിരുന്നിനോടുചേർന്നാണ് അപ്പംമുറിക്കലും നടത്തിയിരുന്നത്. കർത്താവ് അന്ത്യത്താഴത്തിൽ പറഞ്ഞതും ചെയ്തതുമായകാര്യങ്ങൾ അനുസ്മരിച്ചുകൊണ്ടും ആവർത്തിച്ചുകൊണ്ടുമാണ് ഈ 'കുർബാനയർപ്പണം' നടത്തിയിരുന്നത്. ഇത്തരത്തിൽ വിരുന്നിനെത്തുമ്പോൾ ഓരോരുത്തരും ഭക്ഷണപാനീയങ്ങൾ കൊണ്ടുവരികയാണ് പതിവ്. മറ്റുള്ളവരുമായി അതുപങ്കുവയ്ക്കുന്നത് സമൂഹത്തിന്റെ കൂട്ടായ്മയുടെ പ്രതീകമായിരുന്നു. കോറിന്തോസിൽ സാമൂഹിക ജീവിതത്തിന്റെ ഭാഗമായി ഇത്തരം വിരുന്നുകൾ പതിവായിരുന്നു. ഈ ശൈലിയായിരിക്കണം സഭാസമൂഹത്തിലുമുണ്ടായിരുന്നത്.

കോറിന്തോസിലെ സഭാംഗങ്ങളിൽ സമ്പന്നരായിരുന്നവർ ഇത്തരം സ്നേഹവിരുന്നുകൾക്കെത്തുമ്പോൾ ധാരാളം ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നിരുന്നു. പാവപ്പെട്ടവർ ഇത്തരത്തിൽ കൊണ്ടുവരാൻ കഴിയാത്തവരായിരുന്നു. ഓരോരുത്തരും വരുന്നതും വീട്ടിൽ സ്ഥാനംപിടിക്കുന്നതും അസമത്വങ്ങൾ ഉണ്ടാക്കി. സമ്പന്നർ നേരത്തെയെത്തുകയും വീട്ടിലെ ഭക്ഷണസ്ഥലങ്ങളിൽ ഒരുമിച്ചുകൂടുകയും ചെയ്യുമ്പോൾ, പാവപ്പെട്ടവർക്ക് തങ്ങളുടെ ജോലിക്കുശേഷമാണ് വരാൻ സാധിച്ചിരുന്നത്. അവരെത്തുമ്പോഴേയ്ക്കും വീടിനുള്ളിൽ സ്ഥലമുണ്ടാകണമെന്നില്ല. വിരുന്ന് തുടങ്ങിക്കഴിഞ്ഞിരിക്കുകയും ചെയ്യും. ആദ്യംവന്നവർ ഭക്ഷിച്ചും കുടിച്ചും സംതൃപ്തരായി കഴിഞ്ഞിരിക്കാം. അവസാനമെത്തിയ സാധുക്കൾക്ക് ആവശ്യമായത് ഉണ്ടാകണമെന്നുമില്ല. അവരുടെ ഇത്തരത്തിലുള്ള ഭക്ഷണം കർത്താവിന്റെ അത്താഴമേയല്ലായെന്ന് പൗലോസ് വ്യക്തമാക്കുന്നു. സഭാകൂട്ടായ്മയെ അവഗണിച്ചുകൊണ്ട് കുർബാനയർപ്പിക്കുന്നതിന്റെ അപാകത അജപാലർ ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കണം.

**3. കുർബാനസ്ഥാപനവിവരണം**

*''കർത്താവിൽനിന്ന് എനിക്കുലഭിച്ചതും ഞാൻ നിങ്ങളെ ഭരമേൽപിച്ചതുമായ കാര്യം ഇതാണ്: കർത്താവായ ഈശോ, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞതയർപ്പിച്ചതിനുശേഷം, അത് മുറിച്ചുകൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമയ്ക്കായി നിങ്ങൾ ഇതുചെയ്യുവിൻ. അപ്രകാരംതന്നെ, അത്താഴത്തിനുശേഷം പാനപാത്രമെടുത്ത് അരുളിച്ചെയ്തു: ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്; നിങ്ങൾ ഇതുപാനംചെയ്യുമ്പോഴെല്ലാം എന്റെ ഓർമയ്ക്കായി ചെയ്യുവിൻ. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്ന് പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്''* (11, 23-26).

പരിശുദ്ധ കുർബാനയുടെ സ്ഥാപനത്തെപ്പറ്റിയുള്ള ഏറ്റവും ആദ്യത്തെ വിവരണമാണിത്. ഈശോയുടെ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ രേഖയും ഇതാണ്. ഈശോയുടെ ഈലോകജീവിതത്തിലെ സംഭവങ്ങളെക്കുറിച്ച് പൗലോസ് രേഖപ്പെടുത്തുന്ന അപൂർവം വിവരണങ്ങളിലൊന്നുമാണിത്. ''കർത്താവിൽനിന്ന് എനിക്ക് ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേൽപിച്ചതുമായ കാര്യം'' (11,23) എന്ന ആമുഖത്തോടെയാണ് പൗലോസ് ഈ വിവരണം നൽകുന്നത്. സഭയുടെ പാരമ്പര്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് രണ്ടു ഘടകങ്ങളാണ്. ശ്ലീഹന്മാർക്ക് ലഭിച്ചതും സഭയെ ചുമതലപ്പെടുത്തി ഏല്പിക്കപ്പെട്ടതുമായ കാര്യമാണ് പാരമ്പര്യം. അന്ത്യത്താഴം ശ്ലീഹന്മാരോടൊത്ത് ഈശോ നടത്തിയതാണ്. ഇത് സഭാജീവിതത്തിന്റെ ഭാഗമായിരുന്നു. വിശ്വാസം സ്വീകരിച്ചപ്പോൾ പൗലോസ്ശ്ലീഹായും സ്വാഭാവികമായി ഇതിൽ പങ്കുചേരുകയും ചെയ്തിട്ടുണ്ട്. അതിനാൽ അന്ത്യത്താഴവിവരണം സഭയുടെ വിശ്വാസ പാരമ്പര്യത്തിൽ നിന്നുതന്നെയാവണം ശ്ലീഹായ്ക്കുലഭിച്ചത്.

കോറിന്തോസുകാർ പരിശുദ്ധ കുർബാനയർപ്പണത്തെ ഈശോയുടെ മരണോത്ഥാനത്തിന്റെ അനുസ്മരണമായിവേണം സ്വീകരിക്കാൻ. ഈ അനുസ്മരണം സഭാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ പ്രതിഫലിക്കുകയുംവേണം. ഈശോയുടെ മരണം മനുഷ്യകുലത്തിനുവേണ്ടിയുള്ള സമ്പൂർണസമർപ്പണമാണ്; സ്വയംദാനമാണ്. ഈശോയുടെ മരണം അനുസ്മരിക്കുന്ന കർത്താവിന്റെ അത്താഴം സ്വന്തം കാര്യം നോക്കുന്ന വിരുന്നായി തരംതാഴാനാവില്ല. സ്വയം നൽകുന്ന ബലിയാണത്. ഈശോയുടെ മരണം പ്രഖ്യാപിക്കൽ, ഈശോയിൽ സർവരും ദൈവത്തോട് അനുരഞ്ജനപ്പെട്ടിരിക്കുന്നുവെന്നതും അതിനാൽ എല്ലാവരും ദൈവത്തിന്റെ മക്കളും പരസ്പരം സഹോദരീസഹോദരന്മാരുമാണ് എന്നതിന്റെയും പ്രഖ്യാപനവുമാണ്. പരിശുദ്ധ കുർബാനയർപ്പണത്തിന്റെ ഈ സ്വഭാവം അജപാലകർ അജഗണങ്ങൾക്ക് മനസ്സിലാക്കികൊടുക്കണം.

### 4. യോഗ്യതയോടെ കുർബാനയിൽ പങ്കെടുക്കുക

*''തന്മൂലം, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്ന് പാനംചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റുചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധനചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്ന് പാനംചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും. നിങ്ങളിൽ പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണമിതാണ്''* (11, 27-30).

കോറിന്തോസ്സഭയിലെ പരിശുദ്ധ കുർബാനയർപ്പണം ഓർമയാചരണമോ, ഉടമ്പടി നവീകരണമോ പ്രഖ്യാപനമോ ഇല്ലാത്ത കേവലം ഒത്തുചേരലും

ഭക്ഷണവുമായി അധഃപതിച്ചു. തത്ഫലമായി ഇതരരോടുള്ള പരിഗണനയും അവർക്കായി, വിശേഷിച്ച് ദരിദ്രർക്കായുള്ള കാത്തിരിപ്പും പങ്കുവയ്ക്കലും ഇല്ലാതാവുകയും സഭയിൽ തിരിച്ചുവ്യത്യാസങ്ങളും ഭിന്നിപ്പുകളും ശക്തിപ്പെടുകയും ചെയ്തു. തന്മൂലം അയോഗ്യതയോടെയാണ് അവർ കർത്താവിന്റെ അത്താഴം ഭക്ഷിക്കുന്നത്. അയോഗ്യമായ ഇത്തരം പരിശുദ്ധ കുർബാനയർപ്പണത്തിന്റെ ഭവിഷ്യത്തുകൾ ഗൗരവതരമാണ്.

മ്ശിഹായും ക്രിസ്ത്യാനികളും തമ്മിൽ ഏകശരീരമെന്ന ഐക്യം നിലനിൽക്കുന്നതിനാൽ മറ്റു വിശ്വാസികളെ, നമ്മുടെ സഹോദരരായി പരിഗണിക്കാത്തവിധത്തിൽ കർത്താവിന്റെ അത്താഴത്തിൽ പങ്കുചേർന്നാൽ, അത് കർത്താവിന്റെ ശരീരത്തോടും രക്തത്തോടും ആദരവ് കാണിക്കാതിരിക്കലാണ്. ഇപ്രകാരം പെരുമാറുന്നവരെ ദൈവം വിധിക്കും. ''പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണമിതാണ്'' (11,30) എന്ന് പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നു. ആത്മീയവും സാമൂഹികവും വൈകാരികവും ശാരീരികവും സാംസ്കാരികവുമായ കാര്യങ്ങളെല്ലാം ഒരാളുടെ ജീവിതത്തിൽ സമഗ്രമായി സമന്വയിപ്പിച്ചിരിക്കുന്നുവെന്നത് ആധുനിക ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ ഊന്നിപ്പറയുന്ന കാര്യമാണ്. അതുകൊണ്ട് ക്രിസ്തീയ സമൂഹം വളരുന്നതും തളരുന്നതും പരിശുദ്ധ കുർബാനയിലുള്ള പങ്കുചേരലിനോടുബന്ധപ്പെട്ടാണ്. ഇക്കാര്യത്തിൽ അജഗണങ്ങളെ അജപാലകർ ബോധവത്കരിക്കണം.

**5. അവസാന ഉപദേശം**

*''നാം നമ്മെത്തന്നെ ശരിയായി വിധിച്ചിരുന്നെങ്കിൽ നാം വിധിക്കപ്പെടുകയില്ലായിരുന്നു. എന്നാൽ, കർത്താവ് നമ്മെ വിധിക്കുകയും ശിക്ഷണ വിധേയരാക്കുകയും ചെയ്യുന്നു. അത് ലോകത്തോടൊപ്പം നമ്മൾ ശിക്ഷിക്കപ്പെടാതിരിക്കാൻ വേണ്ടിയാണ്. എന്റെ സഹോദരരേ, നിങ്ങൾ ഭക്ഷണം കഴിക്കാൻ സമ്മേളിക്കുമ്പോൾ അന്യോന്യം കാത്തിരിക്കുവിൻ. വിശപ്പുള്ളവൻ വീട്ടിലിരുന്ന് ഭക്ഷിച്ചുകൊള്ളട്ടെ. അല്ലെങ്കിൽ നിങ്ങളുടെ സമ്മേളനം ശിക്ഷാവിധിക്കേ ഉപകരിക്കുകയുള്ളൂ. ഇനിയുള്ള കാര്യങ്ങൾ ഞാൻ വരുമ്പോൾ ക്രമപ്പെടുത്തിക്കൊള്ളാം''* (11, 31-34).

ശാരീരികമായ രോഗങ്ങളും വേദനകളും സഭാശരീരത്തിലെ വിവിധ അംഗങ്ങളുടെ വിവേചമില്ലായ്മയാൽ ഉണ്ടാകുന്നതാണെന്നത് ക്രിസ്തീയസഹനത്തിന്റെ അർത്ഥത്തിലേയ്ക്ക് വെളിച്ചംവീശുന്നുണ്ട്. ക്രൈസ്തവന്റെ സഹനം ഈശോയുടെ സഹനത്തോടുചേർന്നുള്ള സഹനമാണ്. സഭാശരീരത്തിലെ ചിലരുടെ തെറ്റുകൾ, ചില അവയവങ്ങളുടെ പിഴവുകൾ, മറ്റ് അവയവങ്ങൾക്ക് സഹനകാരണമാകുന്നുവെന്ന് കണക്കാക്കാവുന്നതാണ്. അതുപോലെതന്നെ ചില അംഗങ്ങളുടെ രോഗങ്ങൾ, കർത്താവ് സഭാശരീരത്തിന്റെ മുഴുവന്റെയും രക്ഷയ്ക്കായി അവർക്ക് നൽകുന്നതാണ്. ഈശോ ലോകത്തിന്റെ മുഴുവൻ


രക്ഷയ്ക്കായി സഹിച്ചതുപോലെ, ദൈവം തെരഞ്ഞെടുക്കുന്ന ചില വ്യക്തികളും ഈ വിധത്തിൽ സഹിക്കാനിടവരുന്നു. സഭയുടെ മോചനത്തിനും രക്ഷയ്ക്കും ഈശോയോടൊത്ത് യാഗബലിയായിത്തീരുകയാണ് ഇത്തരം സഹനങ്ങളിലൂടെ. ''കർത്താവ് നമ്മെ ശിക്ഷണവിധേയരാക്കുന്നു'' എന്ന വാക്യം ഈ സൂചന നൽകുന്നുണ്ട് (11,32).

കോറിന്തോസിലെ സഭ പരിശുദ്ധ കുർബാനയിൽ – കർത്താവിന്റെ അത്താഴത്തിൽ– പങ്കുചേരുമ്പോൾ സ്വീകരിക്കേണ്ട പ്രായോഗികനിലപാട് നിർദേശിച്ചുകൊണ്ടാണ് പൗലോസ്ശ്ലീഹാ ഈ ഉപദേശം അവസാനിപ്പിക്കുന്നത് (11,33 –34). അത്താഴവിരുന്നിനുവരുമ്പോൾ അന്യോന്യം കാത്തിരിക്കുക. വിശപ്പിനും ആഘോഷത്തിനുമുള്ളതല്ല കർത്താവിന്റെ അത്താഴം. അത് കർത്താവിന്റെ മരണോത്ഥാനങ്ങൾ പ്രഖ്യാപിക്കുന്ന, മറ്റുള്ളവരോടുള്ള കൂട്ടായ്മയനുഭവിക്കുന്ന ആത്മസമർപ്പണത്തിന്റെ വിരുന്നാണ്. അത് കുരിശിലെ ബലിയുടെ ഓർമയാചരണമാണ്. കുർബാനയർപ്പണത്തോടുബന്ധപ്പെട്ട ഇപ്രകാരമുള്ള പ്രായോഗികവശങ്ങളെക്കുറിച്ച് അജപാലകർ അജഗണങ്ങളെ ബോധവത്കരിക്കണം.

## ജീവിതസൂചിക

1. സഭയുടെയും സമൂഹത്തിന്റെയും ന്യായമായ ക്രമീകരണങ്ങളോട് സഹകരിക്കുവാൻ ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
2. സഭാകൂട്ടായ്മയെ ഊട്ടിയുറപ്പിക്കത്തക്കവിധം പരിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
3. പരിശുദ്ധ കുർബാനയർപ്പണം സഭാകുടുംബത്തിന്റെ ആഘോഷമാക്കിത്തീർക്കാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. സഭാസമൂഹത്തെ വളർത്തുന്നവിധം പരിശുദ്ധ കുർബാനയർപ്പിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. പരിശുദ്ധ കുർബാനയർപ്പണത്തോടുബന്ധപ്പെട്ട ക്രിസ്തീയജീവിതത്തിന്റെ പ്രായോഗികവശങ്ങളെക്കുറിച്ച് ഞാൻ ജനങ്ങളെ ബോധവത്കരിക്കുന്നുണ്ടോ?

■



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഫെബ്രുവരി**

21 കുറിച്ചി കറുകപ്പറമ്പിൽ ബഹു. ചെറിയാൻ അച്ചന്റെ മാതാവ് ബ്രിജീത്താമ്മ ജോർജിന്റെ മൃതസംസ്കാരത്തിന് ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

22 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽനിന്നും ഈ വർഷം വിരമിക്കുന്ന അദ്ധ്യാപകരുടെയും ഓഫീസ് സ്റ്റാഫിന്റെയും യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു. തിരുവല്ലയിൽ തെയഡോഷ്യസ് മാർതോമാ മെത്രാപ്പോലീത്തയുടെ ജന്മദിനാഘോഷത്തിൽ പങ്കെടുത്ത് ജന്മദിനാശംസകൾ നേർന്നു.

23 ചങ്ങനാശ്ശേരി സെന്റ് വിൻസെന്റ് പുവർ ഹോമിൽ സി. ആനി ജോർജ് എഫ്.സി.സി.യുടെ മാതാവ് ത്രേസ്യാമ്മ ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പായിപ്പാട്-നാലുകോടി സി.എം.സി. സെന്റ് ജോസഫ്സ് കാർമലൈറ്റ് കോൺവെന്റിൽ സി. ലില്ലി ജോസ് സി.എം.സി. യുടെ മൃതസംസ്കാരകാരത്തിന് പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

ഉച്ചയ്ക്കുശേഷം ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽനിന്നും ഈ വർഷം വിരമിക്കുന്ന അദ്ധ്യാപകരുടെയും ഓഫീസ് സ്റ്റാഫിന്റെയും യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു. ആലപ്പുഴ മൗണ്ട് കാർമൽ കത്തീഡ്രൽപള്ളിയിൽ ആലപ്പുഴ കാത്തലിക് കൺവെൻഷൻ ഉദ്ഘാടനംചെയ്തു സംസാരിച്ചു.

24 ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നടത്തപ്പെട്ട ചാസ്സ് കുടുംബസംഗമത്തിൽ പങ്കെടുത്തുസംസാരിച്ചു. പൂഞ്ഞാറിൽ വൈദികനെതിരെ നടന്ന അക്രമത്തിൽ അനുശോചനം രേഖപ്പെടുത്തി. ചങ്ങനാശ്ശേരി അരമനപ്പടിയിൽ അതിരൂപതാ ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പ്രതിഷേധജ്വാല ഉദ്ഘാടനംചെയ്തു സംസാരിച്ചു. പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാപ്പള്ളി സന്ദർശിച്ച് ബഹു. വികാരിയച്ചനോട് സംസാരിച്ചു. പൂഞ്ഞാറിൽ അക്രമത്തിനിരയായ ആറ്റുചാലിൽ ബഹു. ജോസഫ് അച്ചനെ പാലാ ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽചെന്ന് സന്ദർശിച്ച് അദ്ദേഹത്തോട് സംസാരിച്ചു.

25 പാണ്ടങ്കരി സെന്റ് പയസ് ടെൻത് പള്ളിയിൽ അജപാലനസന്ദർശനം നടത്തി. ളായിക്കാട് സെന്റ് ജോസഫ്സ് പള്ളിയിൽ മാതൃ-പിതൃവേദി

സംഘടനകളുടെ രജതജൂബിലിയാഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനംചെയ്ത് സംസാരിച്ചു.

26–28 അതിരൂപതാ കൂരിയ അംഗങ്ങളുമൊത്ത് ഗോവയിലെ മ്യൂസിയങ്ങളും തീർത്ഥാടനകേന്ദ്രങ്ങളും സന്ദർശിച്ചു.

**മാർച്ച്**

01 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ ബർക്മൻസ് അവാർഡുദാനം നിർവഹിച്ചു.

ഉച്ചയ്ക്കുശേഷം അതിരൂപതാകേന്ദ്രത്തിൽ ആലപ്പുഴ തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിന്റെ ബോർഡുമീറ്റിങ്ങിൽ പങ്കെടുത്തു.

02 രാജമറ്റം കയ്യാലപ്പറമ്പിൽ കെ.യു. സ്കറിയ, പൊടിപ്പാറ എരുമച്ചാടത്ത് കെ.സി. തോമസ് എന്നിവരുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ പുളിങ്കുന്ന് ഫൊറോനാ കൗൺസിൽ ഉദ്ഘാടനംചെയ്ത് സംസാരിച്ചു. നെടുമുടിയിൽ പുതുതായി പ്രവർത്തനമാരംഭിച്ച ജെ. & ജെ. ഡെന്റ് കെയർ ക്ലിനിക് വെഞ്ചരിച്ചു.

03 കുന്നന്താനം സെന്റ് ജോസഫ്സ് പള്ളിയിൽ അജപാലനസന്ദർശനം നടത്തി. റീജൻസിബ്രദേഴ്സുമൊത്ത് പീരുമേട് ലവീഞ്ഞ് വില്ല എസ്റ്റേറ്റ് സന്ദർശിച്ചു.

04 പീരുമേട് ലവീഞ്ഞ് വില്ല എസ്റ്റേറ്റിൽ റീജൻസിബ്രദേഴ്സിന് വർത്തമാനപ്പുസ്തകത്തെക്കുറിച്ച് ക്ലാസ്സെടുത്തു

05 റീജൻസിബ്രദേഴ്സിനോടൊപ്പം അതിരൂപതാകേന്ദ്രത്തിൽ തിരിച്ചെത്തി.

ഉച്ചയ്ക്കുശേഷം അതിരൂപതാകേന്ദ്രത്തിൽ ബഹു. വൈദികരുടെ തുടർപരിശീലനത്തിൽ ക്ലാസ്സെടുത്തു. ചങ്ങനാശ്ശേരി ചാസ്സിന്റെ ഓഫീസിൽ സംരംഭകർക്കുള്ള വായ്പാവിതരണം നിർവഹിച്ചു.

06 ഉച്ചയ്ക്കുശേഷം ഏറ്റുമാനൂരിൽ അർച്ചനഫെസ്റ്റിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ്, അസംപ്ഷൻ കോളേജുകളിലെ വൈദികരുമായുള്ള മീറ്റിങ്ങിൽ പങ്കെടുത്തു.

07 ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശ്ശേരി എസ്.ഡി. സെന്റ് ജോസഫ് പ്രൊവിൻഷ്യൽഹൗസിൽ സി. ലിയോ കളപ്പുരയ്ക്കൽ എസ്.ഡി. യുടെ മൃതസംസ്കാരത്തിന് സമാപനശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട പാസ്റ്ററൽ കൗൺസിലംഗങ്ങളുടെ ക്യാമ്പ് ഉദ്ഘാടനംചെയ്ത് സംസാരിച്ചു.

08 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ പാസ്റ്ററൽ കൗൺസിലംഗങ്ങളുടെ ക്യാമ്പിൽ പങ്കെടുത്തു.

09 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശ്ശേരി കുരിശുമ്മൂട് സെന്റ് ജോസഫ്സ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിൽ ഗ്രാജുവേഷൻ സെറിമണിയിൽ പങ്കെടുത്തു.

ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിന്റെ കാവുകാട്ട്ഹാളിൽ ചാസ്സിന്റെ ആഭിമുഖ്യത്തിൽ നടന്ന വനിതാദിനാഘോഷത്തിൽ പങ്കെടുത്തു സംസാരിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ അജപാലനസന്ദർശനത്തോടനുബന്ധിച്ച് റംശാപ്രാർത്ഥന ചൊല്ലുകയും ഇടവകയിലെ രോഗികളെ അവരുടെ ഭവനങ്ങളിൽചെന്ന് സന്ദർശിക്കുകയും ചെയ്തു.

10 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം ദീപിക ദിനപ്പത്രത്തിന്റെ അപ്പെക്സ് ബോർഡ് ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

11 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമനന്റ് സിനഡംഗങ്ങളുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

12 പാലാ സി.എം.ഐ. സന്യാസഭവനത്തിൽ ചീരാംകുഴി ബഹു. മാത്യു അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചയ്ക്കുശേഷം അതിരൂപതാകേന്ദ്രത്തിൽ ബഹു. വൈദികരുടെ തുടർ പരിശീലനത്തിൽ ക്ലാസ്സെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

13 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ സീനിയർ സിറ്റിസൺസിനുള്ള ധ്യാനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ ട്രസ്റ്റ് അംഗങ്ങളുടെ മീറ്റിങ്ങിൽ പങ്കെടുത്തു. സീറോമലങ്കര തിരുവല്ല അതിരൂപതയുടെ പാസ്റ്ററൽ സെന്ററിൽ നടന്ന റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

14 സീറോമലങ്കര തിരുവല്ല അതിരൂപതയുടെ പാസ്റ്ററൽ സെന്ററിൽ നടന്ന റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

15 പാറേൽ സെന്റ് മേരീസ് തീർത്ഥാടനകേന്ദ്രത്തിലേയ്ക്ക് ചങ്ങനാശ്ശേരി, കുറുമ്പനാടം, തുരുത്തി ഫൊറോനകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സ്ലീവാപ്പാതയുടെ സമാപനത്തിൽ സന്ദേശം നൽകി.

16 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട പ്രവാസി അപ്പോസ്തലേറ്റ് ഫൊറോനാ ഡയറക്ടേഴ്സ് മീറ്റിങ്ങിലും ഫൊറോനാ ഡയറക്ടേഴ്സും പാസ്റ്ററൽ കൗൺസിലിലെ പ്രവാസി അപ്പോസ്തലേറ്റിന്റെ ചുമതലയുള്ള

അംഗങ്ങളുമായുള്ള മീറ്റിങ്ങിലും പങ്കെടുത്തു.

ചമ്പക്കുളം മാർത്ത് മറിയം ബസിലിക്കയിൽ മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി നടത്തപ്പെട്ട മാർ ജോസഫ് പവ്വത്തിൽ അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു.

17 മാവേലിക്കര സെന്റ് അൽഫോൻസ പള്ളിയിൽ അജപാലനസന്ദർശനം നടത്തി.

കൂത്രപ്പള്ളി മാണിക്യപുരം ജോസി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശ്ശേരി കുരിശുമ്മൂട് സെന്റ് ജോസഫ്സ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷന്റെ വാർഷികാഘോഷ സമ്മേളനത്തിൽ അദ്ധ്യക്ഷപദമലങ്കരിച്ച് സംസാരിച്ചു. വെരൂർ സെന്റ് ജോസഫ്സ് പള്ളിയിൽ പുല്ലുകാട്ട് ബഹു. ആന്റണി അച്ചന്റെ സഹോദരൻ ദേവസ്യ പി. സേവ്യറിന്റെ മൃതസംസ്കാരത്തിന് പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

■

## മാർ തോമസ് തറയിൽ

**ഫെബ്രുവരി**

20-22 ഓസ്ട്രേലിയയിലെ ഇപ്സ്വിച്ച് ആവേ മരിയ സീറോമലബാർ ഇടവകയിൽ ധ്യാനം നയിച്ചു.

23-25 ഓസ്ട്രേലിയയിലെ ബ്രിസ്ബെയ്ൻ നോർത്ത് സെന്റ് അൽഫോൻസ സീറോമലബാർ ഇടവകയിൽ ധ്യാനം നയിച്ചു.

28-29 ഓസ്ട്രേലിയയിലെ കബുൾച്ചർ സെന്റ് ജോസഫ് സീറോമലബാർ മിഷനിൽ ധ്യാനം നയിച്ചു.

29 ഓസ്ട്രേലിയയിലെ സൺഷൈൻ കോസ്റ്റിലെ ഗ്രിഫിത്ത് യൂണിവേഴ്സിറ്റി ക്യാമ്പസ് സന്ദർശിച്ച് ഹെൽത്ത് സയൻസ് ഡിപ്പാർട്ടുമെന്റ് മേധാവികളോട് സംസാരിച്ചു.

**മാർച്ച്**

01-03 ഓസ്ട്രേലിയയിലെ സൺഷൈൻ കോസ്റ്റിലെ സെന്റ് മേരീസ് മിഷനിൽ ധ്യാനം നയിച്ചു.

04 ഓസ്ട്രേലിയയിലെ റ്റുംബായിൽ എം.സി.ബി.എസ്. സന്യാസസഭാംഗം അരിക്കുഴി ബഹു. തോമസ് അച്ചനെ സന്ദർശിക്കുകയും ഇടവകക്കൂട്ടായ്മയിൽ പങ്കെടുക്കുകയും ചെയ്തു.

06 ഓസ്ട്രേലിയയിലെ സ്പ്രിങ്ഫീൽഡിൽ ടൊറെൻസ് യൂണിവേഴ്സിറ്റി ചാൻസിലർ ഡോ. ജിം വർഗീസിനെ സന്ദർശിച്ചു.

08–10 ഓസ്ട്രേലിയയിലെ ബ്രിസ്ബെയ്ൻ സൗത്ത് സെന്റ് തോമസ് ദ അപ്പോസൽ ഇടവകയിൽ ധ്യാനം നയിച്ചു.

12–14 ഓസ്ട്രേലിയയിലെ സ്പ്രിങ്ഫീൽഡ് സെന്റ് ജോസഫ് ഇടവകയിൽ ധ്യാനം നയിച്ചു.

14 ഓസ്ട്രേലിയയിലെ ബ്രിസ്ബെയ്ൻ ആർച്ചുബിഷപ് മോസ്റ്റ് റവ. മാർക്ക് കോൾറിഡ്ജിനെ സന്ദർശിച്ചു.

15–16 ഓസ്ട്രേലിയയിലെ ഡിസ്നി പരാമത്ത സെന്റ് അൽഫോൻസ മിഷനിൽ ധ്യാനം നയിച്ചു.

18 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽപ്പിതാവിനോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു

19 ചമ്പക്കുളം-കല്ലൂർക്കാട് മാർത്ത് മറിയം ബസിലിക്കയിൽ തിരുനാൾ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. നെടുങ്കുന്നത്തുള്ള സീനിയർ സിറ്റിസൺസ് വില്ലേജിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചു. എരുമേലി അസംപ്ഷൻ ഫൊറോനാ ഇടവകയിൽ അഭി. മാർ മാത്യു അറയ്ക്കൽ പിതാവിന്റെ സഹോദരൻ അറയ്ക്കൽ മത്തായിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

20–21 ഇടുക്കി ചെങ്കുളം സെന്റ് ആവില ഒ.സി.ഡി. ആശ്രമത്തിൽ സെമിനാരി പ്രൊഫസർമാർക്കായി ട്രെയിനിങ് പ്രോഗ്രാം നടത്തി. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിന്റെ രജതജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

22 കഴിഞ്ഞവർഷം മരണംമൂലം വേർപിരിഞ്ഞ അതിരൂപതാംഗങ്ങളായ വൈദികർ, സമർപ്പിതർ എന്നിവർക്കുവേണ്ടി ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അർപ്പിക്കപ്പെട്ട പരിശുദ്ധ കുർബാനയിൽ പങ്കുചേർന്നു. പാലാ മുട്ടുചിറ റൂഹാദ്ക്കുദ്ശാ ഫൊറോനാപ്പള്ളിയിൽ നടത്തിയ സ്ലീവാപ്പാതയുടെ സമാപനത്തിൽ സന്ദേശം നൽകി.

■



# ENGAGEMENTS

## APRIL 2024

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | | Engaged |
| 02 | 09:30 am | *Presbyterium* @ St. Mary's Metropolitan Church, Changanacherry |
| 03 | 06:30 am | Holy *Qurbana* @ St. Joseph's Priest Home, Ithithanam |
| | 09:00 am | *Curia* |
| 04 | 06:30 am | Holy *Qurbana* - Vocation Camp @ St. Thomas Minor Seminary, Kurichy |
| | 11:00 am | Marriage @ Marth Mariam Forane Church, Thuruthy |
| | 06:30 pm | Home Day Celebrations @ Mar Thoma Sleeha Centre, Niranam |
| 05 | 09:00 am | *Curia* |
| | 04:30 pm | Blessing - Chapel @ St. Antony's Chapel, Kizhakke Chennamkary-Kavalam |
| 06 | 09:30 am | Holy *Qurbana* - Jubilee @ CMC Convent, Pallikoottumma |
| | 03:00 pm | Consecration @ St. John's Church, Thekkekara |
| 07 | 07:00 am | Pastoral Visit @ Our Lady of Assumption Church, Eravinalloor |
| | 12:00 noon | Betrothal @ Lourdes Forane Church, Kottayam |
| 08 | 11:00 am | Consecration - Chapel @ FCC Convent, Kaduvakkulam |
| | 06:30 pm | Meeting with Brothers @ Mar Thoma Sleeha Centre, Niranam |
| 09 | 11:00 am | Meeting @ XIME International School, Ettumanoor-Pallikkunnu |
| 10 | 09:00 am | *Curia* |
| | 03:00 pm | Meeting - 25th Jubilee of *Jagrathasamithy* @ Sandesanilayam, Changanacherry |
| 11 | 10:00 am | Convocation @ John Paul II Institute - CANA, Thuruthy |
| | 05:00 pm | *Kodiyettu* & Holy *Qurbana* @ Mar Sleeva Church, Ponga |
| 12 | 09:00 am | *Curia* |
| | 05:30 pm | Holy *Qurbana* @ St. Rita's Church, Thakazhy-Thennady |
| 13 | 06:15 am | Baptism @ Mar Sleeva Church, Purakkadu |

| | | |
|---|---|---|
| | 11:00 am | Holy *Qurbana* - Jubilee @ SH Generalate, Manganam |
| | 05:00 pm | Meeting - Archeparchial Bible Convention Volunteers @ St. Mary's Metropolitan Church, Changanacherry |
| 14 | 09:30 am | Message - AKCC Meeting @ St. Mary's Metropolitan Church, Changanacherry |
| | 04:00 pm | Bible Convention @ Aryankavu |
| 15 | 10:00 am | Meeting - CRI @ Amala Theological College, Parel |
| 16 | 10:30 am | Final Profession - Rev. Sisters & Holy *Qurbana* @ SH St. Matthews Provincial House, Parel |
| 17 | 09:00 am | *Curia* |
| 18 | 09:30 am | Ordination - Dn. Peter Kosakuzhikunnumpuram @ St. Thomas Church, Punnathura |
| | 12:00 noon | Marriage @ St. Joseph's Church, Veroor |
| 19 | 09:00 am | *Curia* |
| 20 | 08:30 am | Sacraments of Initiation @ Deivamatha Church, Pampady |
| | 02:30 pm | Gathering - Holy Family Fraternity @ Sandesanilayam, Changanacherry |
| 21 | 07:00 am | Pastoral Visit @ St. Joseph's Church, Padaharam |
| | 05:00 pm | Inauguration - Work Camp @ Karuvallikkadu |
| 22 | 06:30 am | Holy *Qurbana* @ St. Mary’s Church, Nirmalapuram |
| 23 | 10:00 am | Meeting - College Principals @ Archbishop House, Changanacherry |
| 24 | 09:00 am | *Curia* |
| 25 | 10:30 am | Golden Jubilee @ SABS Convent, Vazhappally |
| | 04:00 pm | Betrothal @ Immaculate Heart Church, Kaithavana |
| 26-30 | | Etawah Mission |

**FR. SECRETARY - 9447507393**



**Mar Thomas Tharayil**
Auxiliary Bishop of Changanacherry

# ENGAGEMENTS

## APRIL 2024

| | | |
|---|---|---|
| 01 | 09:00 am | Inauguration - Eleos Rehabilitation Centre @ Kattakkada |
| 02 | 06:00 am | Holy *Qurbana* @ Paippadu-Nalukody, St. Thomas Church |
| | 09:00 am | *Presbyterium* @ Changanacherry, St. Mary's Metropolitan Church |
| | 06:00 pm | Talk @ Thodupuzha, Divine Mercy Shrine |
| 03 - 04 | | Environment Seminar @ Palarivattom, POC |
| 05 | | National Mental Health Conference @ Bengaluru |
| 06 | 09:00 am | Priestly Ordination @ Nedumanny, Fathima Matha Church |
| 07 | 11:00 am | Jubilee Concluding Ceremony @ Thekkekara, St. John's Church |
| | 03:00 pm | *Samudaya Shaktheekaranam* @ Puthenangady, St. George Church |
| 08 | 06:30 am | Baptism @ Kondackal, St. Joseph's Church |
| | 12:00 noon | 7th Anniversary - *Annadanam* @ Changanacherry Government Hospital |
| | 02:30-04:00 pm | Visitors |
| 09 | 10:00 am | Holy *Qurbana* @ Pallikkunnu, St. Thomas Church |
| | 06:30 pm | Niranam, Mar Thoma Sleeha Seminary |
| 10 | 05:00 pm | Holy *Qurbana* @ Karumady, St. Nicholas Church |
| 11 | 05:00 pm | Holy *Qurbana* @ Thekkekara, St. John's Church |
| 12 | 04:30 pm | Holy *Qurbana* @ Vettithuruth, St. Antony's Church |
| 13 | 07:00 am | Baptism @ Paippadu-Nalukody, St. Thomas Church |
| | 06:00 pm | *Ramsa* @ Thakazhy-Thennady, St. Rita's Church |
| 14 - 21 | | FABC Training Program @ Bangkok |
| 22 | 10:30 am | Holy *Qurbana* @ Parel, SH St. Matthews Provincial House |
| | 02:30-04:00 pm | Visitors |
| 23 | | Engaged |
| 24 | 04:30 pm | Betrothal @ Changanacherry, St. Mary's Metropolitan Church |
| 25 | | Class @ Kakkanadu, Mount St. Thomas |

| | | |
|---|---|---|
| 26 | | Engaged |
| 27 | 06:00 am | Baptism @ Veroor, St. Joseph's Church |
| | 10:00 am | Pastoral Council @ Changanacherry, Archbishop House |
| | 07:00 pm | Talk @ Kottayam, SH Generalate |
| 28 | 07:30 am | Holy *Qurbana* @ Mayam, St. Mary's Church |
| | 04.30 pm | Holy *Qurbana* @ Vavode, Sacred Heart Church |
| 29 | 12:00 noon | Betrothal @ Veliyanadu North, St. Gregory's Church |
| | 02:30-04:00 pm | Visitors |
| 30 | 06:45 am | Holy *Qurbana* @ Thottackad, St. George Church |
| | 05:00 pm | Holy *Qurbana* @ Veroor, St. Joseph Church |

**FR. SECRETARY - 8078088468**

## ഐക്കൺ വിവരണം
(കവർ ബാക്ക്)

# ക്രൈസ്റ്റ് ദ കോൺകെറർ ഐക്കൺ

ഇതൊരു ഗ്രീക്ക് ഓർത്തഡോക്സ് ഐക്കണാണ്. മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ ഈശോമ്ശിഹാ തന്റെ മുറിവുകൾ ശിഷ്യനായ തോമാശ്ലീഹായെ കാണിക്കുന്നു. അപ്പോൾ, *എന്റെ കർത്താവും എന്റെ ദൈവവും* എന്ന് ശ്ലീഹാ ഏറ്റുപറയുന്നു. യോഹന്നാൻ 20:28 ൽ നാമിത് വായിക്കുന്നു. ഈശോയുടെ ശിരസ്സിന്റെ ഇരുവശങ്ങളിൽ 'IC XC NI KA' എന്ന ക്രിസ്റ്റോഗ്രാം എഴുതിയിരിക്കുന്നു. ക്രിസ്റ്റോഗ്രാം എന്നത് ഒരു മോണോഗ്രാം അല്ലെങ്കിൽ അക്ഷരങ്ങളുടെ സംയോജനമാണ്. അത് ഈശോമ്ശിഹായുടെ പേരിന്റെ ചുരുക്കരൂപമാണ്. ക്രൈസ്തവസഭകളിൽ ഇതൊരു മതചിഹ്നമായി ഉപയോഗിക്കുന്നു.

"Iησούς Χριστός Νικά" എന്ന ഗ്രീക്കുപദങ്ങളുടെ പരമ്പരാഗതമായ ചുരുക്കെഴുത്താണ് ഈ ക്രിസ്റ്റോഗ്രാം. 'ഈശോമ്ശിഹാ ജയിക്കുന്നു' എന്ന് ഇതിനെ വിവർത്തനം ചെയ്യുന്നു. അതായത്, ഈശോമ്ശിഹാ മരണത്തെ കീഴടക്കിയിരിക്കുന്നു. ജീസസ് ക്രൈസ്റ്റ് എന്നതിന്റെ ഗ്രീക്ക് ഹ്രസ്വരൂപമാണ് IC, XC (Iησούς Χριστός). ഈസ്റ്റേൺ ഓർത്തഡോക്സ് സഭകളിലും ക്രിസ്ത്യൻ ഐക്കണോഗ്രഫിയിലും പ്രതീകാത്മകമായി IC XC NI KA എന്ന ക്രിസ്റ്റോഗ്രാം ഉപയോഗിക്കുന്നുണ്ട്.

# മാർ ജോസഫ് പവ്വത്തിൽ ഒന്നാം ചരമവാർഷികം - അനുസ്മരണ സിംപോസിയവും പരിശുദ്ധ കുർബാനയും

(18 മാർച്ച് 2024)


































**VEDAPRACHARA MADHYASTAN VOL.96 No.10 2024 APRIL**
Date of Publication: 03-04-2024
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




*(ഓനീസാ ദക്ക്ദ്ം, റംശാ, ഉയിർപ്പുകാലം രണ്ടാം ഞായർ)*

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org